ASYA

TURGENEV

O142:3M8:15 32K2

0142:3M18:15
32K2

MUL
288570

# അശയ

135

(Malayalam)

Asya

Novel

**TURGENEV**

Translated by

E. K. DIVAKARAN POTTI

First Published January 1956

Reprinted November 1962

Printed at

INDIA PRESS, KOTTAYAM

Price Re. 1.00

Rights Reserved

Published by the Translator

Distributors:

NATIONAL BOOKSTALL

**Kottayam Kerala State India**

# അ ശ യ

ടർജ്ജനീവ്

വിവർത്തനം

ഇ. കെ. ദിവാകരൻ പോററി

UNIVERSITY LIBRARY
12 FEB 1975
MADRAS

വിതരണം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 1.00

University Grants Commission

## ദിവാകരൻ പോററിയുടെ

## കൃതികൾ

പ്രഥമാഞ്ജലി
വിജയരംഗം
ബലിപീഠത്തിൽ
നാളത്തെ പ്രഭാതം
പ്രേമപഞ്ചമി
വഞ്ചന
കഴുമരം
പ്രേമവേദി
അന്നയും കാറലും
ഗോദാനം
വോൾഗാ മുതൽ ഗംഗാവരെ
പാർട്ടികോമ്റേഡ്
വരദാനം
സേവാസദനം
ഭ്രാന്തൻ
കൊലമരത്തിൽനിന്നുള്ള കുറിപ്പുകൾ
പ്രേമാശ്രമം
മണ്ണടിഞ്ഞ മംഗല്യം
നാരി
കരാപ്പുശാല
കായാകല്പം
കർമ്മഭൂമി

288570
0142:3M18:15
32K2

D21/62-63 2—1000

UNIVERSITY LIBRARY
12 FEB 1975
MADRAS

# 1

വളരെക്കാലം മുമ്പാണ്. അന്നെനിക്ക് ഇരുപ ത്തഞ്ചു വയസ്സു പ്രായമായിരുന്നു. സ്വാതന്ത്ര്യമായപ്പോൾ ഞാൻ വീട്ടിൽനിന്നു പുറത്തിറങ്ങി; അക്കാലത്തെ പതി വനുസരിച്ചു വിദ്യാഭ്യാസം പൂർത്തിയാക്കാനല്ല, ദൈവത്തി ന്റെ സൃഷ്ടിവൈഭവം കാണുവാൻ. ഞാൻ ആരോഗ്യമുള്ള ചെറുപ്പക്കാരനായിരുന്നു. യൗവനത്തിന്റെ പുതിയ പുതി യ തിരമാലകൾ മനസ്സിൽ അലച്ചുപൊങ്ങിയിരുന്നു. പ ണത്തിനു് എന്റെ പക്കൽ കുറവുണ്ടായിരുന്നില്ല. ആപ ത്തുകൾ അതുവരെ എന്നെ തീണ്ടിയിട്ടുണ്ടായിരുന്നില്ല. ഞാൻ സ്വച്ഛന്ദമായി ജീവിതം കഴിച്ചിരുന്നു. മനസ്സിൽ തോന്നിയതു പ്രവർത്തിക്കും. നല്ല സംതൃപ്തിയോടെ ജീവി ച്ചിരുന്നെന്നു സാരം. അക്കാലത്തു് ഈ വിചാരം ഒരിക്ക ലും എന്നിലുണ്ടായില്ല; മനുഷ്യനു മരത്തെപ്പോലെ സു ദീർഘകാലത്തേക്കു പുഷ്പിക്കാനും ഫലിക്കാനും സാദ്ധ്യമ ല്ലെന്നു്. മധുരപലഹാരങ്ങൾ ഇഷ്ടംപോലെ തിന്നുതിമ ത്തുകൊണ്ടു ദിവസം കഴിച്ചതിനുശേഷം, ഒരുനേരത്തെ യാഹാരത്തിനു് ഒരുകഷണം റൊട്ടിപോലും കിട്ടാതെ തെരുവുതോറും തെണ്ടിത്തിരിയേണ്ട കാലം വരാറുണ്ടു്. പക്ഷേ, ഈ കാര്യങ്ങൾ പറയുന്നതിന്റെയാവശ്യമെന്തു്?

എന്റെ യാത്ര ലക്ഷ്യമില്ലാത്തതായിരുന്നു. മനംപി ടിക്കുന്നിടത്തു താമസിക്കും. പുതിയ പുതിയ മുഖങ്ങൾ—

അതെ, മനുഷ്യമുഖങ്ങൾ തന്നെ—കാണുവാനുള്ള മോഹം മൂദ്ധന്യത്തിലെത്തുമ്പോൾ പിന്നെ അവിടുന്നു പുറപ്പെട്ടും. പലതരക്കാരായ മനുഷ്യരെ കാണുമ്പോൾ എനിക്കു നല്ല മനഃപ്രസാദമുണ്ടാകാറുണ്ടു്. പ്രസിദ്ധങ്ങളായ സ്മാരകങ്ങളോ, സംഗ്രഹശാലകളോ കാണുമ്പോൾ എനിക്കു പനി വരും. പ്രകൃതിക്കു് എൻെറമേൽ നല്ല പിടിപാടുണ്ടു്. പക്ഷേ, അഴകാന്നതെന്നു് പറയുന്ന ഈ ഉയന്ന പവ്വതങ്ങളും, പാറകളും, പൂഞ്ചോലകളും എനിക്കു കൗതുകം നല്കിയില്ല. എനിക്കു് പ്രകൃതിയെ പിടിച്ചാലിംഗനം ചെയ്വാൻ താല്പയ്യം തോന്നിയില്ല. എനിക്കു് അതിൻെറ പിന്നാലെ ഭ്രാന്തുപിടിച്ചോടാൻ ആഗ്രഹം തോന്നിയില്ല. എന്നാൽ മനുഷ്യർ, ജീവനും ചൈതന്യവുമുള്ള മനുഷ്യവദനങ്ങൾ, മനുഷ്യരുടെ സംഭാഷണങ്ങൾ, അവരുടെ ഹാവഭാവങ്ങൾ, അവരുടെ ഹാസപരിഹാസങ്ങൾ—ഇവയുടെ അഭാവത്തിൽ എനിക്കു നിമിഷനേരംപോലും ജീവിക്കുക സാദ്ധ്യമായിരുന്നില്ല. തിക്കിലും തിരക്കിലും എനിക്കൊരാനന്ദമാണു്.

മററുള്ളവർ പോകുന്നിടത്തു പോകാനും, മററുള്ളവർ കൂക്കിവിളിക്കുന്നിടത്തു കൂക്കിവിളിക്കാനും എനിക്കു പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരാനന്ദമായിരുന്നു. ഒപ്പം തന്നെ അവരുടെ കൂക്കിവിളിസമ്പ്രദായം ശ്രദ്ധിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നു. പലവിധമാളുകളെ നിരീക്ഷണം ചെയ്യുവാൻ എനിക്കു കൗതുകമായിരുന്നു. നിരീക്ഷിക്കുക മാത്രമല്ല, അതൃപ്തവും ആനന്ദപൂണ്ണവുമായ കുതുകത്തോടെ പരീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നെയും വിഷയം മാറിപ്പോകുന്നു.

ശരി, ഇന്നേക്കു് ഇരുപതുകൊല്ലം മുമ്പു് ഞാൻ ജമ്മനിയിലെ സ— എന്നു പേരുള്ള നഗരത്തിൽ താമസിച്ചി

രുന്നു. റൈനിൻെറ ഇടത്തുവശത്താണ് ഈ നഗരം. ഞാൻ സമാധാനാന്വേഷിയായിരുന്നു. ആയിടയ്ക്കുതന്നെ ഞാൻ ഒരു വിധവയായ യുവതിയുടെ നയനബാണങ്ങൾക്കിരയായിക്കഴിഞ്ഞിരുന്നു. ഈ യുവതി ഒരു ചോലയുടെ വക്കത്തുവച്ചാണ് എന്നെക്കണ്ടെത്തു്. നല്ല സുന്ദരിയും സമത്ഥയുമാണ്. ആരോടും തമാശപറഞ്ഞു കൂട്ടും. ഈ സാധുവിനെയും പിടികൂടി! ആദ്യമൊക്കെ എന്നെ ആശിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്തിരുന്നു. പക്ഷേ, അവസാനം ബവേറിയക്കാരനായ ഒരു ചെറുപ്പക്കാരനുദ്യോഗസ്ഥനുവേണ്ടി എന്നോടു സലാംപറഞ്ഞു് എൻെറ ഹൃദയത്തെ മുറിപ്പെടുത്തിക്കൊണ്ടു കടന്നുപോയി. ഒരുകായ്യം ഞാൻ നിശ്ചയമായും സമ്മതിക്കും; എൻെറ ഹൃദയത്തിലെ മുറിവിനു് അധികം ആഴമുണ്ടായിരുന്നില്ല. എന്നാലും ഞാൻ കുറച്ചുകാലത്തേക്കു വിരഹത്തിൻെറയും വിജനതയുടെയും മടിയിൽ കഴിച്ചുകൂട്ടുന്നതു് ആവശ്യമായിക്കരുതി. ചെറുപ്പക്കാർ മനോവിനോദത്തിനുവേണ്ടി എന്താണു ചെയ്യാത്തതു്? അതുകൊണ്ടു ഞാൻ ആ നഗരത്തിൽത്തന്നെ താവളമടിച്ചു.

രണ്ടുയൻന്ന കുന്നുകളുടെ ഇടയിലായിക്കിടന്നിരുന്ന ഈ നഗരത്തിലെ ഇടിഞ്ഞുപൊളിഞ്ഞ ഭിത്തികളും, ഗോപുരങ്ങളും, റൈനിലേക്കൊഴുകിവീഴുന്ന ഒരു സ്വച്ഛനിമ്മലമായ പോഷകനദിയും, വിശേഷപ്പെട്ട രുചിയേറിയ മദിരയും എൻെറ മനസ്സിനെ ആകർഷിച്ചെടുത്തു. സന്ധ്യാസമയത്തു്, സൂയ്യാസ്തമനത്തിനുശേഷം, വളരെയധികം ചെറുപ്പക്കാരികളും മോഹനകേശികളുമായ ജമ്മൻ സുന്ദരിമാർ പുറത്തു വീഥികളിൽ നടക്കാനിറങ്ങിയിരുന്നു. അവർ വഴിയിൽ ഏതെങ്കിലും വിദേശിയെക്കാണുമ്പോൾ, മധുരകോമളസ്വരത്തിൽ അഭിവാദനം ചെയ്തി

രുന്നു. ചന്ദ്രൻ പഴയ വീടുകളുടെ മേല്പുരമ്പു മുകളിലൂടെ എത്തിനോക്കാൻ തുടങ്ങുന്നതുവരെ, ആ ധവളകിരണങ്ങളിൽ വഴിയിലെ കല്ലുകൾ വ്യക്തമായി കാണാറാകുന്നതുവരെ, വളരെയധികംപേരും മടങ്ങിപ്പോകാറില്ല. എനിക്ക് ആ സമയത്തു തെരുവുകളിൽ ചുററിത്തിരിയുന്നതു രസകരമായിത്തോന്നി. കാരണം, ചന്ദ്രൻ ആ നിർമ്മലാകാശത്തിൽ നിന്നുകൊണ്ടു നഗരദേവതയെ സ്ഥിരദൃഷ്ടികളാൽ നോക്കുന്നതായും, നഗരഭംഗി ആ ധവളചന്ദ്രികയിൽ കുളിച്ചു സന്തോഷത്തിലും സമാധാനത്തിലും മുഴുകി മതിമറന്നുപോകുന്നതായും തോന്നിയിരുന്നു. പള്ളിയുടെ ഉയന്ന ഭാഗത്തു വച്ചിരിക്കുന്ന ദിശാസൂചിയന്ത്രം മങ്ങിയ സ്വർണ്ണംപോലെ പ്രകാശിച്ചിരുന്നു. ആ സ്വർണ്ണപ്രഭ കറുത്തു വെട്ടിത്തിളങ്ങുന്ന ജലപ്രവാഹത്തിൽ തിരതല്ലിക്കൊണ്ടിരുന്നു. സ്ലേററുകല്ലുകൊണ്ടുള്ള മേല്പുരകൾക്കു താഴെ ഇടുങ്ങിയ ജനലുകൾക്കിടയിലൂടെ നേരിയ മെഴുകുതിരിയുടെ നേർത്ത നാളങ്ങൾ കാണാമായിരുന്നു. മുന്തിരിവള്ളികൾ ഒരു വിചിത്രമായ രീതിയിൽ കൽച്ചുമരുകളിന്മേൽ കോമളപല്ലവങ്ങൾ പടത്തിവച്ചിരുന്നു. ഇതിനിടയിൽ പഴയ സരിതയുടെയടുത്തു് അങ്ങാടിയിലെ നാല്ക്കവലയിലൂടെ ഒരു സാധനം പാഞ്ഞുപോകുന്നു. പെട്ടെന്നു് ഉറക്കം തൂങ്ങുന്ന കാവൽക്കാരന്റെ ശബ്ദം എന്റെ കണ്ണുകളിൽ പതിക്കുന്നു. ഏതോ നന്ദിയുള്ള നായ് നേരിയ സ്വരത്തിൽ മുരളാൻ തുടങ്ങുന്നു. ഒരു കുളിരിളംകാററു് എന്റെ കവിൾത്തടങ്ങളെ ഉരസിക്കൊണ്ടു പോകുന്നു. നാരകപ്പൂവിന്റെ മണം അത്രമാത്രം മധുരമുള്ളതായിത്തീരുന്നു. എന്റെ മാറിടം സ്വയം ദീർഘമായി ശ്വാസം വലിക്കാൻ തുടങ്ങുന്നു.

സ— റൈനിൽനിന്നു് ഏതാണ്ടു രണ്ടുനാഴിക ദൂര

ത്താണ്. ഞാൻ പലപ്പോഴും ഈ വിശാലമായ നദിയെ സന്ദർശിക്കാൻ പോകാറുണ്ട്. അവിടെച്ചെന്ന് ഒരുയൻ വിജനസ്ഥലത്തു മരത്തിൻെറ ചുവട്ടിൽ ഒരു പാറപ്പുറത്തു വളരെനേരം ആ നിഷ്ഠുരയായ വിധവയുടെ കാൎയ്യം സ്മരിച്ചുകൊണ്ടിരിക്കും. അവളെയോക്കുമ്പോൾ എനിക്കല്പം മനഃപ്രയാസമുണ്ടാകാറുണ്ട്. മുൻവശത്തു മഡോണായുടെ മ്ലാനവദനമായ ഒരു കൊച്ചുവിഗ്രഹം മരക്കൊമ്പുകൾക്കിടയിലൂടെ എത്തിനോക്കാറുണ്ട്. നദിയുടെ മറുവശത്തു ല— നഗരം സ്ഥിതിചെയ്യുന്നു. ഇതു സ—യേക്കാൾ കുറച്ചു വലിയതാണ്. ഒരുദിവസം സന്ധ്യയ്ക്കു ഞാൻ എന്റെ പ്രിയപ്പെട്ട സ്ഥാനത്തിരുന്നു നദിയിലേക്കും മാനത്തേക്കും മുന്തിരിത്തോട്ടങ്ങളിലേക്കും മാറിമാറി നോക്കുകയായിരുന്നു. എൻെറ മുമ്പിൽത്തന്നെ ഒരുകൂട്ടം കുട്ടികൾ കരയ്ക്കു വലിച്ചു കമഴ്ത്തിയിട്ടിരുന്ന ഒരു കൊച്ചു തോണിയിൽ കയറുന്നതു കണ്ടു. അല്പംചില തോണികൾ പായ് വിടർത്തി മുമ്പുതന്നെ പുറപ്പെട്ടിരുന്നു. നദിയിലെ പച്ചത്തിരമാലകൾ ക്ഷോഭിക്കാതെ മുന്നോട്ടു നീങ്ങിയിരുന്നു. പെട്ടെന്ന് എൻെറ കൎണ്ണരന്ധ്രങ്ങളിൽ ഒരു സംഗീതധ്വനി വന്നലച്ചു. ഞാൻ ശ്രദ്ധിച്ചു കേൾക്കാൻതുടങ്ങി. ല—യിൽ ഗാനത്തോടുകൂടിയ ബാലനൃത്തം* തുടങ്ങിയിരിക്കയാണ്. വീണാനാദം അപസ്വരമാകുന്നുണ്ട്. പക്ഷേ, വേണുസ്വനം പഞ്ചമത്തിൽത്തന്നെയാണ്.

ഞാൻ ഒരാളോടു ചോദിച്ചു: "എന്താണിതു ചേട്ടാ?"

അയാൾ പുകക്കുഴൽ വായുടെ ഒരററത്തുനിന്നു മറ്റേ അററത്തേക്കു മാററിക്കൊണ്ടു പറഞ്ഞു: "അതോ? വ— നഗരത്തിൽനിന്നു കുറെ വിദ്യാൎത്ഥികൾ ഉത്സവാഘോഷത്തിനു വന്നിരിക്കയാണ്."

---

* ജൎമ്മനിയിലെ ദേശീയനൃത്തം.

ഞാൻ വിചാരിച്ചു: 'ഈയുത്സവം എനിക്കുമൊന്നു കണ്ടാലെന്താ? പിന്നെ ഇതുവരെ ഞാൻ ല—നഗരത്തിൽ പോയിട്ടുമില്ല.'

അതിനാൽ ഞാൻ ഒരു തോണിയിൽ കയറി മറുകരയിലെത്തി.

## 2

ഒരു സത്രത്തോടനുബന്ധിച്ച പൂന്തോട്ടത്തിൽ വളരെയധികം വിദ്യാത്ഥികൾ ഒന്നിച്ചുകൂടി ഉത്സവം ഘോഷിക്കയായിരുന്നു. സത്രവും പൂന്തോട്ടവും കൊടികളാലലങ്കരിച്ചിട്ടുണ്ട്. വിദ്യാത്ഥികൾ നാരകച്ചെടികളുടെ ചുവട്ടിൽ മേശപ്പുറത്തിരിക്കയാണ്. ഒരു മേശയ്ക്കു താഴെ ഒരു വലിയ നായ് കിടപ്പുണ്ട്. ഒരുവശത്തു മുന്തിരിവള്ളികൾകൊണ്ടു മൂടിയ ഒരു ലതാഗൃഹത്തിൽ ഒട്ടുവളരെ ഗായകന്മാർ മത്സരിച്ചു പാടിക്കൊണ്ടിരിക്കുന്നു. ഇടയ്ക്കിടയ്ക്കു മദിരകൊണ്ടു കണ്ഠശുദ്ധി വരുത്തുന്നുണ്ട്. പൂന്തോട്ടത്തിന്റെ ചുററുമതിലിനു പുറത്തു വഴിയിൽ ഒരു വമ്പിച്ച ജനക്കൂട്ടമുണ്ട്. ആ നഗരത്തിലെ രസികന്മാർ ഈ നവാഗതരായ വിദ്യാത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിൽ കുറവു വരുത്തുന്നില്ല. ഞാൻ കാഴ്ചക്കാരുടെ കൂട്ടത്തിൽ ചെന്നു കൂടി. വിദ്യാത്ഥികളുടെ മുഖങ്ങൾ നോക്കിക്കാണുവാൻ എനിക്കൊരാനന്ദമുണ്ടായി. അവരുടെ ആ പരസ്പരാലിംഗനം, ആ ആലിംഗനത്തിന്റെ നിഷ്കന്മഷമായ രസികത, അവരുടെ അനുരാഗമാന്ന ദൃഷ്ടികൾ, അവരുടെ ഹാവഭാവങ്ങൾ, അവരുടെ ആമോദപ്രമോദങ്ങൾ, അവരുടെ നിമ്മല മന്ദഹാസം—ലോകത്തിൽ സവ്വോപരി

യായ പുഞ്ചിരി, യൗവനത്തിൻെറ മാദകതനിറഞ്ഞ ഈ ആനന്ദമയമായ ജീവിതം, നിശ്ചിന്തമായ ഹൃദയത്തിന്റെ സ്വാതന്ത്ര്യം—എന്നെ വ്യഥിതനും വ്യാകുലനുമാക്കിത്തീൎത്തു. ഞാൻ സ്വയം മനസ്സിൽ ചോദിച്ചു: 'എനിക്കെന്തുകൊണ്ടിവരുടെകൂടെച്ചെന്നു കൂടിക്കൂടാ?'

ഇതിനിടയിൽ എൻെറ പിന്നിൽ ഒരു പുരുഷസ്വരം റഷ്യൻഭാഷയിൽ ചോദിച്ചു: "അശയേ, ഇനിയും മതിയായില്ലേ?"

ഒരു സ്ത്രീയുടെ സ്വരം അതേ ഭാഷയിൽ മറുപടി പറഞ്ഞു: "അല്പനേരംകൂടി നിൽക്കൂ."

ഞാൻ ഉടൻ പിൻതിരിഞ്ഞു. ഒരു സുന്ദരനായ ചെറുപ്പക്കാരനിൽ എൻെറ ദൃഷ്ടി പതിഞ്ഞു. അയാൾ ഒരു യുവതിയുടെ കൈപിടിച്ചുകൊണ്ടു നില്ക്കുകയാണ്. യുവതിക്കത്രവളരെ പൊക്കമില്ല. ഒരു തൊപ്പി വെച്ചിട്ടുണ്ട്. അതുകൊണ്ട് അവളുടെ നെററി മുഴുവൻ മറഞ്ഞിട്ടുണ്ട്.

എൻെറ വായിൽനിന്നു പെട്ടെന്നു പുറപ്പെട്ടു: "നിങ്ങൾ റഷ്യക്കാരാണോ?"

ചെറുപ്പക്കാരൻ പുഞ്ചിരിയിട്ടു പറഞ്ഞു: "അതെ, റഷ്യക്കാരാണ്."

ഞാൻ പറയാൻ തുടങ്ങി: "എനിക്കു സ്വപ്നത്തിൽപ്പോലും വിചാരമുണ്ടായിരുന്നില്ല; ഈ വിദേശത്ത്..."

അയാൾ ഇടയ്ക്കു കയറി: "എനിക്കും വിചാരമുണ്ടായിരുന്നില്ല. എന്നാൽ ഇതെന്തായാലും നന്നായി. ഞാൻ പരിചയപ്പെടുത്താം. എന്റെ പേരു ഗാഗിൻ, ഇവൾ..."

അയാൾ ക്ഷണനേരം പരുങ്ങിനിന്നു: "എൻെറ സഹോദരിയാണ്. നിങ്ങളുടെ പേര്?"

ഞാനും എൻെറ പേരു പറഞ്ഞു. ഞങ്ങൾ ഇരുവരും സംസാരിക്കാൻ തുടങ്ങി. എനിക്കു മനസ്സിലായി, ഗാഗിനും എന്നെപ്പോലെ സഞ്ചാരത്തിനിറങ്ങിയിരിക്കയാണ്. ഒരാഴ്ചയായി ല—നഗരത്തിലെത്തിയിട്ട്. വാസ്തവം പറയുകയാണെങ്കിൽ വിദേശത്തുവച്ചു റഷ്യാക്കാരെ പരിചയപ്പെടുന്നതു് എനിക്കു തീരെ ഇഷ്ടമല്ല. അതെ, ഞാൻ എപ്പോഴും റഷ്യാക്കാരിൽനിന്നകന്നിരിക്കയാണ്. പക്ഷേ, ഗാഗിൻ കണ്ടപ്പോൾത്തന്നെ എന്നെ മയക്കിക്കളഞ്ഞു. ഈ ലോകത്തിൽ ചില ഭാഗ്യമുള്ള മുഖങ്ങളുണ്ട്. എല്ലാവരും അവയെ കാണാൻ കൊതിക്കുന്നു. അവ നിങ്ങളിൽ സ്നേഹത്തിൻെറയും സന്തോഷത്തിന്റെയും വർഷം പൊഴിക്കുന്നതായിത്തോന്നുന്നു. ഗാഗിൻെറ മുഖം തികച്ചും ഇത്തരത്തിലുള്ളതാണ്. സ്നേഹവും കാരുണ്യവും നിറഞ്ഞ മുഖം. വലിയവലിയ സ്നിഗ്ദ്ധനേത്രങ്ങളും മനോഹരമായ ചുരുണ്ട മുടിയും! അയാൾ സംസാരിക്കുമ്പോൾ മുഖത്തു നോക്കാതെതന്നെ സ്വരഭംഗികൊണ്ടു നിങ്ങൾക്കു മനസ്സിലാകും പുഞ്ചിരി തൂവുകയാണെന്ന്. അയാൾ സഹോദരിയെന്നു പറഞ്ഞു് എനിക്കു പരിചയപ്പെടുത്തിത്തന്ന പെൺകുട്ടിയും പ്രഥമദൃഷ്ടിയിൽ നല്ല സുന്ദരിയായിത്തോന്നി. ഗോതമ്പുനിറത്തിലുള്ള അവളുടെ ഉരുണ്ട കൊച്ചുമുഖത്തെ രേഖകളിൽ ഒരു വിശേഷപ്പെട്ട പുതുമയുണ്ടായിരുന്നു. കൊച്ചു മൂക്ക്, കവിൾത്തടങ്ങളിൽ കുട്ടിത്തത്തിൻെറ പളപളപ്പ്, കറുത്ത കാന്തി പൂണ്ട കണ്ണുകൾ, ശരീരഘടനയിൽ നല്ല സൗഷ്ഠവം, എന്നാൽ അവൾക്കു പൂർണ്ണവികാസമെത്തിയതായിത്തോന്നിയില്ല. സഹോദരനിൽനിന്നു തികച്ചും ഭിന്നയായിരുന്നു.

“ഇനി നമുക്കൊന്നിച്ചു വീട്ടിൽ പോകാം,” ഗാഗിൻ പറഞ്ഞു. “ജർമ്മൻകാരെ വേണ്ടത്ര കണ്ടുകഴിഞ്ഞു. നമ്മുടെ

റഷ്യൻയുവാക്കളായിരുന്നെങ്കിൽ ഇപ്പോഴേക്കും ഗ്ലാസു കൾ എറിഞ്ഞുടയ്ക്കുകയും കസേരകൾ തല്ലിയൊടിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇവർ ആവശ്യത്തിലധികം ആത്മസംയമികളാണെന്നു തോന്നുന്നു. എന്താണശയേ, നിങ്ങൾ എന്തു വിചാരിക്കുന്നു? നമുക്കു വീട്ടിൽ പോവുകയല്ലേ?"

പെൺകുട്ടി സമ്മതാൎത്ഥം തലയാട്ടി. ഗാഗിൻ തുടൎന്നു: "ഞങ്ങൾ നഗരത്തിനു പുറത്തു മുന്തിരിത്തോട്ടത്തിൽ വിജനമായ ഒരു ഉയൎന്ന സ്ഥാനത്താണു താമസിക്കുന്നതു്. വളരെ നല്ല സ്ഥലമാണു്. ഒന്നു പോയിക്കാണാം. വീട്ടുടമസ്ഥ ഇന്നു കുറെ നല്ല പലഹാരങ്ങൾ തരാമെന്നു പറഞ്ഞിട്ടുണ്ടു്. അതാ, ഇരുട്ടായിക്കഴിഞ്ഞു! അതുകൊണ്ടു നിലാവുദിച്ചിട്ടു നദി കടക്കുന്നതാണു നല്ലതു്."

ഞങ്ങൾ നടന്നു. ഒരു ചെറിയ പടി കടന്നു പുറത്തുള്ള മൈതാനത്തിലെത്തി. കൽച്ചുമരിന്റെയടുത്തുകൂടെ ഏതാണ്ടു നൂറടി നടന്നു് ഒരു ഇടുങ്ങിയ പടിക്കൽ ചെന്നു നിന്നു. ഗാഗിൻ പടി തുറന്നു് ഒരു നടവഴിയിലൂടെ ഞങ്ങളെ ഒരു കുന്നിൻമുകളിലേക്കു കയററിക്കൊണ്ടു പോയി. ഈ വഴിക്കു ഇരുവശത്തും മുന്തിരിവള്ളി മൂടിയ ലതാനികുഞ്ജങ്ങളുണ്ടായിരുന്നു. അസ്തമയം കഴിഞ്ഞിട്ടു് അധികസമയമായിട്ടില്ലായിരുന്നതിനാൽ പച്ചപിടിച്ച മുന്തിരിവള്ളികൾക്കു ചുററും പൊങ്ങിനില്ക്കുന്ന കുന്നുകളിലും അവയ്ക്കു നടുവിലുള്ള ഒരു കൊച്ചു വീടിന്റെ വെള്ളച്ചുമരുകളിലും സൂൎയ്യപ്രകാശത്തിന്റെ അന്തിച്ചെമപ്പു് അപ്പോഴും പ്രതിഫലിച്ചുകൊണ്ടിരുന്നു.

ഞങ്ങൾ ആ വീട്ടിനടുത്തെത്തിയപ്പോൾ ഗാഗിൻ പറഞ്ഞു: "ഇതുതന്നെയാണു ഞങ്ങൾ താമസിക്കുന്ന സ്ഥലം. അതാ നോക്കു, വീട്ടുടമസ്ഥ ഞങ്ങൾക്കു ഭക്ഷണം

തയാറാക്കുകയാണ്. നമുക്കു നേരേ ഭക്ഷണമുറിയിൽ ചെന്നിരിക്കാം. എന്നാൽ ആദ്യമൊന്നു ചുററും നോക്കൂ. എന്തൊരു കാഴ്ചയാണ്.''

രംഗം വാസ്തവത്തിൽ മനോഹരംതന്നെയായിരുന്നു. റൈൻ വെള്ളിപ്പുത പുതച്ച് പച്ചപിടിച്ച പള്ളങ്ങൾക്കു നടുവിൽ ഞങ്ങളുടെ കാൽക്കീഴിൽ കിടക്കുന്നു. ഒരു വശത്തു സൂര്യാസ്തമനത്തിൻെറ സുവർണ്ണപ്രഭയിൽ പത്മരാഗം പോലെ ശോഭിക്കുന്നു. ഇതിൻെറ തീരത്തുള്ള ആ കൊച്ചു നഗരത്തിലെ സകല വഴികളും വീടുകളും സ്പഷ്ടമായി കാണാനുണ്ട്. അങ്ങേക്കരയിൽ ചക്രവാളംവരെ പരന്നു കിടക്കുന്ന സസ്യശ്യാമളമായ ഭൂമിയും കുന്നുകളും. ഭൂതലത്തിൻെറ ശോഭ അതുല്യമാണ്. ഉപരിതലത്തിൻെറ കാര്യം പറയേണ്ടതില്ല. വിശേഷിച്ച് ആകാശത്തിൻെറ തെളിമയും നീലിമയും വായുവിൻെറ ലഘുത്വവും നൈർമ്മല്യവും എന്നെ അത്യന്തം വശീകരിച്ചു. ആ പുത്തനിളംകാററു ഞങ്ങളുടെ ചുററും തത്തിക്കളിക്കുന്നതായി ത്തോന്നി. ഉന്നതമായ കുന്നിൻപുറത്തു ബന്ധനമുക്തമായി സ്വയം സ്വാതന്ത്ര്യമനുഭവിക്കുന്നതുമാതിരി.

"നിങ്ങൾ വളരെ മനോഹരമായ ഒരു സ്ഥാനമാണു താമസിക്കാൻ തിരഞ്ഞെടുത്തതു്," ഞാൻ പറഞ്ഞു.

"അശയ തിരഞ്ഞെടുത്തതാണിതു്," ഗാഗിൻ പറഞ്ഞു. "അശയേ, ഭക്ഷണം കൊണ്ടുവരാൻ പറയൂ. നമുക്കിവിടെ പുറത്തു കാററുകൊണ്ടിരുന്നു ഭക്ഷണം കഴിക്കാം. ഇവിടിരുന്നു പാട്ടുകേൾക്കയും ചെയ്യാം.''

അയാൾ പിന്നീട് എൻെറ നേക്കു തിരിഞ്ഞു: "നിങ്ങൾ ഇതു ശ്രദ്ധിച്ചിട്ടുണ്ടോ? ഈ ബാലനൃത്തം അടുത്തു കാണുമ്പോൾ വളരെ വൃത്തികെട്ടതാണ്. ഒരു രസവുമില്ലാത്ത അപസ്വരം. പക്ഷേ, ദൂരത്തുനിന്നു കേൾക്കുമ്പോൾ

മനോഹരമായിരിക്കുന്നു. നമ്മുടെ ഹൃദയത്തിലെ കോമള ഭാവനകളെല്ലാം ഉണൎത്തിവിടുന്നു."

അശയ (അവളുടെ ശരിയായ പേരു് ആനിയെന്നാണു്. ഗാഗിൻ വിളിക്കുന്ന പേരാണു് അശയ) അപ്പോഴേക്കും വീട്ടിനകത്തു പോയി, ഗൃഹനാഥയോടുകൂടി ഉടൻ തന്നെ പുറത്തുവന്നു. ഇരുവരുടേയും കൈയിൽ വലിയ താലങ്ങളിൽ വളരെയധികം സാധനങ്ങളുണ്ടായിരുന്നു! ഞങ്ങൾ ഇരുന്നു ഭക്ഷണം കഴിക്കാൻ തുടങ്ങി. അശയ തൊപ്പി ഊരിവെച്ചു. അവളുടെ തിങ്ങിവളൎന്നു ചുരുണ്ടിരുണ്ട കേശപാശങ്ങൾ ചുമലിലും ചെവികളിലും ചിതറി വീണു. ആദ്യം അവൾക്കെൻെറ മുമ്പിൽ നാണമായിരുന്നു. പിന്നെ ഗാഗിൻ പറഞ്ഞു: "എന്താണു പേടി? ഇയാൾ പിടിച്ചു തിന്നുകയൊന്നുമില്ല."

അവൾ പുഞ്ചിരിയിട്ടു. കുറച്ചു കഴിഞ്ഞു് എന്നോടു സംസാരിക്കാൻ തുടങ്ങി. ഇങ്ങനെയൊരു പ്രസരിപ്പുള്ള പെൺകുട്ടിയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ക്ഷണനേരംപോലും മിണ്ടാതിരിക്കയില്ല. എഴുനേററു നിൽക്കും, അകത്തേക്കോടും, ഉടൻ പുറത്തുവരും, സാവധാനം മൂളിപ്പാട്ടു തുടങ്ങും, വെറുതെ ചിരിക്കും, അതും ഒരു വിചിത്ര രീതിയിൽ. അവൾ കേൾക്കുന്ന കാൎയ്യത്തേക്കുറിച്ചാണു ചിരിക്കുന്നതെന്നു തോന്നുന്നില്ല, തന്റെ തലച്ചോറിലുദിക്കുന്ന വിവിധ വിചാരങ്ങളെക്കുറിച്ചാണു്. അവൾ നിൎഭയം, നിസ്സങ്കോചം, നിങ്ങളുടെ നേക്കു നോക്കും. പക്ഷേ, ഇടയ്ക്കിടയ്ക്കു് അവളുടെ കണ്ണിമകൾ താഴും. അപ്പോൾ അവളുടെ ദൃഷ്ടി സ്നിഗ്ദ്ധഗംഭീരമായിരിക്കും.

ഞങ്ങൾ രണ്ടുമൂന്നു മണിക്കൂർ വെടിപറഞ്ഞുകൊണ്ടിരുന്നു. പകൽ അസ്തമിച്ചു നേരം ഏറെക്കഴിഞ്ഞു. സന്ധ്യ ആദ്യം രാഗിണിയും അനന്തരം തേജസ്വിനിയും

പിന്നെ പത്മരാഗംപോലെ പാടലയുമായി അവസാനം വിളറി മകിണ്ടിരുണ്ട നിശ്ശബ്ദം തിരോഭവിച്ചു, രാത്രിയിൽ വിലീനയായി. ഞങ്ങളുടെ സംഭാഷണം അപ്പോഴും തുടരുകയാണ്, ഞങ്ങളുടെ ചുററും സഞ്ചരിക്കുന്ന വായുവിനെപ്പോലെ നിരന്തരം പ്രശാന്തമായിട്ട്. ഗാഗിൻ ഒരു കുപ്പി മദ്യം കൊണ്ടുവരിച്ചു. ഞങ്ങൾ അതു സാനന്ദം, സാവധാനം കുടിക്കാൻ തുടങ്ങി. അപ്പോഴും ഗാനദ്ധ്വനി ഞങ്ങളുടെയടുത്തു് അലയടിക്കുന്നുണ്ട്. ആ സ്വരം ആദ്യത്തേതിലധികം മധുരവും കോമളവുമായിത്തോന്നി. നഗരത്തിലും പുഴയുടെ മേൽപ്പരപ്പിലും നേരിയ പ്രകാശമുണ്ട്. അശയ പെട്ടെന്നു തലകുനിച്ചു. അവളുടെ കുറുനിരകൾ കണ്ണുകളെ മറച്ചു. അവൾ നിസ്തബ്ധയായി, ദീർഘമായൊന്നു നിശ്വസിച്ചു. പിന്നെ ഉടൻ ഉറക്കം വരുന്നെന്നു പറഞ്ഞു് അകത്തേക്കു പോയി. പക്ഷേ, ഞാൻ കണ്ടു, അകത്തുപോയി അവൾ മെഴുകുതിരി കത്തിച്ചില്ല. ഒരടച്ച ജനലിന്നരികിൽ ചെന്നു വളരെനേരം മിണ്ടാതെനിന്നു. അവസാനം ചന്ദ്രനുദിച്ചു. റൈനിൽ ചന്ദ്രിക പരക്കാൻ തുടങ്ങി. ഓരോ വസ്തുവും ഇരുണ്ടോ തെളിഞ്ഞോ തികച്ചും രൂപാന്തരപ്പെട്ടു. ഞങ്ങളുടെ സ്ഫടികക്കോപ്പകളിൽ നിറച്ചിരുന്ന മദ്യംപോലും വിചിത്രമായ ശോഭയോടെ പ്രകാശിക്കാൻ തുടങ്ങി. വായു ചിറകൊതുക്കിയതുപോലെ അടക്കം പൂണ്ടു. യാമിനിയുടെ മധുരസ്നിഗ്ദ്ധഗന്ധം സാവധാനം ധരാതലത്തിൽ നിന്നുയന്നു് ദിഗന്തങ്ങളിൽ വ്യാപിക്കാൻ തുടങ്ങി.

ഞാൻ പറഞ്ഞു: "ഇനി പോകാൻ സമയമായി. അല്ലെങ്കിൽ പിന്നെ വഞ്ചി കിട്ടുകയില്ല."

ഗാഗിൻ പറഞ്ഞു: "ശരി, ഇനി പോകാൻ സമയമായി."

ഞങ്ങൾ നടവഴിയിലൂടെ താഴോട്ടിറങ്ങി. പെട്ടെന്നു ചില കല്ലുകൾ ഞങ്ങളുടെ പിന്നിലൂടെ ഉരുണ്ടുവന്നു. അശയ ഞങ്ങളെ പിൻതുടരാൻ ശ്രമിച്ചതിൻെറ ഫലമായിരുന്നു!

അവളുടെ സഹോദരൻ ചോദിച്ചു: "നിങ്ങൾ ഇതുവരെ ഉറങ്ങിയില്ലേ?" അവൾ മറുപടിയൊന്നും പറഞ്ഞില്ല. ഞങ്ങളുടെയടുത്തേക്ക് ഓടിവന്നു. സത്രത്തിലെ പൂന്തോപ്പിൽ വിദ്യാർത്ഥികൾ കൊളുത്തിയ ദീപങ്ങൾ അന്തിമപ്രകാശംകൊണ്ടു് താഴത്തെയിലകളെ ശോഭിപ്പിച്ചിരുന്നു, അവയ്ക്കൊരത്ഭുതവും അലൗകികവുമായ രൂപം കൊടുത്തിരുന്നു. ഞാൻ എൻെറ പുതിയ ചങ്ങാതിമാരോടു വിടവാങ്ങി തോണിയിൽ കയറിയിരുന്നു. ഗാഗിൻ അടുത്തദിവസം എൻെറ അടുത്തുവന്നു കണ്ടുകൊള്ളാമെന്നു ശപഥം ചെയ്തു. ഞാൻ അയാൾക്കു കൈകൊടുത്തു. പിന്നെ അശയയുടെ നേർക്കു കൈനീട്ടി. പക്ഷേ, അവൾ എൻെറ നേർക്കു നോക്കി തലകുനിക്കുക മാത്രമേ ചെയ്തുള്ളു. വഞ്ചി കടവുവിട്ടു പുഴയിലേക്കു നീങ്ങി. തോണിക്കാരൻ കഴക്കോലെടുത്തു നീലജലത്തിലേക്കിട്ടു.

അശയ പിന്നിൽനിന്നു പറഞ്ഞു: "നിങ്ങൾ നിലാവിൻെറ വലയിലാണു്. അതു പൊട്ടിച്ചു കളയുകയാണോ?"

ഞാൻ താഴോട്ടു നോക്കി. തോണിക്കു ചുറ്റും കറുത്ത തിരമാലകൾ നൃത്തം വച്ചുകൊണ്ടിരിക്കുന്നു!

ഞാൻ ഒരിക്കൽക്കൂടി അവളുടെ സ്വരം കേട്ടു: "പോകട്ടെ."

ഗാഗിൻ പിന്നിൽനിന്നും വിളിച്ചു പറഞ്ഞു: "നാളെക്കാണാം."

വഞ്ചി കരയ്ക്കണഞ്ഞു. ഞാൻ താഴെയിറങ്ങി

മുന്നോട്ട നോക്കി. അക്കരെയൊന്നും കാണുന്നില്ല. ചന്ദ്ര കിരണങ്ങൾ നദിയുടെ തീരത്തോട്ടതീരം പൊൻചിറ പോലെ വീണ്ടും പരന്നു. വാസ്തവത്തിൽ ഒരു പ്രാചീന ബാലനൃത്തത്തിൻെറ താളം പുഴകടന്നിക്കരയ്ക്കെത്തിയിരു ന്നു. ഗാഗിൻ പറഞ്ഞതു ശരിയാണ്. എനിക്കു തോ ന്നി ആ വനോന്മാദകാരിണിയായ രാഗിണിയുടെ സംഭാ ഷണത്തിൽ എൻെറ ഹൃദയതന്ത്രികൾ വിറകൊള്ളുന്നു ണ്ടെന്നു്. ഞാൻ ഇരുളടഞ്ഞ പ്രദേശങ്ങളിലൂടെ സുഗ ന്ധമാരുതനാസ്വാദിച്ചുകൊണ്ട വീട്ടിലേക്കു നടന്നു. അല ക്ഷ്യവും അനന്തവുമായ പ്രതീക്ഷയുടെ ആസക്തിയാന്ന അവസാദമേററുകൊണ്ട ഞാൻ എൻെറ വാസസ്ഥലത്തെ ത്തി. എനിക്കു സുഖം തോന്നി. പക്ഷേ, എന്താണെ നിക്കു സുഖം? എനിക്കൊരു വസ്തുവിലും താല്പയ്യമില്ല. എൻെറ മനസ്സിൽ ഒരു കായ്യത്തിൻെറയും ചിന്തയില്ല. എനിക്കു സുഖമാണ്.

എൻെറ മനസ്സിൽ ഒരിക്കിളിയുണ്ടായി. സുഖ ഭൂയിഷ്ഠവും ഹൃദയോല്ലാസകരവുമായ വിചാരാധിക്യ ത്താൽ മതിമറന്നു മറിയുംപോലെ ഞാൻ കിടക്കയിൽ ചെന്നു വീണു. കണ്ണടച്ചതോടെ പെട്ടെന്നു് എനിക്കോ ൎമ്മ വന്നു—സന്ധ്യകഴിഞ്ഞിട്ടെത്രയോ നേരമായി. എ ന്നിട്ടും ഞാൻ എൻെറയാ നിഷ്ഠുരസ്വരൂപത്തെപ്പററി ഒരിക്കൽപോലും സ്മരിച്ചില്ല. ഞാൻ മനസ്സിൽ സ്വയം ചോദിച്ചു: 'ഇതിൻെറ സാരം? ഞാൻ വല്ല പ്രേമത്തി ലും കുടുങ്ങിപ്പോയോ?'

ഈ ചോദ്യം സ്വയം ചോദിച്ചതിനുശേഷം ഞാൻ തൊട്ടിലിൽ കിടക്കുന്ന കുട്ടിയേപ്പോലെയുറങ്ങിപ്പോയി.

# 3

അടുത്തദിവസം രാവിലെ എൻെറ കണ്ണു തുറന്നു. ഞാനപ്പോഴും കിടക്കയിൽ കിടക്കുകയാണ്. ഇതിനിടയിൽ ഞാൻ ജനലിൻെറ താഴെ വടികൊണ്ടു കിട്ടുകിട്ടുന്ന ശബ്ദം കേട്ടു. ഒന്നിച്ചൊരു മനുഷ്യസ്വരവും. സ്വരം പെട്ടെന്നു തിരിച്ചറിഞ്ഞു. ഗാഗിനാണ്.

"നിങ്ങൾ ഉറങ്ങുകയാണോ? എന്നാൽ എൻെറ വീണനാദം നിങ്ങളെയുണർത്തും!"

ഞാൻ അയാൾക്കു വേഗം വാതിൽ തുറന്നുകൊടുത്തു. ഗാഗിൻ അകത്തു വന്നു പറഞ്ഞു: "പറയൂ എന്താണു വിശേഷം? ഞാൻ നിങ്ങളെ വളരെ നേരത്തെയുണർത്തി. നോക്കൂ, എന്തൊരു സുന്ദരമായ സുപ്രഭാതം! ശിശിരത്തിൽ കുളിച്ചു രാഗരശ്മികൾ ചിതറി—എന്നിട്ടും രാപ്പാടികൾ പാടിക്കൊണ്ടിരിക്കുന്നു!"

ചുരുണ്ട മിനുത്ത കേശവും വിരിഞ്ഞുയന്ന ചുമലും പാടലവർണ്ണമാന്ന കപോലങ്ങളുമുള്ള ഗാഗിൻ സ്വയം പ്രഭാതംപോലെ പ്രശോഭിക്കുന്നതായിത്തോന്നി.

ഞാൻ വസ്ത്രം ധരിച്ചു. ഞങ്ങളിരുവരും പൂന്തോപ്പിൽ പോയി ഒരു ബെഞ്ചിലിരുന്നു. കാപ്പി വന്നു. സംഭാഷണം തുടങ്ങി.

ഗാഗിൻ എന്നോടു സ്വന്തം ഭാവിപദ്ധതികൾ പറഞ്ഞു. വീട്ടിൽ സുഖവും സ്വാതന്ത്ര്യവുമുണ്ടായിരുന്നതിനാൽ അയാൾ തൻെറ ജീവിതം മുഴവൻ ചിത്രകലയെ ഉപാസിക്കുവാനാണാഗ്രഹിച്ചിരുന്നതു്. ഇതിൽ മാത്രമേ പശ്ചാത്താപമുണ്ടായിരുന്നുള്ളു—ഈ വിചാരം വളരെ വൈകിയിട്ടാണ് മനസ്സിൽ കയറിയതു്. ഇത്രയും കാലം വെറുതെ നഷ്ടപ്പെടുത്തിക്കളഞ്ഞു. സകല കഥയും

കേൾപ്പിച്ചു, അയാൾ ഞാൻ പറഞ്ഞതു നല്ലപോലെ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്തു. എന്നാൽ എനിക്കു മനസ്സിലായിടത്തോളം പറയുകയാണെങ്കിൽ, എൻെറ പ്രേമകഥ കേൾപ്പിച്ചു് അയാളുടെ മനസ്സിൽ സഹാനുഭൂതിയുടെ വേലിയേററമുണ്ടാക്കാൻ കഴിഞ്ഞില്ല. സദാചാരത്തിനുവേണ്ടി എന്നോടൊപ്പം അയാളും രണ്ടുനാലു നെടുവീർപ്പിട്ടു. വീണ്ടും എന്നെ വീട്ടിലേക്കു കൂടെക്കൊണ്ടുപോയി താൻ വരച്ച ചിത്രങ്ങൾ കാണാൻ പറഞ്ഞുതുടങ്ങി. ഞാൻ തൽക്കാലം സമ്മതിച്ചു.

ഞങ്ങൾ അശയയെ വീട്ടിൽ കണ്ടില്ല. ഗൃഹനാഥ പറഞ്ഞു മനസ്സിലായി, അവൾ ഒരു പ്രാചീനദുർഗ്ഗത്തിൻെറ നഷ്ടാവശിഷ്ടങ്ങൾ കാണാൻ പോയിരിക്കയാണെന്നു്. ഗാഗിൻ എനിക്കു ചിത്രങ്ങൾ കാണിച്ചുതന്നു. അയാളുടെ ചിത്രങ്ങളിൽ സത്യത്തിന്റെയും സൗന്ദര്യത്തിൻെറയും മാത്ര വേണ്ടത്രയുണ്ടായിരുന്നു. പക്ഷേ, പൂർണ്ണമായിട്ടൊന്നുമില്ല. രേഖകൾ അശ്രദ്ധവും അവ്യക്തവുമായി വരച്ചിട്ടതുപോലെ തോന്നി. ഞാൻ അവയ്ക്കു സുസ്പഷ്ടമായി സമ്മതി കൊടുത്തു.

അയാൾ ഒരു നെടുവീർപ്പുവിട്ടു പറഞ്ഞു: "അതെയതെ, നിങ്ങൾ പറഞ്ഞതു ശരിയാണു്. ഇവയൊക്കെ വളരെ നല്ലതും, പക്ഷേ, ചീത്തയുമാണു്. എന്തുചെയ്യാം? ഞാൻ വേണ്ടമാതിരി പഠിച്ചിട്ടില്ല. ഈ മാരകമായ ശൈഥില്യം ഏതുസമയത്തും വന്നുകൂടുന്നു. ജോലിചെയ്യുന്ന കാര്യമാലോചിക്കുമ്പോൾ ഗരുഡനെപ്പോലെ ഉച്ചത്തിൽ പറക്കുന്നു. എന്നാൽ പ്രവത്തിക്കുവാൻ പുറപ്പെടുമ്പോൾ കൈകാലുകൾ ഉടൻ തളൻുപോകുന്നു."

ഞാൻ അയാളെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു.

എന്നാൽ അയാൾ നിഷേധപൂർവ്വം കൈയാട്ടി ചിത്രങ്ങൾ ഒന്നിച്ചുകൂട്ടി കട്ടിലിലെറിഞ്ഞു.

അയാൾ പിറുപിറുത്തു: "അല്പം ധൈര്യമുണ്ടെങ്കിൽ എനിക്കെന്തെങ്കിലും ചെയ്യാൻ കഴിഞ്ഞേനെ. അല്ലെങ്കിൽ ജീവിതം മുഴുവനിങ്ങനെ വെറും ചെരിപ്പുകുത്തിയായിത്തന്നെയിരിക്കാം. ശരി, പോകാം, അശയ എവിടെയെന്നു നോക്കാം."

ഞങ്ങൾ അവിടെനിന്നിറങ്ങി.

## 4

തിങ്ങിനില്ക്കുന്ന മരങ്ങളാൽ മറഞ്ഞ ഒരു മലഞ്ചെരുവിലൂടെ വേണം ആ നഷ്ടാവശിഷ്ടങ്ങളുള്ളിടത്തു പോകുവാൻ. താഴ്വാരത്തിന്നടിയിലൂടെ ഒരു കൊച്ചരുവി ശിലാഖണ്ഡങ്ങളിൽ കളകളമുണ്ടാക്കിക്കൊണ്ടു തുള്ളിച്ചാടിപ്പാഞ്ഞിരുന്നു. ഈ ദുർഗ്ഗമ പ്രപാതങ്ങളും പർവ്വതശിഖരങ്ങളും തിങ്ങിനിറഞ്ഞ സ്ഥലത്തിന്നപ്പുറത്ത് മിന്നിത്തിളങ്ങുന്ന പ്രശാന്തവും വിശാലവുമായ നദിയിലേക്കൊഴുകിയെത്തുവാൻ അതു വെമ്പിക്കുതിക്കുകയാണെന്നു തോന്നി. ആ പ്രകാശപ്പരപ്പിൽ അത്യന്തം മനോഹരമായിത്തോന്നിയ ചില സ്ഥലങ്ങളിലേക്കു ഗാഗിൻ എൻെറ ശ്രദ്ധയെ തിരിച്ചു. അയാളുടെ ശബ്ദം ചിത്രകാരൻേറതുപോലെ മാത്രമല്ല, ഒരു സകലകലാകോവിദൻേറതുപോലെ അനുസ്പനിതമായിരുന്നു. ആ പുരാതനാവശിഷ്ടങ്ങൾ അതിവേഗം കാഴ്ചയിൽ പെട്ടു. ഒരു തുറന്ന പാറപ്പുറത്ത് ഒരു ചതുരഗോപുരമുണ്ടായിരുന്നു. പ്രായാധിക്യം അതിന്നു കറുപ്പുനിറം കൊടുത്തിരുന്നു. മുക

ളിൽ വിള്ളലുണ്ടായിരുന്നുവെങ്കിലും അതിനിപ്പോഴും നല്ല കരുത്തുണ്ട്. പായൽപിടിച്ച ഭിത്തികൾ ഗോപുരത്തോട്ട ചേൎന്നുനില്ക്കുന്നുണ്ട്. അവയുടെ പാർശ്വങ്ങളിൽ അവിടവിടെ മുന്തിരിവള്ളികൾ പടൎന്നുകിടക്കുന്നു. മങ്ങിമകിണ്ട ചുററുമതിലുകളിലും ഇടിഞ്ഞുപൊളിഞ്ഞ വീടുകളിലും മരങ്ങളുടെ ചുള്ളിക്കമ്പുകൾ തൂങ്ങിക്കിടപ്പുണ്ട്. ഇപ്പോഴും കവാടം പൂൎവ്വസ്ഥാനത്തുതന്നെയുണ്ട്. അങ്ങോട്ട് ഒരു കല്ലുവിരിച്ച വഴിയും. ഞങ്ങൾ അടുത്തെത്തിയപ്പോൾ മുമ്പിൽതന്നെ ഒരു സ്ത്രീയുടെ രൂപം നില്ക്കുന്നതു കണ്ടു. അതു് ആ പുരാതനാവശിഷ്ടങ്ങളുടെ കുമ്പാരത്തിൽനിന്നോടി ഒരുയൎന്ന ഭിത്തിയുടെ മുകളിൽ കയറി. ഭിത്തിക്കു താഴെ ഒരഗാധമായ കിടങ്ങായിരുന്നു.

ഗാഗിൻ വിളിച്ചു പറഞ്ഞു: "അതാ നോക്കൂ, അശയ പോകുന്നു. എന്തൊരു ഭ്രാന്തത്തിപ്പെൺകിടാവ്!"

ഞങ്ങൾ കവാടം തുറന്നു് ഒരു ചെറിയ പൂന്തോട്ടത്തിലെത്തി. അവിടെ കാട്ടാപ്പിളും നെററൽമരങ്ങളും മുളച്ചുനിന്നിരുന്നു. അശയ ഭിത്തിക്കു മുകളിൽ കയറിയിരുന്നു. അവൾ ഞങ്ങളുടെനേക്കു നോക്കി ചിരിച്ചുതുടങ്ങി. എന്നാൽ സ്വസ്ഥാനത്തുനിന്നിളകിയില്ല. ഗാഗിൻ അവളുടെ നേരെ വിരൽ ചൂണ്ടി. ഞാൻ അവളുടെ ബാലിശത്വത്തെക്കുറിച്ചു രണ്ടുനാലു ശകാരവാക്കുകൾ ഉച്ചരിച്ചു.

ഗാഗിൻ സാവധാനം പറഞ്ഞു: "ഛേ ഛേ, അവളെ വിഷമിപ്പിക്കരുതു്. നിങ്ങൾക്കവളെ അറിഞ്ഞുകൂടാ. അവൾക്കും ഗോപുരത്തിൻെറ മുകൾവരെ കയറുവാൻ സാമൎത്ഥ്യമുണ്ട്. ഇതാ നോക്കൂ, അവളെ വിട്ട് ഇവിടത്തുകാരുടെ കാര്യശേഷി നോക്കൂ."

ഞാൻ നാലുവശവും നോക്കി. ഒരു പുല്ലുടിലിനക ത്തിരുന്നു് ഒരു വൃദ്ധ കാലുറ നെയ്യുന്നുണ്ടായിരുന്നു. അവൾ കണ്ണാടിക്കുള്ളിലൂടെ ഇടയ്ക്കിടെ ഞങ്ങളെ നോക്കിയിരു ന്നു. അവൾ യാത്രക്കാർക്കു റൊട്ടിയും ചാരായവും പച്ചവെ ള്ളവും വിററിരുന്നു. ഞങ്ങൾ ബെഞ്ചിലിരുന്നു ബിയർ കുടിക്കാൻ തുടങ്ങി. അശയ അവിടെത്തന്നെ ചമ്രംപടി ഞ്ഞിരിക്കയായിരുന്നു. അവളുടെ ശിരസ്സ് ഉട്ടപ്പുടവകൊ ണ്ടു മൂടിയിരുന്നു. സ്വച്ഛമായ അന്തരീക്ഷത്തിനുതാഴെ അ വളുടെ കോമളകളേബരം സ്പഷ്ടവും സുന്ദരവുമായിക്കാ ണാമായിരുന്നു. എന്നാൽ ഞാനത്ര ശ്രദ്ധിച്ചു നോക്കിയി രുന്നില്ല. തലേദിവസം രാത്രിതന്നെ ശരിക്കു സ്വാഭാവിക മെന്നു പറവാൻ വയ്യാത്ത ഒരു സംഗതി ഞാൻ അവളിൽ കണ്ടിട്ടുണ്ടായിരുന്നു. ഞാൻ ചിന്തിക്കാൻ തുടങ്ങി: 'ഇ വൾ ഒരുപക്ഷേ, നമ്മെ വിസ്മയിപ്പിക്കാൻ വിചാരിക്ക യായിരിക്കും. മറെറന്തായിരിക്കും ഇതിൻെറയുദ്ദേശം? എ ന്തൊരു ബാലിശത്വമാണീ കാണിക്കുന്നതു്!' അവൾ എൻെറ ഉള്ളിലുണ്ടായ വിചാരം ഊഹിച്ചറിഞ്ഞിട്ടെന്ന വണ്ണം പെട്ടെന്നു് എൻെറ നേരെ തീക്ഷ്ണവും ചഞ്ചല വുമായ ദൃഷ്ടിയാൽ നോക്കി, പിന്നെ ചിരിക്കാൻ തുടങ്ങി. അതിനുശേഷം രണ്ടു ചാട്ടം ചാടി ഭിത്തിയിൽനിന്നു താ ഴത്തിറങ്ങി വൃദ്ധയുടെ അട്ടത്തുചെന്നു് ഒരുപാത്രം വെള്ള മാവശ്യപ്പെട്ടു.

അവൾ സഹോദരൻെറ നേരെ തിരിഞ്ഞു പറഞ്ഞു: "നിങ്ങൾ കരുതിയിരിക്കും ഞാൻ കുടിക്കാനാണു് ഇതു ചോദിച്ചതെന്നു്. എന്നാൽ അതിനല്ല. മതിലിനു മുക ളിൽ കുറെ പൂക്കളുണ്ടു്. അവ നനയ്ക്കാനാണു്."

ഗാഗിൻ മറുപടിയൊന്നും പറഞ്ഞില്ല. അവൾ കൈയിൽ ഗ്ലാസെടുത്തു് ആ പ്രാചീനാവശിഷ്ടങ്ങളുടെ

മുകളിൽ കയറാൻ തുടങ്ങി. ഇടയ്ക്കിടയ്ക്കു നില്ക്കും, തന്മയ ത്വത്തോടെ ജലശീകരങ്ങൾ തെറിപ്പിക്കും. അവ സൂര്യപ്രകാശത്തിൽ, ആ ഇളകുന്ന ചെടികളിൽ മിന്നിത്തിളങ്ങി! അവളുടെ ഹാവഭാവങ്ങൾ മനോഹരമായിരുന്നു. അവളുടെ ലീലാനിമഗ്നഭാവങ്ങളിൽ എൻെറ മനസ്സു മുഴുകിയിരുന്നുവെങ്കിലും എനിക്കു മുമ്പത്തെപ്പോലെ അവളോടു രോഷമായിരുന്നു. ഒരപകടംപിടിച്ച സ്ഥലത്തുചെന്നു ഞങ്ങളെ ഭയപ്പെടുത്തുവാൻവേണ്ടി അവൾ ഉറക്കെ നിലവിളിച്ചു. പിന്നെ ചിരിക്കാൻ തുടങ്ങി. എനിക്കു കൂടുതൽ ദേഷ്യമായി.

കാല്യറ തുന്നുന്നതു വിട്ടു കുറച്ചുനേരമായി അവളുടെ നേരെ നോക്കിക്കൊണ്ടുനിന്ന വൃദ്ധ പല്ലില്ലാത്ത വാ വിടുത്തിപ്പറഞ്ഞു: “ഇവളൊരാട്ടിൻകുട്ടിയെപ്പോലെ കുതിച്ചു ചാടുകയാണല്ലൊ!”

അവസാനം അശയ ഗ്ലാസ്സു കമഴ്ത്തി ധാർഷ്ട്യത്തോടെ തൻെറ ദേഹലത കുലുക്കിക്കൊണ്ടു ഞങ്ങളുടെയടുത്തു വന്നു. അവളുടെ പുരികങ്ങളിലും നാസാദ്വാരങ്ങളിലും ചെഞ്ചുണ്ടുകളുടെ പരിസരങ്ങളിലും ഒരു വിചിത്രമായ പുഞ്ചിരി കളിയാടിയിരുന്നു. അവളുടെ കറുത്തിരുണ്ട നേത്രങ്ങൾ പ്രാഗത്ഭ്യവും പുഞ്ചിരിയുംകൊണ്ടു കൂമ്പിയിരുന്നു.

ആ ഭാവത്തിൻെറയർത്ഥം ഇതായിരുന്നുവെന്നു തോന്നി: “നിങ്ങൾ എൻെറ പെരുമാററം നന്നല്ലെന്നു കരുതുന്നുണ്ടായിരിക്കും. പക്ഷേ, അതോടൊപ്പംതന്നെ എനിക്കിതുമറിയാം: നിങ്ങൾ എന്നെ ഇഷ്ടപ്പെടുന്നു!”

“നന്നായി, വളരെ നന്നായി,” ഗാഗിൻ അസ്ഫുടസ്വരത്തിൽ പറഞ്ഞു.

പെട്ടെന്ന് അവൾ സ്വയം നാണിച്ചതുപോലെ തോന്നി. അവൾ കൺപോളകൾ കൂട്ടി ഞങ്ങളുടെയടുത്തു

മിണ്ടാതിരുന്നു, സ്വയം അപരാധബോധമനുഭവപ്പെട്ടതു മാതിരി. ആദ്യമായി എനിക്കവളുടെ മുഖഭാവം പരീക്ഷിക്കുവാനവസരം കിട്ടി. ഇത്ര ഭാവംപകൻകൊണ്ടിരിക്കുന്ന മുഖം ഇതിനുമുമ്പു ഞാനൊരിക്കലും കണ്ടിട്ടില്ല. അല്പനിമിഷങ്ങൾക്കുശേഷം അതിൻെറ നിറം മങ്ങി. ഒരു നിശ്ചലമായ ഖിന്നഭാവം കൈക്കൊണ്ടു. അവളുടെ സ്വരൂപം അധികം കഠോരവും, വിസ്തൃതവും, അസാധാരണവുമായിത്തോന്നി. അവൾ നിസ്തബ്ധയായിത്തീർന്നു. ഞങ്ങൾ ആ പ്രാചീനാവശിഷ്ടങ്ങൾ കാണുവാൻ പോയി. അശയ ഞങ്ങളുടെ പിന്നാലെയുണ്ടായിരുന്നു. അവൾ കാണേണ്ട സ്ഥലങ്ങൾ ഞങ്ങൾക്കു കാണിച്ചുതന്നു. ഇതിനിടയ്ക്കു വിശപ്പു തോന്നി. ഗാഗിൻ ഒരുഗ്ലാസ് ബിയർക്കുടി വൃദ്ധയോടു ചോദിച്ചുവാങ്ങി. അയാൾ അതു ചുണ്ടത്തു മുട്ടിച്ചുകൊണ്ട് എൻെറ നേരെ രഹസ്യനിർഭരമായി ഒന്നു നോക്കിപ്പറഞ്ഞു: "നിങ്ങളുടെ ഹൃദയത്തിലധിവസിക്കുന്ന ദേവിയുടെ പേരിൽ!"

"എന്നാൽ ഇദ്ദേഹത്തിനു്..." അശയ എൻെറ നേക്കു തിരിഞ്ഞു്, "അങ്ങേക്കു് അങ്ങനെയൊരു ദേവിയുണ്ടോ?"

"ആക്കാണില്ലാത്തതു്?" ഗാഗിൻ മറുപടി പറഞ്ഞു.

അശയ വിചാരമഗ്നയായി. അവളുടെ മുഖഭാവം വീണ്ടും മാറി. അവിടെ ഒരു കഠിനവും പ്രഗത്ഭവുമായ ഭാവം വന്നു.

മടങ്ങുന്നസമയം അവൾ എന്നത്തേക്കാളുമധികം ചിരിച്ചും കളിച്ചുമാണു വന്നതു്. അവൾ ഒരു മരത്തിൻെറ നീണ്ട കൊമ്പൊടിച്ചു തോക്കുപോലെ ചുമലിൽ വച്ചു. പിന്നെ പുതപ്പുകൊണ്ടു തൻെറ തല മൂടിക്കെട്ടി. എനിക്കോർമ്മയുണ്ടു്, വഴിക്കു് ഒരിംഗ്ലീഷ്കുടുംബത്തെ

ഞങ്ങൾ കാണുകയുണ്ടായി. അവരൊക്കെ വെറുപ്പോടും വിസ്മയത്തോടുംകൂടി അവളുടെ നേരെ നോക്കാൻ തുടങ്ങി. അവളാകട്ടെ, അവരെ അവഗണിച്ചുകൊണ്ടെന്നപോലെ ഉച്ചസ്വരത്തിൽ പാടാൻ തുടങ്ങി. ഞങ്ങൾ വീട്ടിലെത്തിയപ്പോൾ അവൾ നേരെ തൻെറ മുറിക്കകത്തു പോയി. ഭക്ഷണത്തിനു സമയമായപ്പോൾ ഒരൊന്നാംതരം ജാക്കററിട്ടു മുടി വകഞ്ഞുവെച്ചു കൈയുറ ധരിച്ചു പുറത്തുവന്നു. ഭക്ഷണസമയത്ത് അവൾ അത്യന്തം മൎയ്യാദയോടെ പെരുമാറി! അവൾ ഭക്ഷണം കൈകൊണ്ടു തൊട്ടില്ല. മദ്യം മാത്രം ഗ്ലാസിലെടുത്തു കുറച്ചു കുടിച്ചു. അവൾ എനിക്കു വേണ്ടി ഒരു പുതിയ പ്രവൃത്തി ചെയ്യുകയായിരുന്നു; പരിഷ്കൃതസമുദായത്തിലെ സമ്പ്രദായങ്ങൾ പരിചയിച്ച ഒരു മാന്യമഹിളയ്ക്കു യോജിച്ച പ്രവൃത്തി. ഗാഗിൻ തടഞ്ഞില്ല. അയാൾ ഓരോ കാൎയ്യത്തിലും അലസനായിരിക്കുവാൻ പരിചയിച്ചിരുന്നു എന്നു തോന്നുന്നു. അയാൾ ഇടയ്ക്കിടയ്ക്ക് എൻെറ നേരെ പുഞ്ചിരിയോടെ നോക്കിയിരുന്നു. ഇതായിരുന്നു അതിൻെറ അൎത്ഥമെന്നു തോന്നുന്നു: "കുറെ ക്ഷമിക്കുക; അവൾ ഒന്നുമറിയാത്ത പെണ്ണാണ്!" അശയ, ഭക്ഷണം കഴിഞ്ഞപ്പോൾത്തന്നെ എഴുന്നേററു ഫ്രാല്യയിയുടെയടുത്തു പോകുവാൻ ഗാഗിനോടനുവാദം ചോദിച്ചു. അയാൾ, ധീരമെങ്കിലും ഇത്തവണ കുറെ വ്യാകുലമായ പുഞ്ചിരിയോടെ മറുപടി പറഞ്ഞു: "നിങ്ങൾ എന്നുമുതൽക്കാണ് എന്നോടനുവാദം ചോദിക്കാൻ തുടങ്ങിയത്? നിങ്ങൾക്കു ഞങ്ങളോടൊന്നിച്ചു സുഖം തോന്നുന്നില്ലെ?"

"ഇല്ല; ഞാൻ ഇന്നലെ ഫ്രാല്യയിയെ ചെന്നു കാണാമെന്നേററിരുന്നു. അതിനുംപുറമെ നിങ്ങൾക്കിരുവൎക്കും തനിച്ചിരിക്കാൻ കൂടുതലിഷ്ടമുണ്ടായിരിക്കും. മിസ്റ്റർ

ന—," അവൾ എൻെറ നേരെ ചൂണ്ടി—"പിന്നെയൊരു രഹസ്യമായ സംഗതി നിങ്ങളോട്ട പറയും." അവൾ നട ന്നുകളഞ്ഞു.

ഗാഗിൻ എന്നെ മറയ്ക്കാൻ ശ്രമിച്ചുകൊണ്ട പറ ഞ്ഞു: "ഫ്രാല്യയി ഈ നഗരത്തിലെ മുമ്പത്തെയധികാരി യുടെ മകളാണ്. വളരെ സൽസ്വഭാവിയും സരളശീലയു മായ സ്ത്രീ. അവൾക്കു് അശയയോട്ട വലിയ സ്നേഹമാ ണ്. അശയയ്ക്കു താണനിലയിലുള്ള വ്യക്തികളോട്ട കൂട്ട കൂട്ടവാൻ വലിയ താല്പര്യമാണ്. ഞാൻ നല്ലപോലെ ക ണ്ടിട്ടുണ്ട്, ഇതുകാരണം അവൾക്കെപ്പോഴും ഒരഭിമാന മാണ്. നിങ്ങൾതന്നെ കണ്ടല്ലോ, ഞാൻ അവളെ കുറെ യധികം ചീത്തയാക്കിയിരിക്കയാണ്. പക്ഷേ..." അ യാൾ കുറച്ചുനേരം നിശ്ശബ്ദമായിക്കഴിച്ചു. വീണ്ടും പറ ഞ്ഞു: "നിങ്ങൾതന്നെ പറയൂ, ഞാനെന്തുചെയ്യും? എനി ക്കാരെയും തലനാരു കീറിപ്പരിശോധിക്കാൻ കഴിയില്ല. പിന്നെ അവളോടതു ലവലേശം സാദ്ധ്യമല്ല. എനിക്കവ ളെയാദരിക്കുകതന്നെ വേണം."

ഞാൻ മിണ്ടിയില്ല. ഗാഗിൻ വിഷയം മാററി. ഞാൻ പരിചയപ്പെട്ടന്തോറും അവളിൽ അനുരക്തനായി ത്തീൎന്നു. എനിക്കയാളുടെ പ്രകൃതി മനസ്സിലായി. അയാൾ യഥാൎത്ഥ റഷ്യൻപ്രകൃതക്കാരനായിരുന്നു. സരളനും, സത്യ വാനും, നിഷ്കപടനുമായ മനുഷ്യൻ. പക്ഷേ, ഭാഗ്യദോഷ ത്താൽ അയാളിൽ കുറെ ശൈഥില്യമുണ്ടായിരുന്നു. അയാ ളിൽ ഉത്സാഹവും ദാർഢ്യവും കുറവായിരുന്നു; അരുവി യിലെ ജലംപോലെ യൗവനത്തിൻെറ കളകളമുണ്ടായിരു ന്നില്ല. അയാൾ ഒരു പ്രശാന്തമായ പ്രകാശത്താൽ പ്രശോ ഭിച്ചിരുന്നു. ആൾ വലിയ സുന്ദരനും സമൎത്ഥനുമായിരു ന്നു. വാൎദ്ധക്യം വരുമ്പോൾ അയാൾ എങ്ങനെയായിത്തീ

രുമെന്നെനിക്കു മനസ്സിലായില്ല. അയാൾക്കു വല്ലപ്പോഴും ഒരു ചിത്രകാരനാകാൻ കഴിയുമോ? നിരന്തരമായ കഠിന പരിശ്രമം കൂടാതെ നിങ്ങൾക്കു ചിത്രകാരനാകാൻ കഴിയില്ല. ഞാൻ അയാളുടെ സുകുമാരാവയവങ്ങൾ കാണുമ്പോൾ, അഥവാ അയാളുടെ വിമർശനാത്മകമായ ഭാഷണം ശ്രവിക്കുമ്പോൾ മനസ്സിൽ കരുതും: 'ഇല്ല, പ്രവൃത്തിയെടുക്കുക നിങ്ങൾക്കു സാദ്ധ്യമല്ല. നിങ്ങൾക്കു നിങ്ങളുടെ ശക്തികളെ കേന്ദ്രീകരിക്കുവാൻ കഴിയില്ല.' പക്ഷേ, അവളിൽ അനുരക്തനാകാതിരിക്കുക സാദ്ധ്യമല്ല. ഹൃദയം അവളുടെനേരെ ആകൃഷ്ടമായിക്കൊണ്ടിരുന്നു. ഞങ്ങൾ നാലുമണിക്കൂർ ഒന്നിച്ചു കഴിച്ചുകൂട്ടി. ചിലപ്പോൾ കട്ടിലിലിരുന്നു്, ചിലപ്പോൾ വീടിനു മുൻവശത്തുടെ അങ്ങുമിങ്ങും നടന്നു്. ഈ നാലുമണിക്കൂർകൊണ്ടു് ഞങ്ങൾ വലിയ മിത്രങ്ങളായി.

സൂര്യൻ മറഞ്ഞു. എനിക്കു പോകാൻ സമയമായി. പക്ഷേ, അശയ മടങ്ങിയിട്ടില്ല.

ഗാഗിൻ പിറുപിറുത്തു: "എന്തൊരു സ്വാതന്ത്ര്യമുള്ള പെൺകുട്ടി! നിങ്ങൾ പറയുകയാണെങ്കിൽ ഞാനും കൂടെ വരാം. നമുക്കു ഫ്രാലൂയിയുടെ വീട്ടിലൂടെ പോകാം. ഞാൻ അവളുടെ വിവരമറിഞ്ഞുവരാം. വീടു വഴിയിൽ നിന്നധികം ദൂരത്തല്ല."

ഞങ്ങൾ നഗരത്തിനുള്ളിലേക്കു പോയി. ഒരിടുങ്ങിയ വഴിയിലൂടെ തിരിഞ്ഞു് ഒരു വീടിൻെറ മുമ്പിൽ ചെന്നുനിന്നു. വീടു വളരെ വിസ്തൃതമായിരുന്നില്ല. എന്നാൽ നാലു നിലയുണ്ടു്. രണ്ടാമത്തെ നില ആദ്യത്തെ നിലയേക്കാൾ കുറെ മുന്നോട്ടു തള്ളിയാണു്. മൂന്നാമത്തെയും നാലാമത്തെയും നിലകൾ രണ്ടാമത്തെതിനെക്കാൾ മുന്നോട്ടു തള്ളിനില്ക്കുന്നുണ്ടു്. വീടൊട്ടാകെ ഓടുമേഞ്ഞ

മേല്പുരയ്ക്കു താഴെ നിർമ്മിച്ചുവെച്ച രണ്ടു തടിത്തൂണുകളിൽ, മരംകൊണ്ടുണ്ടാക്കി കൊത്തുപണികൾ ചെയ്ത രണ്ടു കാലു കളിൽ, നില്ക്കുന്ന വലിയൊരു പക്ഷിയെപ്പോലെ തോന്നി യിരുന്നു.

ഗാഗിൻ വിളിച്ചുചോദിച്ചു: "അശയേ, നിങ്ങൾ ഇവിടെയുണ്ടോ?"

മൂന്നാംനിലയിലെ ഒരു ജന്നൽ തുറന്നു, അശയയുടെ തല പുറത്തുകണ്ടു. പുറകെ പല്ലില്ലാത്ത, അന്ധയായ ഒരു ജർമ്മൻസ്ത്രീയുടെ തലയും പുറത്തേക്കെത്തിനോക്കിയിരുന്നു.

ജന്നൽപടിയിൽ താങ്ങിനിന്ന് അശയ ഹാവഭാവ ങ്ങളോടുകൂടിപ്പറഞ്ഞു: "ഞാനിവിടെയുണ്ട്. ഞാനിവി ടെ ആനന്ദിച്ചുകൊണ്ടിരിക്കയാണ്. ഇതു നിങ്ങൾക്കാ ണ്. എടുത്തോളൂ, പിടിച്ചോളൂ."

അവൾ ഗാഗിൻെറനേക്ക് ഒരു പുഷ്പം വലിച്ചെ റിഞ്ഞു.

"ഞാൻ നിങ്ങളുടെ ഹൃദയത്തിലധിവസിക്കുന്ന ദേവിയാണ്."

ഫ്രാലൃയി ചിരിക്കാൻ തുടങ്ങി.

ഗാഗിൻ പറഞ്ഞു: "ന— വീട്ടിൽ പോകയാണ്. നിങ്ങളോടു യാത്രചോദിക്കാൻ വന്നു നില്ക്കുന്നു."

അശയ അസ്പ്ഷ്ടസ്വരത്തിൽ പറഞ്ഞു: "നേരോ! എന്നാൽ എൻെറ പൂവ് അദ്ദേഹത്തിനു കൊടുക്കൂ. ഞാ നിതാ വീട്ടിലേക്കു വരികയാണ്."

അവൾ ഉടൻതന്നെ ജനലടച്ചു. ഒരുപക്ഷേ, ഫ്രാ ലൃയിയോടു പറയാൻ പോയതായിരിക്കണം. ഗാഗിൻ മിണ്ടാതെ പൂവെനിക്കു തന്നു. ഞാനും മിണ്ടാതെ അതു കീശയിലിട്ടു കടവിൽ പോയി പുഴ കടന്നു.

എനിക്കോർമ്മയുണ്ട്, ഞാൻ ഒന്നും ആലോചിച്ചു

കൊണ്ടല്ല വീട്ടിൽ പോയതു്. ഹൃദയത്തിൽ ഒരസാധാരണ ഭാരവുംകൊണ്ടാണു പോയതു്. വഴിക്കു പെട്ടെന്നു് ഒരു തീക്ഷ്ണഗന്ധമേററു ഞാൻ ആശ്ചര്യപ്പെട്ടു നിന്നുപോയി. എനിക്കതു ധാരാളം പരിചിതമായിരുന്നു. പക്ഷേ, ജമ്മനിയിൽ അത്ര സുലഭമല്ല. ഞാൻ നിന്നു നോക്കിയപ്പോൾ വഴിവക്കത്തു് ഒരു ചണത്തോട്ടം കണ്ടു. റഷ്യൻവായുവിൽ സദാ നിറഞ്ഞിരിക്കാറുള്ള ആ ഗന്ധം എന്നിൽ സ്വദേശത്തിൻെറ സ്മരണയുണർത്തി. റഷ്യൻ വായുമണ്ഡലത്തിൽ ശ്വസിക്കുകയും റഷ്യൻ വീഥികളിൽ സഞ്ചരിക്കുകയും ചെയ്യാനുള്ള ഒരു പ്രബലമായ ആഗ്രഹം എനിക്കുണ്ടായി. എൻെറ ഹൃദയത്തിൽനിന്നു പൊങ്ങി: 'ഞാൻ എന്താണിവിടെച്ചെയ്യുന്നതു്? ഞാനീ വിദേശത്തു് വിദേശികളുടെയിടയിൽ എന്തിനാണു ചുററിക്കറങ്ങുന്നതു്?' എൻെറ ഹൃദയത്തിൽ തോന്നിയിരുന്ന കനത്ത ഭാരം പെട്ടെന്നു് ഒരു തീവ്രവും മമ്മദാഹകവുമായ കോലാഹലമായിപ്പരിണമിച്ചു. വീട്ടിലെത്തിയപ്പോൾ എൻെറ തലച്ചോറിൻെറ സ്ഥിതി തലേന്നാളത്തേക്കാൾ തികച്ചും വിഭിന്നമായിരുന്നു. എനിക്കു ദേഷ്യം വന്നു. വളരെ നേരത്തേക്കു സ്വയം ശാന്തനാകാൻ കഴിഞ്ഞില്ല. അവസാനം ഞാൻ എഴുനേററിരുന്നു് എൻെറ മോഹിനിയായ വിധവയെപ്പററിയോത്തുകൊണ്ടു് അവളുടെ ഒരെഴുത്തെടുത്തു. (ഞാൻ ദിവസം പ്രതി കിടക്കാൻ പോകുമ്പോൾ ആ സ്ത്രീയെ സ്മരിക്കാറുണ്ടു്.) പക്ഷേ, അതു തുറക്കാനവസരം കിട്ടിയില്ല. കാരണം എൻെറ വിചാരഗതി മറെറാരിടത്തേക്കു തിരിഞ്ഞു. ഞാൻ ചിന്തിക്കാൻ—അശയയെപ്പററി ചിന്തിക്കാൻ—തുടങ്ങി. എനിക്കൊരു കായ്യം ഓമ്മ വന്നു: 'ഗാഗിൻ, അയാൾക്കു റഷ്യയിലേക്കു തിരിച്ചുപോകാനു

ണ്ടായിരുന്ന ഒരു പ്രതിബന്ധത്തെപ്പററി സൂചിപ്പിച്ചിരുന്നു. ഞാൻ ഉറപ്പിച്ചു പറഞ്ഞു—അപ്പോൾ ഇതൊന്നു കേൾക്കട്ടെ; അതു് അയാളുടെ സഹോദരിയാണോ?'

ഞാൻ ഉടുപ്പൂരി കിടന്നുറങ്ങാൻ നോക്കി. പക്ഷേ, ഒരു മണിക്കൂറിനുശേഷം വിരിയിലെഴുന്നേററു തലയിണ ചാരിയിരുന്നു പുഞ്ചിരിയിട്ടു ചിലച്ചുകൊണ്ടിരുന്ന അതേ ദുഷ്ടബാലികയുടെ കാര്യം ആലോചിക്കുവാൻ തുടങ്ങി. ഞാൻ പറഞ്ഞു: 'അവൾ ഫർണിയിലെ രാജകൊട്ടാരത്തിൽ വിലസുന്ന റാഫേലിൻെറ സലീഷയെപ്പോലെയാണു്. അതേ, അവൾ അയാളുടെ സോദരിയല്ല.'

വിധവയുടെ കത്തു് അതേപടി ചന്ദ്രകിരണങ്ങളിൽ മിന്നിത്തിളങ്ങിക്കൊണ്ടു നിലത്തു വീണുപോയി.

## 5

അടുത്ത ദിവസം രാവിലെ ഞാൻ വീണ്ടും ല—നഗരത്തിലേക്കു പോയി. ഗാഗിനെക്കാണാനാണു് അങ്ങോട്ടു പോകുന്നതെന്ന കാര്യത്തിൽ എനിക്കു പരിപൂർണ്ണമായ ആത്മവിശ്വാസമുണ്ടായിരുന്നു. എന്നാൽ അശയ എന്തുചെയ്യുന്നുവെന്നു കാണാനുള്ള ഒരാഗ്രഹംകൂടി എന്നെ അങ്ങോട്ടാകർഷിച്ചു. അവൾ തലേന്നാളത്തെപ്പോലെ വിചിത്രമായിപ്പെരുമാറുമോ? അവരിരുവരും പൂമുഖത്തിരിക്കുന്നതു ഞാൻ കണ്ടു. ഇതാണാശ്ചര്യം!—ഞാൻ ഇന്നലെ വൈകുന്നേരംമുതൽ ഇന്നു രാവിലെവരെ റഷ്യയെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നു. അശയ യഥാർത്ഥരൂപത്തിൽ ഒരു റഷ്യൻപെൺകുട്ടിയായിട്ടെനിക്കുതോന്നി. വേലക്കാരിയെപ്പോലുള്ള ഒരു സാധാരണ പെൺ

കുട്ടി. അവൾ ഒരു പഴയ കൊച്ചുടുപ്പാണു ധരിച്ചിരുന്നതു്. അവളുടെ മുടി ചെവികൾക്കു പുറകിൽ ഭംഗിയിൽ പിന്നിവെച്ചിരുന്നു. അവൾ മിണ്ടാതെ ജന്നലിന്നടുത്തിരുന്നു നാണംകുണുങ്ങി സൗമ്യഭാവത്തിൽ എന്തൊ നെയ്യുകയായിരുന്നു. അവൾ തൻെറ ജീവിതത്തിൽ മററൊന്നുംതന്നെ ചെയ്തിട്ടില്ലെന്നു തോന്നും. അവൾ ഒന്നും സംസാരിച്ചിരുന്നില്ല. തൻെറ ജോലിയിൽത്തന്നെ ദൃഷ്ടിതറച്ചിരുന്നു. അവളുടെ മുഖത്തു് ഒരു സാധാരണ നിത്യജീവിതത്തിൻെറ ഭാവം സ്ഫുരിച്ചിരുന്നു. പെട്ടെന്നു് എൻെറ വീട്ടിലെ രണ്ടു ദാസിമാരെപ്പററിയോൎമ്മവന്നു. താരതമ്യം പൂൎണ്ണമാക്കുവാൻവേണ്ടി അവൾ പതുക്കെ മൂളുവാൻ തുടങ്ങി: 'മാത സ്കാഗോൾ ബസ്കാ...* ' ഞാൻ അവളുടെ വിഷണ്ണവും നിൎജ്ജീവവുമായ മുഖത്തു നോക്കി. കഴിഞ്ഞ രാത്രിയിലെ ചിന്തകൾ സ്മരണയിലെത്തി. എന്തോ, എനിക്കൊരാലസ്യം തോന്നി.

കാലം വളരെ സുന്ദരമായിരുന്നു. ഗാഗിൻ അന്നു് പ്രകൃതിയിലെ ചില സുന്ദരചിത്രങ്ങൾ വരയ്ക്കുവാൻ പോവുകയാണെന്നെന്നോടു പറഞ്ഞു. ഞാൻ അയാളോടു ചോദിച്ചു, എന്നെയുംകൂടെ കൊണ്ടുപോകാമോയെന്നു്, ഞാൻ കൂടെപ്പോകുന്നതുകൊണ്ടു തടസ്സമൊന്നുമുണ്ടാവില്ലെങ്കിൽ.

"ഒന്നുമില്ല," അയാൾ മറുപടി പറഞ്ഞു. "നിങ്ങൾ വരുന്നതുകൊണ്ടു് എനിക്കു സഹായമേയുണ്ടാകയുള്ളു."

അയാൾ ഉടുപ്പിട്ടുത്തിട്ടു. ചിത്രമെഴുതാനുള്ള പുസ്തകം കക്ഷത്തുവെച്ചു് ഇറങ്ങിനടന്നു. ഞാൻ പിന്നാലെ പോയി. അശയ വീട്ടിൽതന്നെയായിരുന്നു. പോകുന്നസമയത്തു് ഗാഗിൻ അവളോടു പറഞ്ഞു, കൂട്ടാന്റെ ചാറു തീരെ നേൎത്തുപോകാതെ നോക്കണമെന്നു്. അശയ അടുക്കളയിൽ പോ

---

* ഒരു റഷ്യൻ ഗ്രാമീണസംഗീതം.

യിഅക്കാര്യത്തിൽ ദ്രഷ്ടിവെയ്ക്കാമെന്നു സമ്മതിച്ചു. ഗാഗിൻ ഒരു ചെറിയ പീഠഭൂമിയിലെത്തി. ഞങ്ങൾക്കവിടം നല്ല പോലെ പരിചിതമായിരുന്നു. അവിടെ ഒരുപാറപ്പുറത്തിരുന്നു. പോതുപിടിച്ച ഒരോക്കിന്റെ ചിത്രം വരയ്ക്കാൻതുടങ്ങി. ഞാൻ പുല്ലിൻപുറത്തു കിടന്നു്, പുസ്തകമെടുത്തു വായനയാരംഭിച്ചു. രണ്ടേടുകൾ വായിച്ചിരിക്കും. അയാൾ കടലാസിൽ ചില വരകൾമാത്രം വരച്ചുകൊണ്ടിരുന്നു. ഞങ്ങളിരുവരും തമ്മിൽ വാർത്താലാപവും വാദവിവാദവും മുറയ്ക്കു നടന്നുകൊണ്ടിരുന്നു. എങ്ങനെയാണു ജോലി തുടങ്ങേണ്ടതു്, ഏതു നിയമമാണനുഷ്ഠിക്കേണ്ടതു്, ഏതു കാര്യങ്ങളാണു വർജ്ജിക്കേണ്ടതു്, ഈ നൂററാണ്ടിലെ ചിത്രകാരൻെറ യഥാർത്ഥാദർശമെന്താണ്—ഈ വിഷയങ്ങളെക്കുറിച്ചാണു ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതു്. അവസാനം ഗാഗിൻ പറഞ്ഞു: "ഇന്നു് ഒരു സുഖമില്ല." അയാൾ എൻെറയടുത്തു കിടന്നു. പിന്നെയോ? ഞങ്ങളുടെ യൗവനംനിറഞ്ഞ സംഭാഷണം ഇടവിടാതെ തുടൎന്നുകൊണ്ടിരുന്നു. വേണ്ടത്ര സംസാരിച്ചു കഴിഞ്ഞപ്പോൾ, എന്തെങ്കിലും കുറച്ചു ചെയ്തുകഴിഞ്ഞുവെന്നു വിശ്വാസമായപ്പോൾ, അഥവാ, ഒരു കാര്യത്തിൽ വിജയിച്ചുകഴിഞ്ഞുവെന്നു ബോദ്ധ്യമായപ്പോൾ, ഞങ്ങൾ വീട്ടിലേക്കു മടങ്ങി. ഞാൻ പോന്നപ്പോഴത്തെ നിലയിൽത്തന്നെ അശയയെക്കണ്ടു. വളരെ ശ്രദ്ധിച്ചു നോക്കിയിട്ടും അവളുടെ മുഖത്തു് ആനന്ദത്തിൻെറയൊരു പ്രസ്ഫുരണവും കണ്ടില്ല. കരുതിക്കൂട്ടി അറിയുന്ന ലക്ഷണവും കണ്ടില്ല. ഇത്തവണ അവളിൽ അസ്വാഭാവികതയുണ്ടെന്ന കുറ്റം ചുമത്തുവാൻ സാദ്ധ്യമല്ലായിരുന്നു.

ഗാഗിൻ അവളുടെ വേഷം കണ്ടു ചോദിച്ചു: "ഓഹോ! സന്യാസവും തുടങ്ങിയിരിക്കുകയാണോ?"

സന്ധ്യസമയത്തു് അവൾ മറയ്ക്കാൻ ശ്രമിക്കാതെ തന്നെ പലതവണ കോട്ടവായിട്ടു. താമസിയാതെ ഉറങ്ങുവാൻ പോയി. ഞാൻ ഗാഗിനോടു യാത്രപറഞ്ഞു പല കാൎയ്യങ്ങളും ചിന്തിച്ചുകൊണ്ടു വീട്ടിലേക്കു മടങ്ങി. ആ ദിവസം അങ്ങനെ വലിയവലിയ കാൎയ്യവിചാരങ്ങളിൽത്തന്നെ കഴിഞ്ഞുപോയി. എനിക്കിത്രയേ ഓൎമ്മയുള്ളു— ഞാൻ ഉറങ്ങുവാൻ തുടങ്ങിയപ്പോൾ സ്വയം മനസ്സിൽ പറഞ്ഞു: 'ഈ പെൺകുട്ടി എന്തൊരോന്താണു്!' പിന്നെ കുറച്ചുനേരമാലോചിച്ചു പറഞ്ഞു: 'പക്ഷേ, എന്തുമാകട്ടെ, ഇവൾ അയാളുടെ സോദരിയല്ല.'

## 6

ഇങ്ങനെ ഒരു പക്ഷം കഴിഞ്ഞു. ഞാൻ ദിവസം പ്രതി ഗാഗിനെ സന്ദൎശിച്ചിരുന്നു. അശയ എന്നിൽ നിന്നകന്നിരുന്നു. എന്നാൽ പിന്നീടൊരിക്കലും അവൾ ആ ലീലാവിലാസം എൻെറ മുമ്പിൽ പ്രദൎശിപ്പിക്കയുണ്ടായില്ല. അതുകൊണ്ടാണല്ലോ അന്നു ഞാൻ ആശ്ചൎയ്യംകൊണ്ടമ്പരന്നതു്. അവൾ എന്തോ അന്തരംഗത്തിൽ മൎമ്മാഹതയായതുപോലെ തോന്നി. വളരെ വിരളമായേ ചിരിക്കുകതന്നെയുള്ളു. ഞാൻ അവളുടെ ഹാവഭാവങ്ങൾ കൗതുകത്തോടെ വീക്ഷിക്കാൻതുടങ്ങി. അവൾക്കു ഫ്രഞ്ചും ജൎമ്മനും നല്ലപോലെ സംസാരിക്കാനറിയാം. എന്നാൽ ഓരോ പെരുമാററത്തിലും പ്രത്യക്ഷമായിരുന്നു, ചെറുപ്പംമുതൽ അവൾ സ്ത്രീകളുടെ കൈയിലല്ല വളൎന്നതെന്നു്. അവൾ ഗാഗിൻേറതിൽനിന്നു വിഭിന്നമായ അസാധാരണവും വിചിത്രവുമായ ഒരു

ശിക്ഷണമാണു നേടിയിട്ടുള്ളതു്. അവളുടെ വേഷഭൂഷകൾ പോകട്ടെ, അവളുടെ മുഖമണ്ഡലം ഒരു റഷ്യൻ തറവാടിത്തത്തിൻെറ സജീവഭാവം വഹിച്ചിരുന്നു. പക്ഷേ, ഒരുയൎന്ന കുലത്തിൽ പിറന്നവളാണെന്നു തോന്നിയിരുന്നില്ല. അവളുടെ ഓരോ ചേഷ്ടയിലും ഒരുതരം ചാഞ്ചല്യമുണ്ടായിരുന്നു. ആ കാട്ടുപനിനീർച്ചെടി പുതുതായി മൊട്ടിട്ടതായിരുന്നു. സ്വഭാവത്തിൽ വിനീതയും ലജ്ജാലുവുമായതുകാരണം അവൾ തന്റെ സങ്കോചത്തിൽ സ്വയം ശുണ്ഠിയെടുത്തിരുന്നു. ഈ ശുണ്ഠികാരണം നിർഭീകയും സ്വേച്ഛാചാരിണിയുമാകുവാൻ പരിശ്രമിച്ചിരുന്നു. പക്ഷേ, ഇക്കാൎയ്യത്തിൽ അവൾക്കെപ്പോഴും സാഫല്യം ലഭിച്ചില്ല. ഞാൻ പലപ്പോഴും അവളുടെ റഷ്യൻ ജീവിതത്തെപ്പററിയും കഴിഞ്ഞകാലത്തെപ്പററിയും അവളോടു സംസാരിക്കാൻ പരിശ്രമിച്ചു. എന്നാൽ അവൾ അലസമായിട്ടാണു് അതിനു മറുപടി പറഞ്ഞതു്. എനിക്കിത്രയും മനസ്സിലായി—പുറത്തേക്കിറങ്ങുന്നതിനു മുമ്പു് അവൾ വളരെ നാൾ ഗ്രാമപ്രദേശത്തു താമസിച്ചിട്ടുണ്ടു്. ഞാൻ ഒരുതവണ അവൾ ഒരു പുസ്തകം വായിക്കുന്നതു കണ്ടുപിടിച്ചു. ഇരിക്കുകയായിരുന്നു, കൈയിൽ തലവെച്ചു മുടിയിൽ വിരലുകൾ മറച്ചു്. വളരെ ശ്രദ്ധയോടെ വായിക്കുകയായിരുന്നു.

ഞാൻ അടുത്തുചെന്നു പറഞ്ഞു: "കൊള്ളാം! നിങ്ങൾ നല്ല പരിശ്രമശീലയാണല്ലൊ!"

അവൾ ഗൗരവത്തിൽ തലപൊക്കി തീക്ഷ്ണദൃഷ്ടികളാൽ എന്റെ നേക്കു നോക്കി, പിറുപിറുത്തു: "നിങ്ങൾ വിചാരിക്കുന്നുണ്ടായിരിക്കും, എനിക്കു ചിരിക്കാൻ മാത്രമേയറിഞ്ഞുകൂടുവെന്നു്!" അവൾ ഇതു പറഞ്ഞു് എഴുനേററുപോകാൻ പുറപ്പെട്ടു.

ഞാൻ അവളുടെ പുസ്തകത്തിന്റെ പേരു നോക്കി—ഒരു ഫ്രഞ്ച്നോവലായിരുന്നു.

"എന്തുമാകട്ടെ," ഞാൻ പറഞ്ഞു. "പക്ഷേ, എനിക്കു നിങ്ങളുടെ വാസനയെ പ്രശംസിക്കാൻ കഴിയില്ല."

"പിന്നെയെന്താണു വായിക്കേണ്ടതു്?" അവൾ പുസ്തകം മേശപ്പുറത്തു വലിച്ചെറിഞ്ഞു: "പിന്നെ ഞാൻ പുറത്തുപോയി മനസ്സിൽ തോന്നിയമാതിരി ചെയ്യുകയാണോ വേണ്ടതു്?"

അവൾ പൂന്തോട്ടത്തിലേക്കോടിപ്പോയി.

അന്നു സന്ധ്യസമയത്ത് ഞാൻ ഗാഗിനെ ഒരു റഷ്യൻ പുസ്തകം വായിച്ചുകേൾപ്പിച്ചു. ആദ്യം അശെയ ഞങ്ങളുടെ ചുററും അങ്ങുമിങ്ങും ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അവൾ പെട്ടെന്നു നിന്നു കേൾക്കാൻ തുടങ്ങി. പിന്നെ എൻെറയടുത്തു വന്നു മിണ്ടാതിരുന്നു. പുസ്തകം മുഴുവൻ വായിച്ചുകേട്ടു. അടുത്ത ദിവസം എനിക്കവളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ അവളെനിക്കൊരു ചോദ്യചിഹ്നമായിരുന്നു. ഞാൻ ഇടയ്ക്കിടയ്ക്ക് അവളോട്ട് ദേഷ്യപ്പെട്ടും, എന്നാലും അവളെ എനിക്കിഷ്ടപ്പെട്ടു. ഒരുകാര്യം ദിവസം കഴിയുന്തോറും ഞാനുറപ്പിച്ചു, അവൾ ഗാഗിൻെറ സഹോദരിയല്ല. അയാൾ അവളോട്ട് സഹോദരനെന്നപോലെയല്ല പെരുമാറുന്നതു്. അവളെ അങ്ങനെ സ്നേഹിക്കുന്നില്ല. അവളുടെ ജീവിതത്തിൽ ശ്രദ്ധിക്കുന്നില്ല. അവളോട്ട് തുറന്നു സംസാരിക്കുകകൂടി ചെയ്യുന്നില്ല.

ഒരസാധാരണ സന്ദർഭത്തിൽ എൻെറ സംശയം ദൃഢപ്പെട്ടു. ഒരുദിവസം സന്ധ്യയ്ക്കു ഞാൻ പൂന്തോട്ടത്തിന്നടുത്തെത്തിയപ്പോൾ പടി പൂട്ടിയിരിക്കുന്നതു കണ്ടു. കൂടുതലൊന്നും ചിന്തിക്കാതെ മതില്പ് പൊളിഞ്ഞു കിട

ന്നിരുന്ന ഭാഗത്തു ചെന്നു് അതിലേ ഞാൻ അകത്തു കടന്നു. ആ സ്ഥാനത്തുനിന്നല്പം ദൂരത്തു് വഴിവക്കിലായി ലതകൾ മൂടിക്കിടക്കുന്ന ഒരു ഗ്രീഷ്മസദനമുണ്ടായിരുന്നു. ഞാൻ അതിനടുത്തെത്തിയപ്പോൾ പെട്ടെന്നു് അശയയുടെ സ്വരം കേട്ടു. ഞാൻ ആശ്ചര്യപ്പെട്ടു നിന്നുപോയി. അശയ ഗദ്ഗദാവേശത്തോടെ പറയുകയാണു്: "ഇല്ല. എനിക്കു നിങ്ങളെയല്ലാതെ മററാരെയും സ്നേഹിക്കാൻ കഴിയില്ല. ഇല്ല, ഇല്ല. എനിക്കു നിങ്ങളെ മാത്രമേ സ്നേഹിക്കാനാവുള്ളു. ഏതൊരു കാലത്തും."

ഗാഗിൻ പറഞ്ഞു: "ആകട്ടെ അശയേ, ധൈര്യപ്പെട്ടു. നിങ്ങൾക്കറിയാമല്ലോ. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു."

ഗ്രീഷ്മാവാസത്തിൽനിന്നു് അവരുടെ സ്വരം കേൾക്കാമായിരുന്നു. ഞാൻ ലതകൾക്കിടയിലൂടെ അവരിരുവരെയും നോക്കിക്കണ്ടു. അവർക്കെന്നെക്കാണാൻ കഴിഞ്ഞില്ല.

അയാളുടെ കഴുത്തിൽ കൈകളിട്ടു പിടിച്ചു തൂങ്ങിക്കൊണ്ടു് അവൾ വീണ്ടും പറഞ്ഞു: "അതെ, നിങ്ങളെ, നിങ്ങളെ മാത്രം," തേങ്ങലോടെ ചുംബിച്ചുകൊണ്ടു് അവൾ അയാളെ കെട്ടിപ്പിടിച്ചു.

ഗാഗിൻ പറഞ്ഞു: "ആകട്ടെ, ആകട്ടെ." അയാൾ അവളുടെ മുടിയിൽ സാവധാനം തലോടാൻ തുടങ്ങി.

കുറച്ചു നിമിഷങ്ങൾ ഞാനങ്ങനെ നിശ്ചലനായി നിന്നുപോയി. പിന്നെ മുന്നോട്ടു നീങ്ങി. അവരുടെയടുത്തുപോയാലോ? എനിക്കു തോന്നി: 'ഒരിക്കലും വയ്യ.' ഞാൻ വേഗം കാലെടുത്തുവെച്ചു മതിലിനടുത്തേക്കു നീങ്ങി. കവച്ചു കടന്നു ചാടിയോടി വീട്ടിലെത്തി. ഞാൻ പുഞ്ചിരിയിട്ടു സ്വയം കൈകൾ തമ്മിൽ തലോടി.

എൻെറ സംശയം ദൃഢപ്പെട്ടതിൽ എനിക്കു സന്തോഷമു ണ്ടായി. പക്ഷേ, ഒപ്പംതന്നെ ഹൃദയത്തിലൊരു വേദന പൊങ്ങി. ഞാൻ ചിന്തിച്ചു: 'ഇവൾക്കു തട്ടിപ്പു നല്ലപോ ലെയറിയാം. പക്ഷേ, എന്തിനു്? എന്നെ വഞ്ചിച്ചിട്ടി വൾക്കു കാര്യമെന്തു്? എനിക്കങ്ങനെയൊരാശയുണ്ടായിരു ന്നില്ല. എന്തൊരു രഹസ്യം നിറഞ്ഞ സംഗതി!'

# 7

എനിക്കു നല്ലപോലെ ഉറക്കം വന്നില്ല. രാവി ലെ വേഗം കണ്ണുതുറന്നു, തോളിൽ സഞ്ചിയെടുത്തിട്ടു ഞാൻ വീട്ടടമസ്ഥയോടു പറഞ്ഞു, രാത്രിയെന്നെ കാ ത്തിരിക്കേണ്ടയാവശ്യമില്ലെന്നു്. ഇതുപറഞ്ഞു ഞാൻ കാൽനടയായിത്തന്നെ സ— നഗരത്തിനടുത്തുകൂടെയൊഴു കുന്ന നദിയുടെ സമീപത്തുള്ള കുന്നുകളിലേക്കു പോയി. ഭൂഗർഭശാസ്ത്രത്തിൻെറ ദൃഷ്ടിയിലൂടെ നോക്കിയാൽ ഈ കുന്നുകൾ വളരെ മനോഹരങ്ങളാണു്. പക്ഷേ, എനി ക്കക്കൊയ്ത്തിൽ തീരെ താല്പര്യമുണ്ടായിരുന്നില്ല. എൻെറ യകത്തു് എന്താണു സംഭവിക്കുന്നതെന്നു് എനിക്കുതന്നെ നിശ്ചയമില്ലായിരുന്നു. ഒരു ഭാവം സ്പഷ്ടമായിരുന്നു; ഗാ ഗിനെക്കാണാനുള്ള വിമുഖത. എനിക്കു് അവരുടെ നിറപ്പകർച്ചയിൽ ശ്ശുണ്ഠിവന്നുവെന്നതുതന്നെയാണു് അവരോടെനിക്കരുചി തോന്നുവാൻ കാരണമെന്നു ഞാൻ എന്നെത്തന്നെ മനസ്സിലാക്കി. ഇവൾക്കു് സോദരങ്ങളാണെ ന്നു നടിക്കേണ്ടയാവശ്യമെന്തുണ്ടായി? ഞാൻ അവരെ മറന്നുകളയുവാൻ പരിശ്രമിച്ചു. കുന്നുകളിലും ചെരുവു കളിലും അങ്ങുമിങ്ങും ചുററിനടക്കുവാൻ തുടങ്ങി. ഗ്രാമ

സത്രങ്ങളിൽ ചെന്നിരുന്ന് അവിടെക്കൂടിയിരുന്ന യാത്രക്കാരോട്ട വെടിപറയാൻ കൂടി. വിസ്താരമുള്ള പാറപ്പുറത്തു ചെന്നുകിടന്നു് ആകാശത്തിൽ ഉയരുന്ന മേഘങ്ങൾ നോക്കിക്കാണാൻതുടങ്ങി. ഭാഗ്യവശാൽ കാലാവസ്ഥ സുന്ദരമായിരുന്നു. ഇങ്ങനെ മൂന്നുദിവസം ഞാൻ കഴിച്ചു, ആനന്ദപൂർവ്വംതന്നെ. ഇടയ്ക്കിടയ്ക്ക് എൻെറ മനസ്സിൽ വിഷമം തോന്നിയിരുന്നുവെങ്കിലും മസ്തിഷ്കം അവിടത്തെ പ്രശാന്തമായ അന്തരീക്ഷത്തോടിണങ്ങിച്ചേൎന്നിരുന്നു.

ഞാൻ തികച്ചും ഭാവനകളുടെ മദ്ധ്യത്തിലേക്കിറങ്ങി. അവ ഒന്നിനൊന്നുപുറകെ മാറിമാറി എൻെറ മസ്തിഷ്കത്തിൽ വന്നുകൊണ്ടിരുന്നു. അവസാനം അതേ ഒരു ചിരന്തനഭാവനയാണ് അവശേഷിച്ചിരുന്നതു്. മൂന്നുദിവസം ഞാൻ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം അതിൽ അലിഞ്ഞുചേൎന്നിരിക്കുന്നു. അതേ, സകലതും...വനങ്ങളിൽ നിറഞ്ഞിരിക്കുന്ന പയിനിൻെറ കനത്ത ഗന്ധം, പക്ഷികളുടെ കളകളാരവം. സ്വച്ഛനിർമ്മലമായൊഴുകുന്ന നദികളുടെ ചലചലശബ്ദം, മണൽത്തിട്ടകൾക്കടുത്തു നീന്തിക്കളിക്കുന്ന മത്സ്യങ്ങൾ, ഇരുണ്ടുകാണുന്ന പർവതപ്രാന്തങ്ങൾ, കറുത്ത കന്മതിലുകളും പഴയ പള്ളികളും പ്രായംചെന്ന പാഴ്മരങ്ങളും തലപൊക്കി നില്ക്കുന്ന കൊച്ചു ഗ്രാമങ്ങൾ, വിശാലമായ വയലുകളോടുകൂടിയ പച്ചപിടിച്ച ഭൂമി, അതിവേഗം തിരിഞ്ഞുകൊണ്ടിരിക്കുന്ന വലിയവലിയ ജലയന്ത്രങ്ങൾ, നീലക്കുപ്പായവും കാക്കിക്കാലുറയും ധരിച്ച കൃഷിക്കാരുടെ നിഷ്പന്ദമുഖമണ്ഡലങ്ങൾ, കാളകളെയും കുതിരകളെയും പൂട്ടി പതുക്കെപ്പതുക്കെ പോകുന്ന വണ്ടികൾ, ആപ്പിളും പേരക്കയും പഴുത്തുനില്ക്കുന്ന തോട്ടങ്ങൾ,

ഇരുവശത്തുമുള്ള വീഥികളിൽ ചുററിനടക്കുന്ന ചെറുപ്പക്കാർ...

അവയെല്ലാം സ്മരിക്കുമ്പോൾ എനിക്കിപ്പോഴും എന്തൊരാനന്ദമാണ്! അതിരററ സന്തോഷവും സമാധാനവും നിറഞ്ഞിരിക്കുന്ന ആ കൊച്ചു ജർമ്മൻ ഭൂവിഭാഗത്തിനു ഞാൻ മംഗളാശീർവ്വാദം ചെയ്തു.

മൂന്നാം ദിവസം ഞാൻ വീട്ടിലെത്തി. നിങ്ങളോട്ട് ഇതു പറയുവാൻ മറന്നുപോയി: ഗാഗിനോട്ട് അസുഖമായപ്പോൾ ഞാൻ ആ ഹൃദയമില്ലാത്ത വിധവയുടെ സ്വരൂപത്തെ മനസ്സിൽ പ്രതിഷ്ഠിക്കുവാൻ പ്രയത്നിച്ചു. പക്ഷേ, ഫലമുണ്ടായില്ല. എനിക്കോർമ്മയുണ്ട്, ഒരുതവണ ഞാൻ അവളെ സ്മരിക്കാൻ ശ്രമിച്ചപ്പോൾ മുമ്പിൽ അഞ്ചുവയസ്സുള്ള ഒരു കൊച്ചു കർഷകബാലിക പ്രത്യക്ഷപ്പെട്ടു. ഉരുണ്ട മുഖം, പനിനീർപൂപോലുള്ള കവിളുകൾ, വലിയവലിയ കണ്ണുകൾ! അവൾ എൻെറ നേരെ നിശ്ചലയായി നോക്കിയപ്പോൾ എൻെറ ദൃഷ്ടികൾക്ക് ആ പവിത്രമായ മിഴികളോടേററുമുട്ടുവാൻ ലജ്ജ തോന്നി. അവളുടെ മുമ്പിൽ ഞാൻ കള്ളനാകുവാൻ ഇഷ്ടപ്പെട്ടില്ല. അതേ ക്ഷണത്തിൽ ഞാൻ എന്നെന്നേക്കുമായി എൻെറ ആദ്യത്തെ പ്രേമപാത്രത്തോട്ട് അവസാനയാത്ര പറഞ്ഞു.

വീട്ടിലെത്തിയപ്പോൾ എനിക്കു ഗാഗിൻെറ ഒരെഴുത്തു കിട്ടി. എൻെറ ഈ പെട്ടെന്നുള്ള തീരുമാനത്തിൽ അയാൾ അത്ഭുതപ്പെട്ടിരുന്നു. അയാളെക്കൂടെ കൊണ്ടുപോരാത്തതിൽ എന്നെ കുററപ്പെടുത്തുകയും ചെയ്തിരുന്നു. അവസാനം വീട്ടിലെത്തിയാൽ ഉടൻ വീണ്ടും അയാളെ കാണാൻ ചെല്ലണമെന്നെഴുതിയിരുന്നു. ഞാൻ വളരെ വിഷമിച്ചാണ് ആ കത്തു വായിച്ചതു്, പക്ഷേ, അടുത്ത ദിവസം അങ്ങോട്ടു പോവുകയും ചെയ്തു.

ഗാഗിൻ എന്നോട്ട് വളരെ ബഹുമാനപൂർവ്വം പെരുമാറി. മധുരവാക്കുകളാൽ പല വിധത്തിലും ശകാരിക്കുകയും ചെയ്തു. പക്ഷേ, അശയ കരുതിക്കൂട്ടിത്തന്നെയായിരിക്കണം, ഒരു കാരണവും കൂടാതെ എന്നെക്കണ്ടു ചിരിച്ചുകൊണ്ടു് ഓടിപ്പോയി. ഗാഗിൻ ഭയപ്പെട്ടതുപോലെ തോന്നി. അവൾ പോയപ്പോൾ അവൾക്കു ഭ്രാന്താണെന്നു പറഞ്ഞു് എന്നോടു ക്ഷമാപണം ചെയ്തു. എനിക്കു് അവളോട്ട് ഒട്ടുംതന്നെ സന്തോഷമുണ്ടായിരുന്നില്ലെന്നു സമ്മതിക്കാതെ തരമില്ല. ഒന്നാമതു ഞാൻ ആദ്യംതന്നെ പരവശനായിരുന്നു ഇപ്പോൾ വീണ്ടും അതേ അസ്വാഭാവികമായ ചിരിയും കളിയും. എന്നാലും ഞാൻ ഒന്നും കണ്ടില്ലെന്നു നടിക്കാൻ പരിശ്രമിച്ചു. എൻെറ സഞ്ചാരകഥകൾ ഗാഗിനെ പറഞ്ഞുകേൾപ്പിക്കാൻ തുടങ്ങി. ഞാനില്ലാത്തപ്പോൾ അയാൾ എന്താണു ചെയ്തതെന്നു് എന്നെയും പറഞ്ഞുകേൾപ്പിച്ചു. ഇടയ്ക്കു സംഭാഷണത്തിനു തടസ്സമുണ്ടായി. അശയ മുറിക്കകത്തു വന്നു വീണ്ടും പുറത്തേക്കോടിപ്പോയി. അവസാനം ഞാൻ പറഞ്ഞു, എനിക്കല്പം കാര്യമുള്ളതുകൊണ്ടു വേഗംതന്നെ വീട്ടിൽ പോകണമെന്നു്. ആദ്യം എന്നെ തടഞ്ഞുനിത്തുവാൻ ഗാഗിൻ വളരെ പരിശ്രമിച്ചു. എന്നാൽ ഒടുവിൽ എൻെറനേരെ സൂക്ഷിച്ചു നോക്കിയതിനുശേഷം ഒന്നിച്ചു പോരാൻ പുറപ്പെട്ടു. ഉച്ചനേരത്തു് അശയ പെട്ടെന്നു് എൻെറ അടുത്തു വന്നു കൈനീട്ടി. ഞാൻ സാവധാനം അവളുടെ വിരലുകൾ പിടിച്ചമത്തി. പക്ഷേ, തല കുനിക്കുകയുണ്ടായില്ല. ഞാൻ ഗാഗിനൊന്നിച്ചു റൈൻ കടന്നു. മഡോണയുടെ സുന്ദരരൂപം കുറ്റിക്കാട്ടുകളിലൂടെ എത്തിനോക്കിയിരുന്ന

ആ മനോഹരമായ സ്ഥലത്തെത്തിയപ്പോൾ ഞങ്ങൾ ആ കാഴ്ചകണ്ടാനന്ദിക്കുവാൻവേണ്ടി ഒരു ബെഞ്ചിന്മേൽ ഇരുന്നു. അവിടെവെച്ചു ഞങ്ങൾ തമ്മിൽ ഒരു പ്രത്യേക സംഭാഷണം നടന്നു.

ആദ്യം ഞങ്ങൾ അങ്ങുമിങ്ങുമുള്ള രണ്ടുനാലു കാര്യങ്ങളെപ്പററി സംസാരിച്ചു. പിന്നെ മുൻവശത്തു വെട്ടിത്തിളങ്ങുന്ന നദിയുടെ നേരെ നിശ്ശബ്ദം നോക്കാൻ തുടങ്ങി.

പെട്ടെന്നു ഗാഗിൻ തൻെറ സ്വാഭാവികമായ പുഞ്ചിരിയോടുകൂടിപ്പറഞ്ഞു: "ഞാൻ നിങ്ങളോടു് ഒരു കാര്യം ചോദിക്കാൻ വിചാരിക്കുന്നു. അശയയെക്കുറിച്ചു് എന്താണു നിങ്ങളുടെ മതം? അവൾ ഒരു വിചിത്രസൃഷ്ടിയായി നിങ്ങൾക്കു തോന്നുന്നുണ്ടോ?"

ഞാൻ അല്പംപോലും ആശ്ചര്യപ്പെടാതെ മറുപടി പറഞ്ഞു: "ഉവ്വ്." അയാൾ അവളെപ്പററി സംസാരിക്കുമെന്നു് എനിക്കു പ്രതീക്ഷയുണ്ടായിരുന്നില്ല.

അയാൾ തുടന്നു: "അവളെപ്പററി ഒരഭിപ്രായം രൂപീകരിക്കുന്നതിനുമുമ്പ് നിങ്ങൾ അവളെ നല്ലപോലെ മനസ്സിലാക്കണം. ഹൃദയം കോമളമാണ്. പക്ഷേ, തലച്ചോറിനല്പം തകരാറുണ്ടു്; കടിഞ്ഞാണില്ലാത്തതാണ്. അവളോടിടപെടുവാൻ വളരെ പ്രയാസമാണ്. എന്നാൽ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല, നിങ്ങൾക്കു് അവളുടെ കഥ മനസ്സിലായെങ്കിൽ..."

"അവളുടെ കഥ?" ഞാൻ ഇടയ്ക്കുകയറിച്ചോദിച്ചു: "അവൾ നിങ്ങളുടെ...?"

ഗാഗിൻ എൻെറനേരെ തുറിച്ചുനോക്കി.

അയാൾ എൻെറ ചിന്താക്കുഴപ്പത്തെപ്പററി ശ്രദ്ധിക്കാതെ പറഞ്ഞു: "നിങ്ങൾ ഒരുപക്ഷേ, വിചാരിക്കുന്നു

ണ്ടായിരിക്കും, അവൾ എൻെറ സഹോദരിയാണെന്നു്; അല്ലേ? വാസ്തവത്തിൽ അവൾ എൻെറ സോദരിയാണു്. അവൾ എൻെറ അച്ഛൻെറ മകളാണു്. കേട്ടോളൂ, ഞാൻ നിങ്ങളെ വിശ്വസിക്കുന്നു. ആദ്യംമുതൽ സകല കഥയും നിങ്ങളെ കേൾപ്പിക്കാം.

"എന്റെ അച്ഛൻ സമർത്ഥനും സദാചാരിയുമായ ഒരു വിദ്വാനായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ജീവിതം ദുഃഖമയമായിരുന്നു. സാധാരണ മററുള്ളവക്കുണ്ടാകുന്ന സകല ദുർവിധികളും അദ്ദേഹത്തിന്നനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ആദ്യത്തെയാഘാതത്തിൽത്തന്നെ അദ്ദേഹം അവശനായിപ്പോയി. ചെറുപ്പത്തിൽത്തന്നെ പ്രേമത്തിനുവേണ്ടി വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ പത്നി—എൻെറ അമ്മ—താമസിയാതെതന്നെ ഈ ലോകം വെടിഞ്ഞുപോയി. അമ്മ മരിച്ചപ്പോൾ എനിക്കാറുമാസമേ പ്രായമായിരുന്നുള്ളു. അച്ഛൻ എന്നെ സ്വന്തം ഗ്രാമത്തിലേക്കു കൊണ്ടുപോയി. പിന്നെ പന്ത്രണ്ടുകൊല്ലത്തേക്കു് അവിടെത്തന്നെ താമസിച്ചു. സകല സമയവും എന്നെ പഠിപ്പിക്കാൻതന്നെ ചെലവഴിച്ചു. അദ്ദേഹത്തിൻെറയനുജൻ—എൻെറയിളയച്ഛൻ—ഇടക്കു ചാടിവീണിരുന്നില്ലെങ്കിൽ, ഒരുപക്ഷേ, ജീവിതകാലത്തിലൊരിക്കലും അദ്ദേഹം എന്നെ അകന്നുപോകാൻ വിട്ടമായിരുന്നില്ല. ഇളയച്ഛൻ പീറ്റേഴ്സ്ബഗ്ഗിലാണു താമസിച്ചിരുന്നതു്. അവിടെ ഒരുയന്ന ജോലിയുണ്ടായിരുന്നു. അദ്ദേഹം എൻെറ ഭാരം ഏറെറടുത്തുകൊള്ളാമെന്നു് അച്ഛനോടു പറഞ്ഞു. അച്ഛൻ ഒരുവിധത്തിലും ആ ഗ്രാമം വിട്ടുപോകാൻ തയ്യാറായിരുന്നില്ല. ഇളയച്ഛൻ പറഞ്ഞു മനസ്സിലാക്കി, എന്റെ പ്രായത്തിലുള്ള കുട്ടികളെ ഇങ്ങനെ ലോകത്തിൽനിന്നകററിവെക്കുന്നതു തീരെച്ചീത്തയാണെന്നു്. എൻെറയച്ഛനെ

പ്പോലെയുള്ള ഒരു മൂകശിക്ഷകൻെറയടുത്തു താമസിച്ചാൽ ഞാൻ എൻെറ സമപ്രായക്കാരായ കുട്ടികളിൽനിന്നു വള രെയധികം പിന്നിലായിപ്പോകുമെന്നും എൻെറ സ്വഭാവം തന്നെ ദുഷിച്ചുപോകുമെന്നുംകൂടി അദ്ദേഹം പറഞ്ഞു. ആദ്യം അച്ഛൻ അതൊന്നും ചെവിക്കൊണ്ടില്ല. എന്നാ ലും അവസാനം അനുസരിച്ചു. അച്ഛനെപ്പിരിയേണ്ടിവ ന്നപ്പോൾ ഞാൻ കരയാൻ തുടങ്ങി. അച്ഛൻെറയധരങ്ങ ളിൽ ഒരിക്കലും പുഞ്ചിരി പരക്കുന്നതു കണ്ടിട്ടില്ലെങ്കിലും ഞാൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. എന്നാൽ പീറേറ ഴ്സ്ബർഗ്ഗിലെത്തിയപ്പോൾ, ഉടൻതന്നെ വിരസമായ വീടിനെ മറന്നു. ഞാൻ സ്കൂളിൽ പോകാൻ തുടങ്ങി, പിന്നെ പട്ടാളത്തിൽ ചേൎന്നു. കൊല്ലംതോറും ഏതാനും ആഴ്ച അവധിയിൽ വീട്ടിൽ പോകുമ്പോൾ അച്ഛൻ അ ധികമധികം ഭീരുവും, ഉദാസീനനും, ഏകാന്തപ്രിയനുമാ യിക്കാണപ്പെട്ടിരുന്നു. അദ്ദേഹം ദിവസംപ്രതി പള്ളി യിൽ പോയിരുന്നു. സംസാരിക്കുന്ന സമ്പ്രദായം തിക ച്ചും മറന്നിരുന്നു. ഇരുപതു വയസ്സായപ്പോൾ ഒരിക്കൽ ഞാൻ വീട്ടിൽ പോയ സമയത്ത് അവിടെ ഒരു മെലി ഞ്ഞു നീണ്ട കൊച്ചു പെൺകുട്ടിയെ കണ്ടു. അവളെ അതി നുമുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല. അശയയായിരുന്നു അ വൾ! അച്ഛൻ പറഞ്ഞറിഞ്ഞു, ഇവൾ അച്ഛനമ്മമാരില്ലാ ത്ത ഒരനാഥബാലികയാണെന്ന്. അദ്ദേഹം ദയതോന്നി അവളെ വീട്ടിൽ പാൎപ്പിച്ചിരിക്കയാണ്; അങ്ങനെയാ ണ് അദ്ദേഹം തൻെറയാ പ്രവൃത്തി ന്യായീകരിച്ചതു്. ഞാൻ ആ ബാലികയെപ്പററി അധികം ശ്രദ്ധിക്കയുണ്ടാ യില്ല. അവൾ മാൻകുട്ടിയെപ്പോലെ മൂകയും ചഞ്ചലയും ലജ്ജാലുവുമായിരുന്നു. ഞാൻ ഇടയ്ക്കിടയ്ക്കു ചിലപ്പോൾ അച്ഛൻെറ വലിയ മുറിക്കകത്തു കടന്നാലുടൻ അവൾ

അദ്ദേഹത്തിന്റെ കസേരയുടെയോ അലമാരിയുടെയോ പിന്നിൽ ചെന്നൊളിക്കുമായിരുന്നു.

"ഒരിക്കൽ ഇങ്ങനെ സംഭവിച്ചു: ജോലിസംബന്ധിച്ച കാര്യങ്ങളിലിടപെട്ടിരുന്നതു കാരണം അടുത്ത മൂന്നുനാലു കൊല്ലം എനിക്കു വീട്ടിൽ പോകുവാൻ കഴിഞ്ഞില്ല. ഓരോ മാസത്തിലും അച്ഛന്റെ ഒരു ചെറിയ കത്തു കിട്ടിയിരുന്നു. പക്ഷേ, അശയയെപ്പററി വളരെ വിരളമായി മാത്രമേ പ്രതിപാദിച്ചിരുന്നുള്ളു. അങ്ങനെ വല്ലപ്പോഴും പ്രതിപാദിച്ചിരുന്നതുതന്നെ വളരെ ചുരുക്കത്തിൽ. അദ്ദേഹത്തിന്ന് അൻപതു വയസ്സായിരുന്നു. എന്നാലും ഒരു ചെറുപ്പക്കാരനെന്നേ തോന്നൂ. ഈ അവസ്ഥയിൽ, അച്ഛൻ മരണശയ്യയിലാണെന്നും, കാണണമെങ്കിൽ ഉടൻതന്നെ വീട്ടിലെത്തണമെന്നും കാണിച്ചു വേലക്കാരൻ എഴുതിയയച്ചപ്പോൾ എനിക്കു വലിയ സംശയമായി. ഞാൻ തൽസമയം വീട്ടിലേക്കു ചെന്നു, അച്ഛനെ ജീവനോടെതന്നെ കണ്ടു. പക്ഷേ, അദ്ദേഹത്തിന്റെ അന്ത്യസമയമടുത്തിരുന്നു. എന്നെക്കണ്ടു സന്തോഷമായി. അച്ഛൻ തന്റെ ദുർബ്ബലകരങ്ങളാൽ എന്നെ കെട്ടിപ്പിടിച്ച് എന്റെ നേരെ സ്നേഹം നിറഞ്ഞ നയനങ്ങളാൽ നോക്കാൻ തുടങ്ങി. തന്റെ അവസാനത്തെയാഗ്രഹം സാധിപ്പിക്കാമെന്ന് എന്നെക്കൊണ്ടു ശപഥംചെയ്യിച്ച് അശയയെ വിളിച്ചുകൊണ്ടുവരുവാൻ വേലക്കാരനെ പറഞ്ഞയച്ചു. ആ വൃദ്ധഭൃത്യൻ അവളെ അകത്തേക്കു വിളിച്ചുകൊണ്ടുവന്നു. അവൾ വളരെ വിഷമിച്ചാണ് അവിടെ വന്നു നിന്നതു്. അവളുടെ അവയവമോരോന്നും വിറകൊണ്ടിരുന്നു.

"അച്ഛൻ വളരെ വിഷമിച്ചു പറഞ്ഞു: 'നോക്കൂ, ഞാൻ എന്റെ മകളെ, നിങ്ങളുടെ സോദരിയെ, അങ്ങേല്പിച്ചുതരികയാണ്. സകല സംഗതികളും യാക്കോവിൽ

നിന്നു മനസ്സിലാക്കാം.''' വേലക്കാരൻെറ നേക്കായിരുന്നു അദ്ദേഹത്തിൻെറ സൂചന.

"അശയ തേങ്ങിത്തേങ്ങിക്കരയാൻതുടങ്ങി. അവൾ വിരിയിൽ ചെന്നുവീണു. അരമണിക്കൂറിനുള്ളിൽ അച്ഛൻ മരിച്ചുപോയി.

"എനിക്കിത്രയും മനസ്സിലാക്കാൻകഴിഞ്ഞു: അശയ എൻെറ അച്ഛൻെറ മകളാണ്. എൻെറ അമ്മയുടെ ആദ്യത്തെ ദാസിയുടെ ഗർഭത്തിലാണ് അവൾ ജനിച്ചതു്. തത്യാനയെന്നായിരുന്നു ദാസിയുടെ പേരു്. ഇന്നു തത്യാനയുടെ ചിത്രം എൻെറ സ്മൃതിപടത്തിൽ സ്പഷ്ടമായി പതിഞ്ഞുകിടപ്പുണ്ടു്. അസംപുഷ്ടമായ ശരീരവും സുന്ദരമായ മുഖമണ്ഡലവും നീണ്ടു കറുത്ത നയനങ്ങളും എനിക്കിന്നു് ഓർമ്മയുണ്ടു്. അമ്മ മരിച്ചതിനുശേഷം അനേക വർഷക്കാലം ആ സ്ത്രീയോട്ടു് അച്ഛന്നു സമ്പർക്കമുണ്ടായിരുന്നുവെന്നു യാക്കോവു പറഞ്ഞതിൽനിന്നു ഞാനറിഞ്ഞു. അക്കാലത്തു് തത്യാന യജമാനൻെറ വീട്ടിൽ പോകാറില്ല. വിവാഹം കഴിച്ചുകൊടുത്ത തൻെറ സോദരിയുടെകൂടെ ഒരു കുടിലിലാണു താമസിച്ചിരുന്നതു്. അച്ഛനോട്ടു് അവൾക്കു് അത്യന്തം അടുത്ത ബന്ധമുണ്ടായിരുന്നു. ഞാൻ ഗ്രാമത്തിൽനിന്നു പോയതിനു ശേഷം അദ്ദേഹം അവരെ വിവാഹംചെയ്യുവാനാഗ്രഹിച്ചു. എന്നാൽ എത്രയധികമാവശ്യപ്പെട്ടിട്ടും അവർ അദ്ദേഹത്തിൻെറ പത്നീപദം സ്വീകരിക്കുവാൻ സമ്മതിച്ചില്ല.

"'തത്യാന മരിച്ചുപോയിക്കഴിഞ്ഞിരുന്നു.' യാക്കോവ് എന്നെ പറഞ്ഞു മനസ്സിലാക്കി: 'അവർ നല്ല ബുദ്ധിയുള്ള സ്ത്രീയായിരുന്നു. നിങ്ങളുടെയച്ഛന്നു ദുഷ്പേരുണ്ടാകാവുന്ന യാതൊരു കാര്യവും ചെയ്യാനൊരുമ്പെട്ടുകയുണ്ടായി

ട്ടില്ല. 'ഞാൻ അങ്ങേക്കെങ്ങനെയാണു യോജിക്കുക?' അവർ എൻെറ മുമ്പിൽ ഇങ്ങനെയാണു പറയാറ്.'

"തത്യാന എൻെറ വീട്ടിൽ താമസിക്കാനിഷ്ടപ്പെട്ടില്ല. അശയയൊന്നിച്ച സഹോദരിയുടെ വീട്ടിൽത്തന്നെ താമസിച്ചു. കുട്ടിക്കാലത്തു പലപ്പോഴും ഞാനവരെ പള്ളിയിൽവെച്ചു കണ്ടിട്ടുണ്ട്. നെററിയിൽ കറുത്ത ടൗവ്വൽ കെട്ടി കഴുത്തിൽ മഞ്ഞനിറത്തിലുള്ള ഷാളിട്ടുകൊണ്ട് അവർ തിരക്കിനിടയിൽ ജനലിന്നടുത്തു ചെന്നിരിക്കും. അവരുടെ ഗൗരവംനിറഞ്ഞ മുഖഭാവം ജനലിൻെറ വെളിച്ചത്തിൽ സ്പഷ്ടമായിക്കാണാമായിരുന്നു. അവർ നിശ്ശബ്ദം പ്രാൎത്ഥിച്ചുകൊണ്ടിരിക്കും. എന്നാൽ നല്ല ഭംഗിയിലാണ്. ഇളയച്ഛൻ എന്നെക്കൂടെക്കൊണ്ടുപോയപ്പോൾ അശയക്കു് രണ്ടു വയസ്സാണ്. അവൾക്കു ഒൻപതു വയസ്സായപ്പോഴാണ് അമ്മ മരിച്ചതു്.

"തത്യാനയുടെ മരണത്തിനുശേഷം അച്ഛൻ അശയയെ വീട്ടിൽ കൊണ്ടുവന്നു പാപ്പിച്ചു. അദ്ദേഹം ആദ്യംതന്നെ അപ്രകാരമാഗ്രഹിച്ചതാണ്. പക്ഷേ, തത്യാന അതിനു സമ്മതിച്ചില്ല. അശയ വീട്ടിൽ വന്നപ്പോൾ അവളുടെ മനോഭാവങ്ങളെന്തൊക്കെയായിരുന്നുവെന്നു നിങ്ങൾതന്നെ ഒന്നാലോചിക്കുകയാണു നല്ലതു്. ഇന്നും അവൾക്കു് ആ സന്ദഭം മറക്കാൻ കഴിയില്ല. ആദ്യമായി അവൾ പട്ടുവസ്ത്രങ്ങൾ ധരിച്ച, ആദ്യമായി അവളുടെ കൈയിൽ ഉമ്മവച്ച ആ സന്ദഭം! അമ്മ ജീവിച്ചിരുന്നപ്പോൾ വളരെ കട്ടത്ത ശാസനത്തിലാണു വളൎന്നിട്ടുള്ളതു്. എന്നാൽ അച്ഛൻെറ വീട്ടിൽ പരിപൂൎണ്ണസ്വാതന്ത്ര്യമായിരുന്നു. അദ്ദേഹംതന്നെയായിരുന്നു അദ്ധ്യാപകൻ. അദ്ദേഹത്തെയല്ലാതെ അവളൊരിക്കലും അന്യപുരുഷനെ കണ്ടിട്ടില്ല. അദ്ദേഹം അവളെ ചീത്തയാക്കിയി

ട്ടില്ല; അതായതു് അധികം ലാളിച്ചിട്ടില്ല. അദ്ദേഹം അവളെ ഹൃദയത്തിൽത്തട്ടി സ്നേഹിച്ചിരുന്നു. ഒരിക്കലും ഒരു കാൎയ്യത്തിലും നിഷേധം കാണിച്ചിട്ടില്ല. അവളുടെ മുമ്പിൽ താൻ ഒരപരാധിയാണെന്നു സ്വയം കരുതിയിരുന്നു. വീട്ടിലുള്ള വ്യക്തികളിൽവച്ചു് ഏററവും ഉയൎന്ന ഒരു സ്ഥാനം താൻ നേടിക്കഴിഞ്ഞിട്ടുണ്ടെന്നു് അവൾ അതിവേഗം മനസ്സിലാക്കി. തൻെറ യജമാനൻതന്നെയാണു് അച്ഛനെന്നും അവൾ മനസ്സിലാക്കി. എന്നാൽ ഒപ്പം തന്നെ അവൾക്കു തൻെറ യഥാൎത്ഥസ്ഥിതിയും മനസ്സിലായി. അവളിൽ അഹംഭാവത്തിൻെറ മാത്ര വൎദ്ധിക്കാൻതുടങ്ങി. അതോടൊപ്പം അവിശ്വാസവും പെരുകിവന്നു. ദുഃസ്വഭാവങ്ങൾ അവളിൽ സ്ഥലം പിടിച്ചു. സാരള്യം തിരോഭവിച്ചു. ഒരിക്കൽ അവൾ എൻെറയടുത്തുവന്നു് തൻ്റെ യുല്പത്തി ലോകത്തിൽ അജ്ഞാതമാക്കിവെയ്ക്കുവാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞു. അവൾ അമ്മയെപ്പററി ലജ്ജിച്ചു. അതു ലജ്ജയ്ക്കുവേണ്ടി മാത്രമുള്ള ഒരു ലജ്ജയായിരുന്നു. അതിൽ ഒരഭിമാനവും ഉണ്ടായിരുന്നു. തൻെറ ഈ ചെറുപ്രായത്തിൽ അറിയാൻ പാടില്ലാത്തതായ വളരെയധികം കാൎയ്യങ്ങൾ അറിഞ്ഞിരുന്നുവെന്നും ഇപ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും നിങ്ങൾ കാണുന്നുണ്ടല്ലൊ. പക്ഷേ, അവളെ കുററപ്പെടുത്താമോ? അവളുടെ താരുണ്യശക്തികൾ വികസിച്ചു. രക്തം ചൂടുപിടിക്കുവാൻ തുടങ്ങി. അവൾക്കു വഴി കാണിക്കുവാൻ അടുത്തു മറെറാരാൾ ഉണ്ടായിരുന്നുമില്ല. അവൾക്കു് ഓരോ കാൎയ്യത്തിലും പരിപൂൎണ്ണസ്വാതന്ത്ര്യമായിരുന്നു. ഇതു നിലനിൎത്തുന്നതു് എളുപ്പമായിരുന്നോ? അവൾ മററു യുവതികളിൽനിന്നു താഴെയാകാൻ ആഗ്രഹിച്ചില്ല. എപ്പോഴും പുസ്തകപാരായണത്തിൽത്തന്നെ മുഴുകി. എന്നാൽ ഇതുകൊ

ണ്ടോക്കെ എന്തൊരു നേട്ടമാണ് ഉണ്ടാകാൻ കഴിയുക? അവളുടെ ജീവിതം കടിഞ്ഞാണററതായിപ്പോയി. പക്ഷേ, ഹൃദയം ദുഷിച്ചില്ല. വിദ്യയും ബുദ്ധിയും അതേ പടി നിലയ്ക്കുനിന്നു.

“ഇങ്ങനെ എനിക്ക്—ഇരുപതു വയസ്സുള്ള ഒരു ചെറുപ്പക്കാരന്—പതിമൂന്നു വയസ്സുള്ള ഒരു ബാലികയെ കൈയിൽ കിട്ടി. അച്ഛൻ മരിച്ചതിനു ശേഷം ഏതാനും ദിവസത്തേക്ക് അവൾ എൻെറ ശബ്ദം കേൾക്കുമ്പോൾത്തന്നെ വിറച്ചിരുന്നു. എൻെറ സ്നേഹവാത്സല്യങ്ങൾ അവളെ വിഷമിപ്പിച്ചിരുന്നു. വളരെ ദിവസങ്ങൾക്കുശേഷം അവൾ എൻെറയടുത്തു പെരുമാറുവാൻ പരിചയിച്ചു. ഞാൻ അവളെ സഹോദരിയെപ്പോലെയാണു സ്വീകരിച്ചിരിക്കുന്നതെന്നറിഞ്ഞപ്പോൾ അവൾ എന്നെ നിറഞ്ഞു വഴിയുന്ന സ്നേഹത്തോടെ നോക്കാൻ തുടങ്ങി. ഇടയ്ക്കു തടസ്സപ്പെടാവുന്നതായിരുന്നില്ല അവളുടെ മനോഭാവങ്ങൾ.

“ഞാൻ അവളെ പീറേറഴ്സ്ബർഗ്ഗിലേക്കു കൂടെ കൊണ്ടുപോയി. അവളെ വിട്ടുപിരിയുവാൻ എനിക്കു വിഷമമുണ്ടായിരുന്നുവെങ്കിലും എപ്പോഴും അടുത്തുതന്നെ താമസിപ്പിക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഞാൻ അവളെ ഒരു നല്ല പള്ളിക്കൂടത്തിൽ ചേർത്തു. അശയയ്ക്കു ഞങ്ങളുടെ വേർപാടിൻെറ ആവശ്യം മനസ്സിലായി. എന്നാലും അവൾക്കു മനോവിഷമംമൂലം രോഗബാധിതയായി മരണത്തിൻെറ വക്കുവരെ ചെന്നു രക്ഷപ്പെടേണ്ടിവന്നു. പിന്നീടു കുറെ ആശ്വസിച്ചു നാലുകൊല്ലം വിദ്യാലയസദനത്തിൽ താമസിച്ചു. എന്നാൽ എൻെറ ആശകൾക്കെതിരായി അവൾ ആദ്യത്തെ നിലയിൽത്തന്നെ നിന്ന

തേയുള്ളൂ. വിദ്യാലയത്തിലെ മുഖ്യാദ്ധ്യാപിക പലപ്പോഴും അവളെപ്പററി എന്നോടു പരാതിപ്പെട്ടിരുന്നു. അവർ പറയും: 'അവളെ ശിക്ഷിക്കാൻ സാദ്ധ്യമല്ല. ക്ഷമിച്ചാൽ ഒട്ടനുസരിക്കുകയുമില്ല.' അശയയുടെ ബുദ്ധി വളരെ തീക്ഷ്ണമായിരുന്നു. തന്റെ പാഠങ്ങൾ നന്നായിട്ടു പഠിക്കും, മറ്റു കുട്ടികളെക്കാൾ എത്രയോ നന്നായിട്ട്. പക്ഷേ, വിദ്യാലയത്തിലെ നിയമങ്ങൾ അനുസരിക്കുകയില്ല. അഹമ്മതിയോടെയാണു പെരുമാററം. വളരെ ചുരുക്കമായിട്ടേ മററുള്ളവരോട് ഇണങ്ങിച്ചേരുകയുള്ളൂ. എനിക്കവളെ കുററപ്പെടുത്തുവാൻ കഴിഞ്ഞില്ല. ആ ഒരു സ്ഥിതിയിൽ ഒന്നുകിൽ അടങ്ങിയിരിക്കുകയോ അല്ലെങ്കിൽ ഒതുങ്ങിക്കഴിയുകയോ ചെയ്യാമായിരുന്നു. തന്റെ വിദ്യാലയത്തിലെ സഹപാഠികളിൽ വെറും ഒരാളോടു മാത്രമായിരുന്നു അവൾക്കു മൈത്രി. അതു് ഒരു ദരിദ്രയും ദുഃഖിതയും വിരൂപയുമായ പെൺകുട്ടിയോടായിരുന്നു. അവൾക്കടുത്തു പെരുമാറിയിരുന്ന വിദ്യാൎത്ഥിനികൾ ഉയൎന്നകുലത്തിൽ ജനിച്ചവരായിരുന്നു. അവർ അവളെ ഇഷ്ടപ്പെട്ടില്ല. അവസരം നോക്കി കളിയാക്കിയിരുന്നു. വാക്ശരങ്ങളാൽ ഹൃദയം തുളച്ചിരുന്നെങ്കിലും അശയ അല്പംപോലും അവൎക്കു കീഴടങ്ങിയില്ല. ഒരിക്കൽ ബൈബിൾ പഠിപ്പിക്കുന്ന സമയത്തു് അദ്ധ്യാപിക ദുർഗ്ഗുണങ്ങളെപ്പററി വിവരിക്കുകയായിരുന്നു. അശയ ഉറക്കെപ്പറഞ്ഞു: 'ഭീരുത്വവും വമ്പിളക്കലും ഏററവും നികൃഷ്ടമായ ദുർഗ്ഗുണങ്ങളാണ്!' ചുരുക്കത്തിൽ അവൾ തന്നിഷ്ടംപോലെ നടന്നിരുന്നു. അവളുടെ പെരുമാററം കുറെയൊക്കെ നന്നായിട്ടുണ്ടു്. എന്നാലും അക്കാൎയ്യത്തിൽ അവൾക്കധികം മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ലെന്നാണു് എന്റെ വിശ്വാസം.

"ഒടുവിൽ അവൾ പതിനേഴാമത്തെ വയസ്സിലേക്കു

കാൽവെച്ചു. പിന്നീട് അധികനാൾ സ്കൂളിൽ താമസി ക്കാൻ കഴിഞ്ഞില്ല. ഞാൻ സ്വയം വലിയ വിഷമത്തി ലായി. പെട്ടെന്നു് ഒരു നല്ല വിചാരം എൻെറ മനസ്സിലു ദിച്ചു. ഉദ്യോഗമുപേക്ഷിച്ചു് അശയയൊന്നിച്ചു് ഒന്നുരണ്ടു കൊല്ലം വിദേശസഞ്ചാരത്തിനു പോവുക. ഈ വിചാരം മനസ്സിലുണ്ടായ ദിവസംതന്നെ ഞാൻ പുറപ്പെട്ടു. ഇവിടെ ഈ റൈൻനദിയുടെ തീരത്തു ഞങ്ങളിരുവരും വന്നെത്തി. ഞാൻ ഇവിടെ ചിത്രമെഴുത്തിൽ സമയംകഴിക്കാൻ പ രിശ്രമിക്കയാണു്. അവൾ... തൻെറ ലീലകൾ തുടൻുകൊ ണ്ടിരിക്കുന്നു, ആദ്യത്തെ മാതിരി വിചിത്രമായ പെരുമാററങ്ങൾ. ഇപ്പോൾ അവളെപ്പററി അത്ര കഠിനമായ ഒര ഭിപ്രായം നിങ്ങൾ രൂപീകരിക്കയില്ലെന്നു ഞാൻ വിചാ രിക്കുന്നു. എന്തുകൊണ്ടെന്നാൽ എല്ലായിടത്തുനിന്നും കണ്ണു ടച്ചു് അകന്നിരിക്കുക എന്ന നാട്യത്തിലാണെങ്കിലും അ വൾ വാസ്തവത്തിൽ മററുള്ളവരുടെ അഭിപ്രായത്തിൽനി ന്നു വളരെയധികം മനസ്സിലാക്കുന്നുണ്ടു്. പ്രത്യേകിച്ചു നി ങ്ങളുടെ..."

ഗാഗിൻെറ ചുണ്ടുകളിൽ വീണ്ടും അതേ പുഞ്ചിരി പരന്നു. ഞാൻ ആവേശപൂർവ്വം അയാളുടെ കൈപിടിച്ച മർത്തി.

"ഇതാണു കഥ," ഗാഗിൻ പറഞ്ഞു. "പക്ഷേ, ഞാൻ അവളെ കൊണ്ടുവന്നു വലിയ വിഷമത്തിലായിരിക്കയാ ണു്. അവൾ ഒരു വെടിമരുന്നുണ്ടയെപ്പോലെയാണു്. ഇതുവരെ ആർക്കും അവളുടെ മനസ്സിനെ ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, പ്രേമത്തിൽ കുടുങ്ങിയാൽ വലിയ വൈഷമ്യത്തെ നേരിടേണ്ടിവരും. എനിക്കാലോചിച്ചി ട്ടു് അവളോടെന്താണു ചെയ്യേണ്ടതെന്നു് ഒരു പിടിയും കിട്ടുന്നില്ല. ഇന്നലെ അവൾ എന്നോടു ചെയ്തതിനെപ്പററി

എന്താണു നിങ്ങളുടെ അഭിപ്രായം? അവൾ പെട്ടെന്നു് എന്നോടു പറഞ്ഞു, ഞാൻ വളരെ കക്കശമായിട്ടാണു പെരുമാറുന്നതെന്നു്. അവൾ എന്നെത്തന്നെ സ്നേഹിക്കുന്നു. എന്നെയല്ലാതെ മറ്റാരേയും സ്നേഹിക്കയില്ല. പിന്നെയെന്തിനെന്നറിഞ്ഞുകൂടാ, ഏങ്ങിയേങ്ങിക്കരെയുവാൻ തുടങ്ങി.''

''ആഹാ, ഇതാണു സംഗതി!'' ഞാൻ മനസ്സിൽ പറഞ്ഞു നാവുകടിച്ചു.

ഞാൻ ഗാഗിനോടു പറഞ്ഞു: ''എന്നാൽ ഇതൊന്നു പറയൂ, ഇതുവരെ തൻെറ മനസ്സിനെ അപഹരിച്ചിട്ടുള്ള ഒരൊററ വ്യക്തിയേയും അവൾ കണ്ടിട്ടില്ലെന്നതു സംഭവ്യമാണോ? പീറ്റേഴ്സ്ബഗ്ഗിൽവെച്ചു ചെറുപ്പക്കാരുമായി അവൾ ഇടപെട്ടിട്ടുണ്ടായിരിക്കയില്ലേ?''

''അങ്ങനെ ആരുംതന്നെ അവൾക്കു് ഇഷ്ടപ്പെട്ടവനായിട്ടുണ്ടായിരുന്നില്ല. അശയക്കു് ആഖ്യായികയിലെ നായകനാണു വേണ്ടതു്. ഒരു അസാധാരണവ്യക്തി, അഥവാ ഒരു പവ്വതത്തിൻെറ താഴ്വരയിൽ താമസിക്കുന്ന ഒരാട്ടിടയൻ! എന്നാൽ ഞാൻ വെറുതെയിങ്ങനെ വെടിപറഞ്ഞു താമസിപ്പിക്കുകയാണു്.'' അയാൾ എഴുന്നേററുനിന്നു.

''ഒരിക്കലുമല്ല,'' ഞാൻ പറഞ്ഞു. ''പോകാം, നിങ്ങളുടെ വീട്ടിൽ പോകാം. എനിക്കു വീട്ടിൽ പോകണമെന്നില്ല.''

''നിങ്ങളുടെ ജോലി?''

ഞാൻ മറുപടി പറഞ്ഞില്ല. ഗാഗിൻ പുഞ്ചിരിയിട്ടു. ഞങ്ങളിരുവരും ല—നഗരത്തിന്റെ നേക്കു നടന്നു. മുന്തിരിവള്ളികളും പവ്വതശിഖരത്തിനു മുകളിൽ ആ വെളുത്ത വീടും കണ്ടപ്പോൾ ആരോ എൻെറ ഹൃദയത്തിൽ

മാധുര്യ്യം കോരിപ്പകന്നതുപോലെ തോന്നി. ഗാഗിൻെറ കഥ കേട്ടപ്പോൾ എൻെറ ഹൃദയഭാരം നീങ്ങിക്കഴിഞ്ഞിരുന്നു.

## 9

അശയ ഞങ്ങളെ വീടിൻെറ പടിക്കൽവച്ചുതന്നെ കണ്ടു. ഞാൻ വിചാരിച്ചു, അവളുടെ അധരങ്ങളിൽനിന്നു പൊഴിഞ്ഞിരുന്ന തരളമന്ദഹാസം വീണ്ടും എന്നോടപേക്ഷിക്കുമെന്നു്. പക്ഷേ, അവൾ മിഴിതാഴ്ത്താതെ ഒരു വേദനകൊണ്ടെന്നപോലെ മിണ്ടാതെ ഞങ്ങളുടെ നേക്കുവന്നു.

ഗാഗിൻ പറഞ്ഞു: "ഇദ്ദേഹം ഇവിടെ വന്നിരിക്കയാണു്. വീട്ടിൽ പോകാൻ വെമ്പിയിരിക്കുകയായിരുന്നു."

അശയ ജിജ്ഞാസനിറഞ്ഞ ദൃഷ്ടികളാൽ എൻെറ നേക്കു നോക്കി. ഞാൻ അവളുടെ നേരെ കൈനീട്ടി. ഇത്തവണ അവളുടെ മൃദുലശീതളങ്ങളായ കൊച്ചുവിരലുകൾ നല്ലപോലെ പിടിച്ചമത്തി. ഞാൻ അവൾക്കുവേണ്ടി തപിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നെ ആദ്യം വിഷമത്തിലാക്കിയ സംഗതികൾ എനിക്കിപ്പോൾ മനസ്സിലായി. അവളുടെ ആന്തരികമായ ചാഞ്ചല്യം, ആത്മസംയമത്തിനുള്ള കഴിവില്ലായ്മ, സ്വയം പ്രദർശനവാസന—എല്ലാം എനിക്കു സുവ്യക്തമായി. എനിക്കു് ഈ ആത്മാവിനകത്തു കാണുവാൻ കഴിഞ്ഞു, എന്തൊരു ഭാരമാണു് അതിലടങ്ങിയിരുന്നതെന്നു്. കഥയില്ലാത്ത ആത്മപ്രശംസ, അകത്തു കിടന്നു വിഷമിച്ചു പിടഞ്ഞിരുന്നു. പക്ഷേ, അവളുടെ അവയവങ്ങളോരോന്നും യാഥാർത്ഥ്യത്തിലെത്തുവാൻ വെ

മ്പിയിരുന്നു. എനിക്കിപ്പോൾ മനസ്സിലായി, ഈ അസാധാരണക്കാരിയായ പെൺകുട്ടി എന്റെ മനസ്സിനെ എന്തുകൊണ്ടാണു മോഹിപ്പിച്ചതെന്നു്. കോമളാവയവങ്ങളിൽ പ്രസരിച്ചിരുന്ന സൗകുമാര്യമല്ല, അവളുടെ ആത്മാവാണു് എന്നെ ആകർഷിച്ചതു്, എന്റെ മനസ്സിനെ അപഹരിച്ചെടുത്തതു്.

ഗാഗിൻ ചിത്രമെഴുത്തിലേപ്പെട്ടു. ഞാൻ അശയയോടു മുന്തിരിത്തോട്ടത്തിൽ നടക്കാൻ പോകാമെന്നഭിപ്രായപ്പെട്ടു. ഉടൻതന്നെ വിനയത്തോടും താല്പര്യത്തോടും കൂടി അവൾ സമ്മതിച്ചു. ഞങ്ങൾ കുന്നിൻെറ ചെരുവിൽ കുറെദൂരം പോയി, ഒരു വിശാലമായ പാറപ്പുറത്തിരുന്നു.

അശയതന്നെ ആരംഭിച്ചു: "നിങ്ങൾ ഞങ്ങളില്ലാതെ വിഷമിക്കയായിരുന്നോ?"

ഞാൻ ചോദിച്ചു: "നിങ്ങൾ ഞാനില്ലാതെ വിഷമിക്കയായിരുന്നോ?"

അവൾ എന്റെ നേരെ കൺകോണുകൊണ്ടു നോക്കി മറുപടി പറഞ്ഞു: "അതേ."

അശയ വീണ്ടും പറഞ്ഞു: "ഈ മലകളിൽ സുഖം തോന്നുന്നുണ്ടോ? ഇവ വളരെ പൊക്കമുള്ളവയാണോ? മേഘങ്ങളെക്കാൾ മേലെ, നിങ്ങൾ കണ്ടതെന്നോടു പറയൂ. എൻെറ സഹോദരനോടു് എല്ലാം പറഞ്ഞല്ലോ. എന്നാൽ, എനിക്കൊന്നും കേൾക്കാൻ കഴിഞ്ഞില്ല."

"നിങ്ങൾ ഓടിപ്പോയിട്ടല്ലേ?" ഞാൻ ചോദിച്ചു.

അവൾ സ്നേഹംനിറഞ്ഞ സ്വരത്തിൽ പറഞ്ഞു: "ഞാൻ പോയി... കാരണം... ശരി, ഇനി ഞാൻ പോവില്ല. നിങ്ങൾക്കു ദേഷ്യം തോന്നിയോ?"

"എനിക്കു ദേഷ്യമോ?"

"അതെ, നിങ്ങൾക്കു്."

"അങ്ങനെ വിചാരിക്കാൻ കാരണം?"

"എനിക്കു പറയാൻ കഴിയില്ല. എന്നാൽ നിങ്ങൾ ദേഷ്യപ്പെട്ടിരുന്നു. ദേഷ്യപ്പെട്ടാണു് പോയതു്. നിങ്ങൾ ഇങ്ങനെ പോയതുകാരണം എനിക്കും വളരെ ദേഷ്യംവന്നു. പക്ഷേ, നിങ്ങളിപ്പോൾ മടങ്ങിവന്നതിൽ എനിക്കു സന്തോഷമായി."

ഞാൻ അവ്യക്തസ്വരത്തിൽ പറഞ്ഞു: "മടങ്ങിവരുവാൻ എനിക്കും വളരെ സന്തോഷമായിരുന്നു."

അശയയുടെ നേത്രങ്ങൾ വികസിച്ചു, ചെറിയ കുട്ടികൾ സന്തോഷിക്കുമ്പോൾ പുഞ്ചിരിയിടുന്നതുമാതിരി.

അവൾ പറഞ്ഞു: "എന്റെ ഊഹം! അച്ഛൻ അടുത്ത മുറിയിലുള്ളപ്പോൾ ചുമയ്ക്കുന്ന രീതികൊണ്ടു് അദ്ദേഹം സന്തുഷ്ടനാണോ എന്നു ഞാൻ മനസ്സിലാക്കിയിരുന്നു."

അതിനുമുമ്പു് അവൾ ഒരിക്കലും എന്റെ മുമ്പിൽ വെച്ചു് അച്ഛനെപ്പററി പറഞ്ഞിട്ടില്ല. ഇതിൽ എനിക്കൊരാശ്ചര്യം തോന്നി.

ഞാൻ ചോദിച്ചു: "നിങ്ങൾക്കു് അച്ഛനോടിഷ്ടമായിരുന്നോ?" ഞാൻ സ്വയം ലജ്ജിക്കുന്നതിൽ രോഷം പൂണ്ടു.

അവൾ മറുപടി പറഞ്ഞില്ല. മുഖം ചെമന്നു. ഇരുവരും നിശ്ശബ്ദമായിരുന്നു. നദിയിലൂടെ ഒരു സ്റ്റീമർ പുകവിട്ടുകൊണ്ടു കടന്നുപോയി. ഞങ്ങൾ അതിന്റെ നേക്കു നോക്കിയിരുന്നു.

അശയ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: "നിങ്ങൾ എന്താണു് എന്നോടു മിണ്ടാത്തതു്?"

ഞാൻ ചോദിച്ചു: "നിങ്ങൾ ഇന്നു് എന്നെക്കണ്ടപ്പോൾതന്നെ എന്താണു ചിരിച്ചതു്?"

"എനിക്കറിഞ്ഞുകൂടാ, ഇടയ്ക്കു കരയാൻ തോന്നുന്നു. പക്ഷേ, കരയുന്നതിനു പകരം ചിരിക്കുകയാണു്. നിങ്ങൾ എന്റെ പ്രവൃത്തിയെ പരിഗണിച്ചു് എന്നെക്കുറിച്ചു് ഒരഭിപ്രായം രൂപീകരിക്കരുതു്; ശരി, ഒരു കാര്യം പറയൂ, ലൊറേലിയെക്കുറിച്ചുള്ള ആ കഥയെന്താണു്? നമ്മുടെ മുമ്പിൽ കാണുന്നതു് ആ പാറയല്ലേ? അവൾ അടുത്തുകൂടി പോകുന്നവരെ വെള്ളത്തിൽ മുക്കി പ്രേമാവേശത്താൽ സ്വയം മുങ്ങിയിരുന്നു. എനിക്കിതൊരു നല്ല കഥയായിത്തോന്നുന്നു. ഫ്രാല്യയി എനിക്കു പല കഥകളും പറഞ്ഞുതരാറുണ്ടു്. അവളുടെയടുത്തു് ഒരു മഞ്ഞക്കണ്ണിയായ കറുത്ത പൂച്ചയുണ്ടു്..."

അശയ മേലോട്ടുനോക്കി അളകങ്ങൾ ചലിപ്പിച്ചു. ആ സമയത്തു വിചിത്രരീതിയിലുള്ള ചില ശബ്ദങ്ങൾ ഞങ്ങളുടെ ചെവിയിലെത്തി. നൂറുനൂറു കണ്ഠങ്ങളിൽനിന്നു നിശ്ചിതമായ താളത്തോടുകൂടി ഒരു ഭജനഗാനം പ്രവഹിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ താഴത്തു വഴിയിലൂടെ കുരിശുകളും ധരിച്ച യാത്രക്കാരുടെ ഒരു സംഘം പൊയ്ക്കൊണ്ടിരുന്നു. അശയ ക്രമത്തിൽ നേർത്തുവന്നിരുന്ന ആ ശബ്ദം ശ്രവിച്ചുകൊണ്ടു പറഞ്ഞു: "നമുക്കും ഇവരൊന്നിച്ചു പോകാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര സുഖമായിരിക്കും!"

"നിങ്ങൾ വലിയ ഭക്തയാണല്ലൊ!"

"ദൂരത്തു വിജനതയിലെവിടെയെങ്കിലും ചെന്നു പ്രാർത്ഥന നടത്തുവാൻ—ഏതെങ്കിലും ഒരു സൽക്കാര്യം പ്രവർത്തിക്കുവാൻ—പോകാൻ കഴിഞ്ഞെങ്കിൽ ദിവസം

പോകും. ജീവിതവും കഴിഞ്ഞുകൂട്ടും. പിന്നെ നാമെന്താണു ചെയ്യിട്ടുള്ളതു്, അതു മനസ്സിലാവുന്നതല്ല."

ഞാൻ പറഞ്ഞു: "നിങ്ങൾ വളരെ നല്ല കാര്യങ്ങളാണല്ലോ ആഗ്രഹിക്കുന്നതു്. നിങ്ങളുടെ ആഗ്രഹം ഒരു ലക്ഷ്യത്തിനുവേണ്ടി ജീവിക്കുവാനാണു്. ജീവിതത്തിന്റെ പിന്നാലെ ഒരടയാളം അവശേഷിപ്പിച്ചു പോകുവാനാണു്."

"ഇതസാദ്ധ്യമാണോ?"

ഞാൻ ആവേശത്തോടുകൂടി പറഞ്ഞു, "അസാദ്ധ്യം." എന്നാൽ അവളുടെ ഉജ്ജ്വലനേത്രങ്ങൾക്കു നേരെ നോക്കി, ഇത്രമാത്രം പറഞ്ഞവസാനിപ്പിച്ചു, "പരിശ്രമിക്കൂ."

അശയ ക്ഷണനേരം മിണ്ടാതിരുന്നു. ഇതിനിടയിൽ ഒരു നിഴൽപാടു് അവളുടെ വിവർണ്ണമായ മുഖത്തു പരന്നു. അവൾ പറഞ്ഞു: "എന്നോടു് ഒരു കാര്യം പറയൂ, നിങ്ങൾ ആ ദേവിയെ വളരെയധികം ഇഷ്ടപ്പെട്ടുന്നുണ്ടോ? നിങ്ങൾക്കോർമ്മയുണ്ടായിരിക്കും, നാം പരിചയപ്പെട്ടതിൻെറ പിറേറദിവസം ചേട്ടൻ അവളുടെപേരിൽ ഒരു പാത്രം മദ്യം കഴിച്ചതു്."

ഞാൻ ചിരിച്ചു: "നിങ്ങളുടെ സഹോദരൻ തമാശ കാണിക്കയായിരുന്നു. ഞാൻ ഒരിക്കലും ഒരു ദേവിയെക്കുറിച്ചും ചിന്തിച്ചിട്ടില്ല. ചുരുങ്ങിയതു് ഈ സമയംവരെ ഒരുത്തിയെക്കുറിച്ചും ചിന്തിക്കുവാൻ കഴിഞ്ഞിട്ടില്ല."

അശയ അനങ്ങാതെ കൗതുകത്തോടുകൂടി ചോദിച്ചു: "സ്ത്രീകളിൽ നിങ്ങൾ കാണുന്ന നന്മയെന്താണു്?"

"വളരെ വിചിത്രമായ ഒരു പ്രശ്നമാണിതു്," എന്റെ വായിൽനിന്നു വന്നതിങ്ങനെയാണു്.

അശയ വിഷമത്തിലായി. "ഞാൻ നിങ്ങളോടു്

ഇങ്ങനെ ചോദിക്കരുതായിരുന്നു, അല്ലേ? ക്ഷമിക്കു. എൻെറ മനസ്സിൽ തോന്നിയതു പറയുന്നുവെന്നേയുള്ളു. അതുകൊണ്ടുതന്നെയാണു് ഞാൻ വായ് തുറക്കാൻ ഇത്ര മാത്രം പേടിക്കുന്നതു്."

ഞാൻ ഇടയ്ക്കുതന്നെ പറഞ്ഞു: "പറയാനുള്ളതു പറഞ്ഞോളൂ. ദൈവത്തെയോർത്തു് ഇങ്ങനെ ഭയപ്പെടരുതു്. നിങ്ങൾ എന്നോടു തുടന്നു സംസാരിക്കാൻ തുടങ്ങിയതിൽ ഞാൻ അത്യന്തം സന്തോഷിക്കുകയാണു്."

അശയ കീഴോട്ടുനോക്കി, മധുരമന്ദഹാസം തൂകാൻ തുടങ്ങി. അവൾ ഇങ്ങനെ പുഞ്ചിരിതൂകുന്നതു് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവൾ അവിടെ കുറെയധികം നേരത്തേക്കു് ഇരിക്കുവാൻ ഭാവിക്കുന്നതുപോലെ, ഉടുപ്പിൻെറ ചുളിതീർത്തുകൊണ്ടു പറഞ്ഞു: "ശരി, എന്നെ എന്തെങ്കിലും പറഞ്ഞുകേൾപ്പിക്കു, അല്ലെങ്കിൽ വായിച്ചു കേൾപ്പിക്കു, അന്നു പുഷ്കിന്റെ കൃതി വായിച്ചതുമാതിരി."

അവൾ ചിന്താമഗ്നയായി...അവൾ പിറുപിറുത്തു: "എൻെറ പാവപ്പെട്ട മാതാവു് നിത്യനിദ്രയിൽ കിടക്കുന്ന കുടീരത്തിനു തണലേകുന്ന മരക്കൊമ്പുകളും കുരിശും എവിടെയാണു്?"

ഞാൻ പറഞ്ഞു: "ഇതു പുഷ്കിൻ എഴുതിയതാണെന്നു തോന്നുന്നില്ല."

അവൾ അതേ ആവേശപൂർണ്ണമായ സ്വരത്തിൽ തുടന്നു: "ഞാൻ തത്യാനയായിരുന്നെങ്കിൽ!" പിന്നെ ഉല്ലാസപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു: "എന്നോടെന്തെങ്കിലും പറയൂ."

അക്കാലത്തു കഥകൾ പറയുവാൻ എനിക്കു തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ഞാൻ അവിടെ അവളങ്ങനെ സൂര്യപ്രകാശത്തിൽ കുളിച്ചുകൊണ്ടു സ്നിഗ്ദ്ധകോമളയായി

ട്ടിരിക്കുന്നതു നോക്കിക്കൊണ്ടുവാൻ തുടങ്ങി. ഞങ്ങളുടെ നാലുപാട്ടും, കീഴും മേലും, സകലതും ഉല്ലാസത്താൽ പ്രകാശിച്ചുകൊണ്ടിരുന്നു. ആകാശവും ഭൂമിയും വായുവും ജലവും, ഉജ്ജ്വലമായിരിക്കുന്നതുപോലെ തോന്നി. ഞാൻ നേരിയ സ്വരത്തിൽ പറഞ്ഞു: "നോക്കൂ, എന്തൊരു മനോഹരമായ രംഗം!"

അവളും അതേമാതിരി പതിഞ്ഞ സ്വരത്തിൽ എന്റെനേക്കു നോക്കാതെതന്നെ പറഞ്ഞു: "അതെ, മനോഹരമാണ്. ഞാനും നിങ്ങളും പക്ഷികളായിരുന്നെങ്കിൽ! എന്തൊരാനന്ദത്തോടെ ചുററിപ്പറക്കുമായിരുന്നു. ഈ അനന്തമായ നീലിമയിൽ നാം വിലയം പ്രാപിക്കുമായിരുന്നു. പക്ഷേ, നാം പക്ഷികളല്ല."

ഞാൻ പറഞ്ഞു: "പക്ഷേ, നമുക്കു ചിറകു മുളയ്ക്കും."

"എങ്ങനെ?"

"കുറച്ചുദിവസംകൂടി കഴിയട്ടെ, നിങ്ങൾക്കു മനസ്സിലാകും. നമ്മെ ഈ മർത്ത്യലോകത്തിൽനിന്ന് ഉയരത്തിലേക്കു കൊണ്ടുപോകുന്ന ഭാവനകളുണ്ട്. വിചാരപ്പെടണ്ട. നിങ്ങൾക്കും ചിറകു മുളയ്ക്കും."

"നിങ്ങൾക്കു മുളച്ചിട്ടുണ്ടോ?"

"ഞാൻ എന്താണിതിനു മറുപടി പറയുക? എനിക്കിതുവരെ പറക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല."

അശയ വീണ്ടും വിചാരമഗ്നയായി. ഞാൻ അല്പമൊന്ന് അവളുടെ നേക്കു തല ചായ്ച്ചു.

അവൾ പെട്ടെന്നു [illegible] "[illegible]ക്ക് ബാലസ്സത്തമറിയാമോ?"

ഞാൻ അല്പമൊര[illegible] കൊണ്ടാണു മറുപടി പറഞ്ഞതു്: "[illegible]

MUL
288570
288570
0142:3M18:15
32K2
UNIVERSITY LIBRARY

"എന്നാൽ പോകാം, ഉടൻ പോകാം. ഞാൻ സഹോദരനോടു പറയാം. അദ്ദേഹം താളംപിടിക്കും. നമുക്കു പറക്കുകയാണെന്നു സങ്കല്പിക്കാം; നമുക്കു ചിറകു മുളച്ചെന്നു സങ്കല്പിക്കാം."

അവൾ വീട്ടിനകത്തു പോയി. ഞാനും പിന്നാലെ ചെന്നു. കുറച്ചുനേരത്തിനുശേഷം മധുരമായ ഗാനത്തോടുകൂടി ഞങ്ങൾ നൃത്തംചെയ്യുവാൻ തുടങ്ങി. അശയ വളരെ ഭംഗിയായി നൃത്തംചെയ്തിരുന്നു.

അവൾ അതിൽ തികച്ചും തല്ലീനയായിരുന്നു. പെട്ടെന്നു ശൈശവത്തിൻെറ ഗൗരവം കലന്ന അവളുടെ മുഖമണ്ഡലത്തിൽ താരുണ്യത്തിന്റെ കോമളത്വം പ്രകടമായി. കുറേക്കഴിഞ്ഞു് എന്റെ കരതലങ്ങൾ അവളുടെ സുകുമാരദേഹത്തിൻെറ സ്പർശനമനുഭവിച്ചു. കുറേക്കൂടിക്കഴിഞ്ഞു് എൻെറ ചെവികളിൽ അവളുടെ കിതപ്പു കേട്ടു. വളരെക്കഴിഞ്ഞു് അവളുടെ പാതിയടഞ്ഞ നിശ്ചലനേത്രങ്ങളും അഴിഞ്ഞുലഞ്ഞ കേശരാശിയാലാവൃതമായി വിവൎണ്ണമെങ്കിലും സജീവമായ മുഖമണ്ഡലവും എൻെറ ദൃഷ്ടിയിൽപ്പെട്ടു. എനിക്കു സ്വപ്നം കാണുന്നതുപോലെ തോന്നി.

## 10

പകൽ മുഴുവൻ ആനന്ദപൂൎവ്വം കഴിഞ്ഞുകൂടി. ഞങ്ങൾ കുട്ടികളെപ്പോലെ വിനോദിച്ചുകൊണ്ടിരുന്നു. അശയ വളരെ സുന്ദരിയും നിഷ്കളങ്കയുമായി കാണപ്പെട്ടിരുന്നു. ഗാഗിൻ അവളെക്കണ്ടു വളരെ സന്തോഷിച്ചിരുന്നു.

ഞാൻ അവരെ പിരിഞ്ഞുപോകുമ്പോൾ നേരം വളരെ വൈകിയിരുന്നു. റൈൻനദിയുടെ നടുവിലെത്തിയ

പ്പോൾ വഞ്ചി ഒഴുക്കിനൊത്തു വിട്ടവാൻ ഞാൻ കടത്തു കാരനോട്ട പറഞ്ഞു. വൃദ്ധനായ തോണിക്കാരൻ വെള്ള ത്തിൽനിന്നു കഴുക്കോൽ വലിച്ചെടുത്തു. ഊക്കേറിയ റൈ നിലെ ഒഴുക്കു ഞങ്ങളേയുംകൊണ്ട പാഞ്ഞു. ഞാൻ ആകാ ശത്തേക്കു മിഴിച്ചുനോക്കി. അവിടെ സമാധാനത്തിന്റെ ലക്ഷണമുണ്ടായിരുന്നില്ല. അവിടം മിന്നിത്തിളങ്ങുന്ന ന ക്ഷത്രങ്ങളാൽ നിറഞ്ഞു വിറകൊള്ളുന്നതായി തോന്നി. ഞാൻ നദിയുടെ മേൽഭാഗത്തേക്കു നോക്കി. അവിടെയും ഇടതിങ്ങിയ ഇരുട്ടിൻെറയും തണുപ്പിൻെറയും ഗാംഭീർയ്യ ത്തിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങിയിരുന്നു, വിറകൊ ണ്ടിരുന്നു. ഞങ്ങളുടെ ചുററും ഒരു സജീവത വ്യാപിച്ചി രുന്നതായിത്തോന്നി. ഞാൻ വഞ്ചിയിൽ കിടന്നു. കാററി ൻെറ മൂളിച്ചയും ചുക്കാൻെറ പിന്നിൽ വെള്ളത്തിലെ ക ളകളനാദവും എന്നെ പിടിച്ചിളക്കിയിരുന്നു. തിരമാലക ളുടെ സ്നിഗ്ദ്ധമായ നിശ്വാസത്തിനുപോലും എന്നെ ആശ്വ സിപ്പിക്കുവാൻ കഴിഞ്ഞില്ല. പുഴവക്കത്തു് ഒരു കുയിൽ പഞ്ചമസ്വരത്തിൽ പാടിയിരുന്ന സംഗീതത്തിൻെറ മധു രഗരളം എന്നെയിട്ടലട്ടുവാൻ തുടങ്ങി. എൻെറ കണ്ണുക ളിൽ അശ്രുബിന്ദുക്കൾ ഉതിർന്നുവന്നു. അവ നിരുദ്ദേശമാ യ ഹർഷോന്മാദത്തിൻെറ അശ്രുബിന്ദുക്കളായിരുന്നില്ല. ഞാൻ അനുഭവിച്ചിരുന്നതു് ആ സമയത്തെ സർവവ്യാ പിയായ ആഗ്രഹത്തിൻെറ അസ്പഷ്ടഭാവമായിരുന്നില്ല. എൻെറ ആത്മാവു് അതിരുകടന്നു് എല്ലാം അറിയുന്നു ണ്ടെന്നും എല്ലാററിനെയും സ്നേഹിക്കുന്നുണ്ടെന്നും ഭാവി ച്ചിരുന്നു. അല്ല, എൻെറ ഹൃദയത്തിൽ അതിരററ സുഖ ലാലസയുടെ അങ്കുരങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇപ്പോ ഴും അതിനെ അതിൻെറ ശരിയായ പേരിൽ വിളിക്കു വാൻ എനിക്കു ധൈര്യ്യമുണ്ടായിരുന്നില്ല. എങ്കിലും അതു്

ഒരു അതീരററ സുഖമായിരുന്നു. എനിക്കു തികച്ചും തൃപ്തി വന്നു. ഇതുതന്നെയാണു ഞാനാഗ്രഹിച്ചിരുന്നതു്... ഇതിനുവേണ്ടിത്തന്നെയാണു് ഞാൻ മരിച്ചിരുന്നതു്. തോണി പുഴയുടെ ഒഴുക്കിനൊത്തു പാഞ്ഞുപോയി. കിഴവനായ കടത്തുകാരൻ കഴക്കോലിന്മേൽ ചാരി ഉറക്കംതൂങ്ങിക്കൊണ്ടിരുന്നു.

# 11

അടുത്ത ദിവസം ഗാഗിൻെറ വീട്ടിലേക്കു പോയപ്പോൾ ഞാൻ അശയയുടെ പ്രേമത്തിൽ കുടുങ്ങിപ്പോയിട്ടില്ലേ എന്ന ചോദ്യം സ്വയം ചോദിക്കുകയുണ്ടായില്ല. പക്ഷേ, ഞാൻ എന്നെപ്പററിത്തന്നെ വളരെയധികം കാര്യങ്ങൾ ആലോചിച്ചുകൊണ്ടാണു പോയതു്. അവളുടെ വിധിയിൽ എനിക്കു പ്രത്യേകം ഒരു പ്രീതി തോന്നി. അവസാനം ഞങ്ങൾ പരസ്പരമടുത്തതിൽ എനിക്കു വളരെ സന്തോഷമുണ്ടായി. മിനിഞ്ഞാന്നു മുതൽ മാത്രമാണു് അവളെയറിയാൻ തുടങ്ങിയതു്. അതുവരെ അവൾ എന്നിൽനിന്നകലെയായിരുന്നു. അവസാനം അവൾ എൻെറ മുമ്പിൽ ഹൃദയം തുറന്നുവെച്ചപ്പോൾ അവളുടെ സമഗ്രമായ സ്വരൂപം എത്രമാത്രം മനോഹരമായി പ്രശോഭിച്ചു! അവൾ എൻെറ മുമ്പിൽ എന്തൊരു പുതുമയുള്ളവളായിരുന്നു! അവളുടെ കണ്ണുകളിൽ എന്തൊരു ജാലവിദ്യയാണു കടന്നിരുന്ന വിനോദഭാവത്തോടെ പുറകോട്ടേക്കു നോക്കിയിരുന്നതു്!

ഞാൻ ആ പരിചിതമായ വഴിയിലൂടെ ധൈര്യപൂർവ്വം മുമ്പോട്ടു നീങ്ങി. എൻെറ കണ്ണുകൾ ദൂരത്തുനിന്നു

തന്നെ കാണാമായിരുന്ന അതേ വെളുത്ത വീട്ടിന്മേൽ ചെന്നു തറച്ചിരുന്നു. എനിക്കു ഭാവിയെപ്പററി — നാളത്തെക്കുറിച്ചുപോലും— ചിന്തയുണ്ടായിരുന്നില്ല. ഞാൻ അതീവ സന്തുഷ്ടനായിരുന്നു.

ഞാൻ മുറിയിൽ പ്രവേശിച്ചതോടെ അശയയുടെ മുഖം തുടുത്തു. അവൾ ഇന്നു വീണ്ടും സ്വയം അലങ്കരിച്ചിരിക്കുന്നു. എന്നാൽ അവളുടെ മുഖഭാവം വസ്ത്രങ്ങൾക്കനുയോജ്യമല്ലായിരുന്നു. അവൾ എന്തോ വ്യാകുലയായിരുന്നു. ഞാനാകട്ടെ എത്രമാത്രം സന്തോഷത്തോടെയാണു ചെന്നുകയറിയതു്! എനിക്കു തോന്നി പതിവുപോലെ അവൾ ഇന്നും ഓടിപ്പോകാൻ ഒരുങ്ങിയിരിക്കയാണെന്നു്. എന്നാൽ അവൾ അവിടെത്തന്നെയിരുന്നതേയുള്ളു. ഗാഗിൻെറ മസ്തിഷ്കത്തിൽ ഇന്നു ശില്പികളുടെ വിചിത്രമായ ആവേശവും ഉത്സാഹവും കയറിയിരിക്കയാണു്. തങ്ങൾക്കു പ്രകൃതിയെ സാക്ഷാൽകരിക്കുന്നതിൽ സാഫല്യം ലഭിച്ചിരിക്കുന്നുവെന്നറിയുമ്പോൾ ധീരരായ കലാപ്രേമികളെ ആക്രമിക്കുന്ന ആ ഉത്സാഹവും ആവേശവും! അയാൾ അടിമുടി ചായത്താൽ വൃത്തികേടായ ഒരു ചിത്രത്തിൻെറ മുമ്പിൽനിന്നു ബ്രഷുകൊണ്ടു തലോടിക്കൊണ്ടിരുന്നു. എന്നെക്കണ്ടു തല കുനിച്ചു, അതും ഗൗരവത്തോടെ. പിന്നെ അല്പം പിന്നോട്ടു മാറി ഒന്നു കണ്ണടച്ചു. വീണ്ടും ചിത്രത്തിൻെറ പണി തുടന്നു. ഞാൻ അയാളെ അലട്ടിയില്ല. അശയയുടെ അടുത്തുതന്നെയിരുന്നു. അവളുടെ കറുത്ത നേത്രങ്ങൾ സാവധാനം എൻെറ നേക്കു തിരിഞ്ഞു. അവളുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വരുത്തുവാൻ വൃഥാ പണിപ്പെട്ടുകൊണ്ടു ഞാൻ പറഞ്ഞു: "ഇന്നു നിങ്ങൾ ഇന്നലത്തെപ്പോലെയല്ലല്ലൊ!"

"അല്ല," അവൾ സാവധാനം കൂട്ടതൽ കനത്ത സ്വരത്തിൽ പറഞ്ഞു. ഞാൻ ഇന്നലത്തെപ്പോലെയല്ല. അതുകൊണ്ടെന്തു്, നല്ലപോലെ ഉറങ്ങിയില്ല. രാത്രി മുഴ വൻ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു."

"എന്തിനെപ്പററി?"

"പല കാര്യങ്ങളെപ്പററിയും. ഈ സ്വഭാവം എനി ക്കു കുട്ടിക്കാലം മുതല്ക്കുള്ളതാണു്. എന്റെ അമ്മ..." അ വൾ കുറെ വിഷമിച്ചാണു് ഇത്രയും പറഞ്ഞതു്. വീണ്ടും തുടന്നു: "ഞാൻ അമ്മയൊന്നിച്ചു താമസിച്ചിരുന്നപ്പോൾ മുതൽ ചിന്തിക്കാറുണ്ടു്. എന്താണങ്ങനെ സംഭവിക്കുന്ന തു്, ഭാവിയിൽ എന്താണുണ്ടാവുക, ഇതാക്കുമറിഞ്ഞുകൂടാ. ഇടയ്ക്കിടയ്ക്കു് ആപത്തുകൾ മേല്ക്കുമേൽ മലപോലെ പൊട്ടി വീഴുന്നതു കാണാം. നിങ്ങൾക്കു് അതിൽനിന്നു രക്ഷപ്പെടു വാൻ സാദ്ധ്യമല്ല. നമുക്കു യാഥാത്ഥ്യം തുറന്നു പറയാൻ കഴിയാത്തതെന്തു്? ഞാനിപ്പോൾ ചിന്തിക്കുകയാണു്, എനിക്കൊന്നും അറിഞ്ഞുകൂടാ. എനിക്കു വളരെയധികം ചിന്തിക്കാനുണ്ടു്. എനിക്കിനിയും പഠിക്കാനുണ്ടു്. എനി ക്കിതുവരെ വികടമായ ശിക്ഷണമാണു ലഭിച്ചിട്ടുള്ളതു്. എനിക്കു പിയാനോ വായിക്കാനറിഞ്ഞുകൂടാ. എനിക്കു ചിത്രം വരയ്ക്കാനറിഞ്ഞുകൂടാ. തുന്നാൻപോലും അറിഞ്ഞു കൂടാ. എന്നിൽ യതൊരു ഗുണവുമില്ല. എന്റെ കൂടെത്താ മസിക്കുന്നതു വെറുതെ കഷ്ടപ്പെട്ട ജീവിക്കലാണു്."

"നിങ്ങൾ നിങ്ങളോടുതന്നെ വലിയ ഒരു അക്രമമാ ണീ ചെയ്യുന്നതു്," ഞാൻ പറഞ്ഞു. "നിങ്ങൾ വളരെയ ധികം വിദ്യാഭ്യാസം ചെയ്തിട്ടുണ്ടു്. നിങ്ങൾക്കു നല്ല ശിക്ഷ ണം ലഭിച്ചിട്ടുണ്ടു്. സ്വന്തം സാമത്ഥ്യത്താൽ..."

"എനിക്കു സാമത്ഥ്യമോ?" കൗതുകത്തോടുകൂടിയുള്ള അവളുടെ ചോദ്യം കേട്ടു ഞാൻ ചിരിച്ചുപോയി. അവൾ

ഗാഗിനോടു ചോദിച്ചു: "എനിക്കു സാമത്ഥ്യമുണ്ടോ ചേട്ടാ?" അയാൾ മറുപടി പറഞ്ഞില്ല. കൈപൊക്കി ബ്രഷ് മാറിമാറി തൻെറ ജോലി തുടന്നുകൊണ്ടിരുന്ന തേയുള്ളൂ.

അശയ അതേപ്രകാരം ചിന്താദ്യോതകമായ ഭാവ ത്തിൽ പറഞ്ഞു: "എൻെറ തലയിൽ എന്തെല്ലാമാണു നടക്കുന്നതെന്ന് എനിക്കു പറയാൻ വയ്യ. ദൈവത്തിനു മാത്രമറിയാം. ചിലപ്പോൾ ഞാൻ എന്നെത്തന്നെ പേടി ക്കുന്നു. എൻെറ ഹൃദയം...സ്ത്രീകൾ അധികം പഠിക്കാൻ പാടില്ല എന്നതു വാസ്തവമാണോ?"

"ഇതിലെന്തു കാര്യം? പക്ഷേ..."

"ഞാൻ എന്താണു വായിക്കേണ്ടതെന്ന് എനിക്കു പറഞ്ഞുതരൂ. ഞാൻ എന്താണു ചെയ്യേണ്ടതെന്ന് എനി ക്കു പറഞ്ഞുതരൂ. നിങ്ങൾ പറയുന്ന മാതിരി ഞാൻ പ്ര വത്തിക്കാം."

ഇത്രയും പറഞ്ഞ് അവൾ എൻെറ നേരെ നിഷ്കള ങ്കമായി നോക്കുവാൻ തുടങ്ങി.

അവൾ പറഞ്ഞതിന് എനിക്കു മറുപടി കിട്ടാത്ത ആദ്യത്തെ അവസരമായിരുന്നു ഇത്.

"നിങ്ങൾക്ക് എൻെറയടുത്തു കുറെ മുഷിപ്പനായി തോന്നുന്നുണ്ടായിരിക്കും, ഇല്ലേ?"

"എന്താണ് നിങ്ങളിങ്ങനെ വിചാരിക്കുന്നത്?"

അശയ പറഞ്ഞു: "നിങ്ങൾക്കു നന്ദി. ഞാൻ വി ചാരിച്ചു നിങ്ങൾക്കു മുഷിപ്പു തോന്നുമെന്ന്."

അവളുടെ ചൂടാന്ന കൊച്ചു കൈകൾ എൻെറ കൈ പിടിച്ചു നല്ലപോലെയമത്തി.

അപ്പോഴേക്കും ഗാഗിൻ വിളിച്ചുപറഞ്ഞു: "ഇതൊന്നു നോക്കൂ. ഈ പശ്ചാത്തലം വളരെയിരുണ്ടുപോയി, ഇല്ലേ?"

ഞാൻ അയാളുടെയടുത്തു ചെന്നു. അശയ എഴുന്നേറ്റു പുറത്തു പോയി.

# 12

അവൾ ഒരു മണിക്കൂറിനുശേഷം തിരിച്ചുവന്ന് വാതിൽക്കൽ നിന്ന് എന്നെ കൈകൊണ്ടു മാടിവിളിക്കാൻ തുടങ്ങി. അശയ ചോദിച്ചു: "കേൾക്കൂ, ഞാൻ മരിച്ചുപോയാൽ നിങ്ങൾ വ്യസനിക്കുമോ?"

ഞാൻ പറഞ്ഞു: "ഇന്നു നിങ്ങളുടെ തലച്ചോറിനകത്തു വളരെ വിചിത്രമായ വിചാരങ്ങളാണല്ലോ പൊന്തിവരുന്നത്!"

"എനിക്കു തോന്നുന്നു ഞാൻ വേഗം മരിച്ചുപോകുമെന്ന്. എൻെറ ചുററുമുള്ള ഓരോ വസ്തുവും എന്നോടു യാത്രചോദിക്കുന്നതായിട്ടെനിക്കു തോന്നുന്നു. ഇങ്ങനെ ജീവിച്ചിരിക്കുന്നതിനേക്കാൾ മരിച്ചുപോകുന്നതാണു നല്ലത്. ഹാവൂ, നിങ്ങൾ എൻെറ നേരെ ഇങ്ങനെ നോക്കരുത്. വാസ്തവത്തിൽ ഞാൻ ഒഴിഞ്ഞുമാറുകയല്ല, എനിക്കു നിങ്ങളിൽ ഭയം തോന്നുന്നു."

"നിങ്ങൾ എന്നെ ഭയപ്പെട്ടിരുന്നോ?"

അവൾ പറഞ്ഞു: "ഞാൻ ഈ വിചിത്രാവസ്ഥയിലായിരിക്കുമ്പോൾ വാസ്തവത്തിൽ എന്നെ കുററപ്പെടുത്താൻവയ്യ. നിങ്ങൾ കാണുന്നുണ്ടല്ലോ, എനിക്കു ചിരിക്കാൻകൂടി കഴിയുന്നില്ല."

അവൾ വ്യാകുലയായിത്തന്നെയിരുന്നു. സന്ധ്യയാകുന്നതുവരെ ഓരോ ജോലിയിൽ ഏപ്പെട്ടു കഴിഞ്ഞു. അവളുടെയുള്ളിൽ എന്തോ കോലാഹലം നടന്നിരുന്നു. എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവളുടെ കണ്ണുകൾ പലപ്പോഴും എന്നിൽ പതിച്ചിരുന്നു. ആ ആകർഷകമായ കണ്ണുകളിൽ എൻെറ ഹൃദയതന്ത്രികൾ കോമളമായ ഗാനാലാപംപോലെ വിറകൊണ്ടിരുന്നു. അവൾ അടക്കമുള്ളവളായി കാണപ്പെട്ടു. പക്ഷേ, ഞാൻ നോക്കുമ്പോഴെല്ലാം, അവൾ വിചാരപ്പെടരുതെന്നു പറയുവാനാഗ്രഹിച്ചു. ഞാൻ അവളെ പ്രശംസിച്ചിരുന്നു. അവളുടെ വിവർണ്ണമായ സ്വരൂപത്തിലും, അസ്ഥിരവും അനിശ്ചിതവുമായ ഹാവഭാവങ്ങളിലും മർമ്മസ്പൃശിയായ സൗന്ദര്യം കളിയാടിയിരുന്നു. എൻെറ ദേഹസ്ഥിതി ക്ഷീണത്തിലാണെന്ന് അവൾ എന്തിനു മനസ്സിലാക്കിയെന്ന് അറിഞ്ഞില്ല.

ഞാൻ പോരുന്നതിനു കുറച്ചുമുമ്പ് അവൾ പറഞ്ഞു: “കേൾക്കൂ, ഒന്നോർത്തിട്ടാണ് എൻെറ ഹൃദയം വേദനിക്കുന്നത്. നിങ്ങൾ ഞാനൊരു ചെററയാണെന്നു വിചാരിക്കുന്നു. ഇനി ഞാൻ പറയുന്നതു വിശ്വസിക്കൂ. എൻെറ മുമ്പിൽ തുറന്നു പെരുമാറൂ. ഞാൻ നിങ്ങൾക്കുറപ്പു തരുന്നു, നിങ്ങളുടെ മുമ്പിൽ എപ്പോഴും സത്യമേ പറയൂ.”

ഈ ഉറപ്പുതരൽ എന്നെ ചിരിപ്പിച്ചുകളഞ്ഞു.

അവൾ ആവേശത്തോട്ടുകൂടിപ്പറഞ്ഞു: “ചിരിക്കരുത്. എന്നാൽ നിങ്ങൾ ഇന്നലെ എന്നോടു പറഞ്ഞതുതന്നെ ഞാൻ പറയും. എന്താണു നിങ്ങൾക്കു ചിരി വരാൻ?” കുറച്ചുനേരത്തിനുശേഷം അവൾ വീണ്ടും പറഞ്ഞു: “നിങ്ങൾക്കോർമ്മയുണ്ടോ? നിങ്ങൾ ഇന്നലെ

ചിറകിനെപ്പററിപ്പറഞ്ഞു. എനിക്കു ചിറകു മുളച്ചിരിക്കുന്നു. പക്ഷേ, പറക്കാൻ സ്ഥലമില്ല."

ഞാൻ സാവധാനം പറഞ്ഞു: "ഉറപ്പിച്ചോളു. നിങ്ങൾക്കു സകല മാർഗ്ഗങ്ങളും തുറന്നു കിടക്കുന്നുണ്ട്."

അശയ ഏകാഗ്രമായ ദൃഷ്ടിയാൽ എൻെറ നേരെ നോക്കാൻ തുടങ്ങി. അവൾ പുരികം വെട്ടിച്ചുകൊണ്ടു പറഞ്ഞു: "ഇന്നു നിങ്ങൾ എന്നെക്കുറിച്ചു കുറെ ചീത്തയഭിപ്രായങ്ങളാണു പറയുന്നതു്."

"ഞാനോ? നിങ്ങളെക്കുറിച്ചു ചീത്തയഭിപ്രായങ്ങളോ?"

ഗാഗിൻ ഇടയ്ക്കുകയറിച്ചോദിച്ചു: "എന്താണു സംഗതി? വ്യാകുലപ്പെട്ടിരിക്കുന്നുവല്ലോ. ഇന്നലത്തെപ്പോലെ നിങ്ങൾക്കുവേണ്ടി ബാലവാദ്യം തുടങ്ങട്ടേ?"

അശയ നിഷേധിച്ചു: "വേണ്ട വേണ്ട, ഇന്നു വേണ്ട."

"എനിക്കു നിർബ്ബന്ധമൊന്നുമില്ല. ഒന്നടങ്ങിയിരിക്കു."

അവൾ വീണ്ടും പറഞ്ഞു: "ഇന്നു വേണ്ട, ക്ഷമിക്കണം." അവളുടെ മുഖത്തിൻെറ നിറം മങ്ങി.

നദീതടത്തിലെത്തിയപ്പോൾ ഞാൻ ചോദിച്ചു: "അവൾ എന്നെ സ്നേഹിക്കുന്നുവെന്നു വരുമോ?"

കറുത്തിരുണ്ട നദീതരംഗങ്ങൾ അപ്പോഴും ദ്രുതവേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു.

4

# 13

അട്ടത്തദിവസം രാവിലെ കണ്ണുതുറന്നപ്പോൾത്ത ന്നെ ഞാൻ സ്വയം ചോദിച്ചു: 'അവൾ എന്നെ സ്നേ ഹിക്കുന്നുവെന്നു വരുമോ?' ഞാൻ എൻെറ അന്തരാത്മാ വിൽ കടന്നുനോക്കുവാൻ ഇഷ്ടപ്പെട്ടില്ല. എനിക്കു തോ ന്നി: അവളുടെ രൂപം, പുഞ്ചിരിച്ചു ചിലച്ചുകൊണ്ടിരി ക്കുന്ന ആ ബാലികയുടെ രൂപം, എൻെറ ഹൃദയത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അവളിൽനിന്ന് അത്രവേഗം മോചനം കിട്ടുവാൻ പോകുന്നില്ല. ഞാൻ ല—നഗരത്തിലേക്കു പോയി. പകൽ മുഴുവൻ അവിടെ ത്താമസിച്ചു. പക്ഷേ, കുറച്ചു നിമിഷത്തേക്കു മാത്രമേ അശയയെക്കാണുവാൻ കഴിഞ്ഞുള്ളു. അവൾക്കു മനസ്സുഖ മുണ്ടായിരുന്നില്ല, തലവേദനയായിരുന്നു. കുറച്ചുനേരത്തേ ക്കു മാത്രമേ അവൾ താഴോട്ടിറങ്ങി വന്നുള്ളു. അവളുടെ നെററിയിൽ തുണി വെച്ചുകെട്ടിയിരുന്നു. മുഖം വിളറി യും ശരീരം ദുർബലമായും കാണപ്പെട്ടു. കണ്ണുകൾ ഏതാ ണ്ടു തീരെയടഞ്ഞിരുന്നു. അവൾ മനസ്സിരുത്തി ഒന്നു പു ഞ്ചിരിയിട്ടു പറഞ്ഞു: "ഇതവസാനിക്കും. ഇതിലൊന്നു മില്ല, സകലതുമവസാനിക്കും. ഇതു വാസ്തവമല്ലേ?" ഇത്ര യും പറഞ്ഞു് എഴുന്നേററുപോയി. എനിക്കു സങ്കടം തോന്നി. ലോകംതന്നെ ശൂന്യമായിത്തോന്നി. എന്നിട്ടും വളരെയധികം വൈകിയിട്ടാണു ഞാൻ അവിടെനിന്നും പോകാൻ നിശ്ചയിച്ചതു്. രാത്രി വളരെയധികം വൈ കിയതിനുശേഷവും രണ്ടാമതൊരിക്കൽക്കൂടി അവളെ കാ ണാതെ വീട്ടിലേക്കു മടങ്ങിയില്ല.

അട്ടത്തദിവസം പ്രഭാതത്തിൽ ഞാൻ അദ്ധസുഷു പ്താവസ്ഥയിൽ കഴിച്ചുകൂട്ടി. എനിക്ക് എന്തെങ്കിലും

ചെയ്യുവാനാഗ്രഹമുണ്ടായിരുന്നു. പക്ഷേ, ചെയ്യുവാൻ കഴിഞ്ഞില്ല. പിന്നെ ഞാൻ ഒന്നും ചെയ്യുവാനാഗ്രഹിച്ചില്ല. ചിന്തിക്കാൻപോലും ഇഷ്ടപ്പെട്ടില്ല. എന്നാൽ അതിലും എനിക്കു സാഫല്യം ലഭിച്ചില്ല. ഞാൻ ഗ്രാമപ്രദേശത്തു ചുററിസ്സഞ്ചരിക്കുവാൻ പുറപ്പെട്ടു. വീട്ടിലേക്കു മടങ്ങി; വീണ്ടും സഞ്ചാരത്തിനുതന്നെയിറങ്ങി.

ഒരു കുട്ടി എൻെറ പിന്നിൽനിന്നു വിളിച്ചു ചോദിച്ചു: "നിങ്ങളല്ലേ മിസ്റ്റർ ന—?" ഞാൻ പിന്തിരിഞ്ഞു നോക്കി. മുമ്പിൽത്തന്നെ ഒരു ചെറിയ കുട്ടി നില്ക്കുന്നു. അവൻ എനിക്കൊരെഴുത്തു തന്നിട്ടു പറഞ്ഞു: "ഇതു് ഫ്രോളിൻ നിങ്ങൾക്കു തന്നതാണു്."

ഞാൻ എഴുത്തു തുറന്നു. അശരയ ധൃതിയിലെഴുതിയ ചൊവ്വില്ലാത്ത ലിപികൾ ഞാൻ തിരിച്ചറിഞ്ഞു. അവൾ എഴുതിയിരുന്നു: 'എനിക്കു നിങ്ങളെ കാണണം. ഇന്നു നാലുമണിക്കു് ആ പ്രാചീനാവശിഷ്ടങ്ങളുടെയടുത്തു വഴിവക്കത്തുള്ള പള്ളിയിൽ വരണം. ഞാൻ ഇന്നു് ഒട്ടും വീണ്ടുവിചാരമില്ലാതെയാണു പ്രവത്തിച്ചതു്. ദൈവത്തെയോത്തു തീച്ചയായും വരണം. നിങ്ങൾക്കെല്ലാം മനസ്സിലാകും. ഈ എഴുത്തു കൊണ്ടുവരുന്നവനോടു വരാമെന്നു പറഞ്ഞയയ്ക്കണം.'

കുട്ടി ചോദിച്ചു: "ഇതിനു വല്ല മറുപടിയും തരാനുണ്ടോ?"

ഞാൻ പറഞ്ഞു: "വരാമെന്നു പറഞ്ഞേക്കണം."

കുട്ടി ഓടിമറഞ്ഞു.

ഞാൻ എൻെറ മുറിയിൽ മടങ്ങിവന്നിരുന്നു ചിന്തിക്കുവാൻ തുടങ്ങി. എൻെറ ഹൃദയം അതിവേഗം തുടിക്കുന്നുണ്ടായിരുന്നു. ഞാൻ അശയയുടെ കത്തു് അനേകം തവണ വായിച്ചു. വാച്ചുനോക്കി. അപ്പോഴും പതിനൊന്നടിച്ചിട്ടില്ല.

വാതിൽ തുറന്നു ഗാഗിൻ മുറിക്കകത്തു കടന്നു. അയാൾ വ്യാകുലനായിരുന്നു. അയാൾ എൻെറ കൈപിടിച്ചു നല്ലപോലെയമർത്തി. അതിൽ വല്ലാത്ത ഒരു വിവശത പ്രകടമായിരുന്നു.

ഞാൻ ചോദിച്ചു: "എന്താണു സംഗതി?" ഗാഗിൻ ഒരു കസേരയെടുത്തു് എൻെറ മുമ്പിലിട്ടു് ഇരുന്നു.

അയാൾ ധർമ്മസങ്കടത്തോടുകൂടി കൃത്രിമമായി പുഞ്ചിരിയിട്ടുകൊണ്ടു പറഞ്ഞു: "നാലുദിവസംമുമ്പു ഞാൻ നിങ്ങളെ എൻെറ കഥ കേൾപ്പിച്ചു വിസ്മയിപ്പിച്ചു. ഇന്നു ഞാൻ നിങ്ങളെ അതിലധികം ആശ്ചര്യപ്പെടുത്തുവാനാണു് വന്നിരിക്കുന്നതു്. മററാരോടും ഞാനൊരിക്കലും ഇത്ര തുറന്നു പറയാൻ ധൈര്യപ്പെട്ടിട്ടില്ല. എന്നാൽ നിങ്ങൾ ഒരു നല്ല മനുഷ്യനാണു്. എൻെറ ചങ്ങാതിയാണു് അല്ലേ? കേൾക്കു, എൻെറ സഹോദരി നിങ്ങളെ പ്രേമിക്കുന്നു."

ഞാൻ ഞെട്ടിയെഴുന്നേററു.

"എന്തു പറയുന്നു?"

"നിങ്ങളുടെ സഹോദരി...?"

ഗാഗിൻ പറഞ്ഞു: "അതെയതെ, ഞാൻ നിങ്ങളോടു പറയുന്നു. അവൾക്കു ഭ്രാന്താണു്. എന്നെയും ഭ്രാന്തു

പിടിപ്പിക്കും. എന്നാൽ അവൾക്കു കളവു പറയാൻ അറി ഞ്ഞുകൂടാ. എന്നെ വിശ്വസിക്കുന്നു. ഹായ്! ഈ പെ ണ്ണിൻെറ ആത്മാവു്...പക്ഷേ, അവൾ സ്വയം നശിക്കും, ആത്മാവിനെ നശിപ്പിക്കും.''

ഞാൻ പറഞ്ഞു: ‘‘നിങ്ങൾ തെററിദ്ധരിക്കുന്നു.''

‘‘അല്ല, ഞാൻ തെററിദ്ധരിക്കുകയല്ല. ഇന്നലെ, നിങ്ങൾക്കറിയാമോ? അവൾ പകൽ മുഴുവൻ കിടക്കു കയായിരുന്നു. ഒന്നുംതന്നെ തിന്നിട്ടില്ല. എന്നാൽ ഒരു ത്തനെപ്പററിയും പരാതിപറഞ്ഞില്ല. ഒരിക്കലും അങ്ങ നെ പതിവില്ല. സന്ധ്യയ്ക്കു് അവൾക്കല്പം പനിയുണ്ടാ യിരുന്നുവെങ്കിലും ഞാൻ ശ്രദ്ധിച്ചില്ല. കഴിഞ്ഞരാത്രി ഏതാണ്ടു രണ്ടുമണിക്കു് വീട്ടുടമസ്ഥ എന്നെ വിളിച്ചു ണർത്തി. അവൾ ഉടുപ്പെല്ലാമണിഞ്ഞു് ശക്തിയേറിയ പനിബാധിച്ചു കിടക്കുകയായിരുന്നു. കണ്ണീർ ഒഴുകിയി രുന്നു. നെററി പൊള്ളുന്നുണ്ടായിരുന്നു. പല്ലുകൾ കിട്ടു കിട്ടുത്തിരുന്നു. ഞാൻ ചോദിച്ചു: ‘‘എന്തു പററി, പനി യാണോ?'' അവൾ എൻെറ കഴുത്തിൽ കൈയിട്ടു ചു ററിപ്പിടിച്ചു് കരയുവാൻതുടങ്ങി. അവൾ ജീവിച്ചിരി ക്കുന്നതു കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ മറെറവി ടേക്കെങ്കിലും കൊണ്ടുപോകണമെന്നു പറഞ്ഞു. എനി ക്കു് ആ പറഞ്ഞതു തീരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞാൻ അവളെ സാന്ത്വനിപ്പിക്കുവാൻ പരിശ്രമിച്ചു. അ വൾ തേങ്ങുകമാത്രമേ ചെയ്തുള്ളു. അവസാനം കരഞ്ഞു കൊണ്ടു പറഞ്ഞു, ചുരുക്കത്തിൽ എനിക്കു മനസ്സിലായി, അവൾ നിങ്ങളുടെ പ്രേമപാശത്തിൽ കുടുങ്ങിയിരിക്കു യാണെന്നു്. ഞാൻ നിങ്ങൾക്കുറപ്പുതരുന്നു. നിങ്ങ ൾക്കും—ബുദ്ധിയും വിവേകവുമുള്ള നിങ്ങൾക്കും—ഇ തിനെപ്പററി ആലോചിക്കുവാൻപോലും സമയമില്ല.

അവളുടെ ഭാവനാശക്തി എത്ര ഭയങ്കരമാണെന്നോ! അതു് വജ്രപാതംപോലെ പെട്ടെന്നു് അവളെ ആക്രമിക്കുന്നു. എന്നാൽ അവൾ നിങ്ങളെ ഇത്ര സ്നേഹിക്കുന്നതെന്തു്? ഇതെനിക്കു മനസ്സിലാകുന്നില്ല. അവൾ പറയുന്നു, ആദ്യ ദൃഷ്ടിയിൽത്തന്നെ നിങ്ങളിൽ അവളുടെ മനസ്സു് വിലീനമായിപ്പോയെന്നു്. അതുകൊണ്ടുതന്നെയാണു് അവൾ അടുത്തദിവസം അത്രമാത്രം കരഞ്ഞതു്. എന്നെയല്ലാതെ മററൊരാളെയും സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നു പറഞ്ഞു് എന്നെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചതു്. നിങ്ങൾ അവളെ ഹീനയെന്നു കരുതുന്നു, അതായതു് അവൾ ആരാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ എന്നാണു്, അവൾ ധരിച്ചിരിക്കുന്നതു്. ഞാൻ നിങ്ങളോടു് അവളുടെ കഥ പറഞ്ഞിട്ടുണ്ടോയെന്നു് അവൾ എന്നോടു ചോദിച്ചു. ഞാൻ ഇല്ലെന്നു പറഞ്ഞൊഴിഞ്ഞുമാറി. പക്ഷേ, അവൾ മഹാവികൃതിയാണു്. അവൾക്കൊരൊററ വിചാരമേയുള്ളു. പോകണം, അതും ഇപ്പോൾത്തന്നെ. ഞാൻ നേരം പുലരുന്നതുവരെ അവളുടെയടുത്തിരുന്നു. നാളെ ഞങ്ങൾ ഇവിടെയുണ്ടാവില്ലെന്നു് എന്നെക്കൊണ്ടു സത്യം ചെയ്യിക്കുന്നതുവരെ അവൾ ഉറങ്ങിയില്ല. ഞാൻ വീണ്ടുംവീണ്ടും ചിന്തിച്ചു. അവസാനം നിങ്ങളോടു സംസാരിക്കാൻ തീരുമാനിച്ചു. എന്റെ ബുദ്ധിയിൽ അശയ പറയുന്നതു് ശരിയാണു്. ഈ സ്ഥലത്തുനിന്നു് പോകുന്നതുതന്നെയാണു നല്ലതു്. എൻെറ തലയിൽ മററൊരു വിചാരം പൊന്തിവന്നില്ലെങ്കിൽ ഇന്നുതന്നെ ഞാൻ അവളെ കൊണ്ടുപോകുമായിരുന്നു. ആ വിചാരം എന്നെ തടഞ്ഞു. ഒരുപക്ഷേ, ആക്കറിയാം, എൻെറ സഹോദരി നിങ്ങൾക്കിഷ്ടപ്പെട്ടിട്ടുണ്ടെങ്കിലോ? അങ്ങനെയാണെങ്കിൽ ഞാൻ എന്തിനവളെ കൊണ്ടു

പോകുന്നു? അവസാനം ഈ അത്ഥമില്ലാത്ത ലജ്ജ മാററിവെയ്ക്കുവാൻതന്നെ നിശ്ചയിച്ചു. ഇതിനുപുറമേ ഒന്നു രണ്ടു കായ്യങ്ങൾകൂടിയുണ്ടു്. ഞാൻ ഈ സംഗതിയെപ്പററി നിങ്ങളോടന്വേഷിക്കുവാൻ തീരുമാനിച്ചു..."

പാവപ്പെട്ട ഗാഗിൻ തികച്ചും ധമ്മസങ്കടത്തിൽപ്പെട്ടു. അയാൾ പറഞ്ഞു: "ക്ഷമിക്കണം, ഞാൻ ഇത്തരം കായ്യങ്ങളിൽ പരിചയിച്ചവനല്ല."

ഞാൻ അയാളുടെ കൈപിടിച്ചു ദൃഢസ്വരത്തിൽ പറഞ്ഞു: "ഞാൻ നിങ്ങളുടെ സഹോദരിയെ സ്നേഹിക്കുന്നുണ്ടോ എന്നറിയണം, അല്ലേ? ഉണ്ടു്; ഞാൻ നിങ്ങളുടെ സഹോദരിയെ സ്നേഹിക്കുന്നുണ്ടു്."

ഗാഗിൻ എൻെറ നേരെ നോക്കി. "പക്ഷേ," അയാൾ സംശയിച്ചു, "നിങ്ങൾ അവളെ വിവാഹം ചെയ്യുമോ?"

"ഇങ്ങനെ ഒരു ചോദ്യത്തിൻെറയുത്തരം നിങ്ങൾ എങ്ങനെയാണു് എന്നെക്കൊണ്ടു് പറയിക്കുവാൻ വിചാരിക്കുന്നതു്? നിങ്ങൾതന്നെയാലോചിക്കു! ഇപ്പോൾ ഞാനെങ്ങനെയാണു ചെയ്യുക?"

ഗാഗിൻ കയറിപ്പറഞ്ഞു: "അതേ, എനിക്കറിയാം. നിങ്ങളെക്കൊണ്ടു മറുപടി പറയിക്കുവാൻ എനിക്കധികാരമില്ല. എൻെറ ചോദ്യം അസംബന്ധമാണു്; അതിരുകടന്നതാണു്. പക്ഷേ, ഞാനെന്തുചെയ്യും? ആക്കും തീകൊണ്ടു കളിക്കാൻ സാദ്ധ്യമല്ല. നിങ്ങൾക്കു് അശയയെ അറിഞ്ഞുകൂടാ. അവൾ രോഗിയാകും, ഓടിപ്പോകും, നിങ്ങളോടു് ഒററയ്ക്കു വന്നു കാണുവാൻ പറയും. മറെറാരാളാണെങ്കിൽ എല്ലാം മറച്ചു കാത്തിരിക്കുമായിരുന്നു. പക്ഷേ, അവൾക്കങ്ങനെ സാദ്ധ്യമല്ല. അവൾക്കിതു് ആദ്യത്തെ അനുഭവമാണു്. അതുകൊണ്ടാണു് ഈ പ്രയാസം

മുഴവൻ. ഇന്നു രാവിലെ അവൾ എൻെറ കാല്ല പിടിച്ചു കരയുന്നതു കണ്ടിരുന്നെങ്കിൽ നിങ്ങൾക്കു ഞാൻ പറയുന്നതിൻെറയത്ഥം മനസ്സിലാകുമായിരുന്നു.''

ഞാൻ ചിന്താമഗ്നനായി: 'നിങ്ങളോട്ട് ഒററയ്ക്കു വന്നു കാണാൻ പറയും.' ഈ വാക്കുകൾ ശരംപോലെ എൻെറ ഹൃദയത്തിൽ തറച്ചു. ആ തുറന്ന സംസാരത്തിന് അതേമാതിരി തുറന്ന മറുപടി കൊടുക്കാതിരിക്കുന്നതു് എനിക്കു ലജ്ജാകരമായിത്തോന്നി.

അവസാനം ഞാൻ പറഞ്ഞു: "അതേ, ശരിയാണു നിങ്ങൾ പറയുന്നതു്. എനിക്കു് നിങ്ങളുടെ സഹോദരിയിൽനിന്നു ഒരു കത്തു കിട്ടി. ഇതാ നോക്കൂ!''

ഗാഗിൻ എഴുത്തെടുത്തു തിടുക്കത്തിൽ വായിച്ചു. അയാൾ കാൽമുട്ടുകളിൽ കൈവെച്ചു. ആ മുഖത്തു പരന്ന അത്ഭുതത്തിൻെറ വികാസം കൗതുകപ്രദമായിരുന്നു. എന്നാൽ, ആ സമയത്തു ചിരിക്കുവാൻ തോന്നിയില്ല.

അയാൾ പറഞ്ഞു: "ഞാൻ തുറന്നു സമ്മതിക്കുന്നു. നിങ്ങൾ വളരെയധികം നല്ല മനുഷ്യനാണു്. എന്നാൽ ഇപ്പോൾ എന്താണു ചെയ്യേണ്ടതു്? അവൾ സ്വയം പോകുവാനാഗ്രഹിക്കുന്നു. എന്നിട്ടും അവൾ നിങ്ങൾക്കെഴുത്തെഴുതുന്നു. തൻെറ വീണ്ടുവിചാരമില്ലായ്മയിൽ പശ്ചാത്തപിക്കുന്നു...അവൾക്കു് എപ്പോഴാണു് എഴുതുവാൻ സമയം കിട്ടിയതു്? അവൾക്കു് എന്താണു് നിങ്ങളിൽനിന്നു വേണ്ടതു്?''

ഞാൻ അയാളെ ആശ്വസിപ്പിച്ചു. ഞങ്ങൾ എന്താണു ചെയ്യേണ്ടതെന്നതിനെപ്പററി ശാന്തമായി ആലോചിക്കാൻ തുടങ്ങി. അവസാനം ഞങ്ങൾ നിശ്ചയിച്ചതു് ഇങ്ങനെയാണു്; ഖേദകരമായ വിപത്തിൽനിന്നു രക്ഷപ്പെടുവാൻ ഞാൻ നിശ്ചിതസ്ഥലത്തു ചെന്നു് അശയ

യോട്ട സംഗതികളെല്ലാം സ്പഷ്ടമായിപ്പറയേണ്ടതു് ആവശ്യമായിരുന്നു. ഗാഗിൻ അശയയുടെ കത്തിനെപ്പററി ഒന്നുംതന്നെ അറിവില്ലാത്തപോലെ വീട്ടിൽത്തന്നെയിരുന്നുകൊള്ളാമെന്നു ശപഥംചെയ്തു. സന്ധ്യസമയത്തു് ഞങ്ങൾ വീണ്ടും തമ്മിൽ കാണണമെന്നു നിശ്ചയിച്ചു.

ഗാഗിൻ എൻെറ കൈ പിടിച്ചമത്തിക്കൊണ്ടു പറഞ്ഞു: "എനിക്കു നിങ്ങളെ തികച്ചും വിശ്വാസമാണ്. ഞങ്ങളിരുവരിലും—എന്നിലും അവളിലും—കാരുണ്യമുണ്ടാകണം." അയാൾ എഴുന്നേററുകൊണ്ടു പറഞ്ഞു: "എന്തായാലും ഞങ്ങൾ നാളെത്തന്നെ പോകും; കാരണം, നിങ്ങൾ ഒരിക്കലും അശയയെ വിവാഹം കഴിക്കില്ല."

ഞാൻ പറഞ്ഞു: "എനിക്കു വൈകുന്നേരംവരെ സമയം തരണം."

"നിങ്ങളുടെയിഷ്ടംപോലെ. പക്ഷേ, നിങ്ങൾ അവളെ വിവാഹം കഴിക്കില്ല."

ഗാഗിൻ പോയി. ഞാൻ കട്ടിലിൽ കിടന്നു കണ്ണടച്ചു. എനിക്കു തലചുററാൻ തുടങ്ങി. ഒരായിരം വിചാരങ്ങൾ ഒന്നിച്ചു് എൻെറ തലയിൽ തിരയടിക്കാൻതുടങ്ങി. എനിക്കു ഗാഗിൻെറ തുറന്ന സംസാരത്തിൽ നീരസം തോന്നി. അവളുടെ പ്രേമം എൻെറ ഹൃദയത്തിൽ തറയ്ക്കുകയും തലോട്ടുകയും ചെയ്തിരുന്നു. അവൾ ഈ കാര്യം സഹോദരനോടു പറഞ്ഞതെന്തിനാണെന്നു് എനിക്കു മനസ്സിലായില്ല. താമസിയാതെ, തൽക്കാലംതന്നെ ഒരു തീരുമാനം ചെയ്യേണ്ടതിൻെറയാവശ്യം എൻെറ മർമ്മങ്ങളെ വേദനിപ്പിക്കാൻതുടങ്ങി.

ഞാൻ എഴുന്നേററുകൊണ്ടു പറഞ്ഞു: "ഇങ്ങനത്തെ ഒരു പതിനാറുകാരിപ്പെൺകിടാവിനെ വിവാഹം ചെയ്യുക—ഇതെങ്ങനെയാണു സംഭവിക്കുക?"

നിശ്ചിതസമയത്ത് ഞാൻ റൈനിൻെറ മറുകരയിലെത്തി. അവിടെ ആദ്യമായിക്കണ്ടതു് രാവിലെ എന്റെയടുത്തു കത്തു കൊണ്ടുവന്ന കുട്ടിയെയാണു്. അവൻ സാവധാനം പറഞ്ഞു: "ഫ്രോളിൻ തന്നതാണു്." അവൻ എൻെറ കൈയിൽ മററൊരെഴുത്തു തന്നു.

അശയ സമ്മേളനസ്ഥലം മാററിയ വിവരം അറിയിച്ചുകൊണ്ടെഴുതിയിരിക്കയായിരുന്നു. ഒന്നര മണിക്കൂറിനുശേഷം പള്ളിയിലല്ല, ഫ്രാലുയിയുടെ വീട്ടിലാണു് ഞാൻ പോകേണ്ടിയിരുന്നതു്. അവിടെച്ചെന്നു വാതില്ക്കൽ മുട്ടി, മൂന്നാമത്തെ നിലയിൽ കയറിച്ചെല്ലുവാനായിരുന്നു നിർദ്ദേശം.

കുട്ടി ചോദിച്ചു: "വരില്ലേ?" ഞാൻ പറഞ്ഞു: "വരാം." പിന്നീടു നേരെ പുഴവക്കത്തേക്കു നടന്നു. വീട്ടിൽ തിരിച്ചുപോകാൻ സമയമുണ്ടായിരുന്നില്ല. വഴിയിൽ ചുററിത്തിരിയുവാനും എനിക്കിഷ്ടമില്ലായിരുന്നു. കോട്ടമതിലിനു പുറത്തു് ഒരു ചെറിയ പൂന്തോട്ടമുണ്ടായിരുന്നു. അവിടെ മദിരാപ്രേമികൾക്കുവേണ്ടി മേശകളും കസേരകളും ഇട്ടിരുന്നു. ഞാൻ അവിടെച്ചെന്നിരുന്നു. ചില വയസ്സുചെന്ന ജമ്മൻകാർ സ്കിററിൽ* കളിക്കുകയായിരുന്നു. മരംകൊണ്ടുള്ള പന്തുകൾ അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടുപോയിരുന്നു. ഇടക്കിടക്കു പ്രോത്സാഹനശബ്ദങ്ങൾ പുറപ്പെട്ടിരുന്നു. ഒരു സുന്ദരിയായ വേലക്കാരി നിറഞ്ഞ കണ്ണുകളാൽ നോക്കിക്കൊണ്ടു് എനിക്കു് ഒരുകോപ്പ മദ്യം തന്നു. ഞാൻ അവളുടെനേരെ നോക്കി. പക്ഷേ, അവൾ ഉടൻതന്നെ മുഖം തിരിച്ചു നടന്നുകളഞ്ഞു.

---

* ഒരുതരം പന്തുകളി.

അടുത്തുതന്നെ ഇരുന്നിരുന്ന തുടുത്ത കവിളുകളോടു കൂടിയ ഒരു ജർമ്മൻകാരൻ പറഞ്ഞു: "ഞങ്ങളുടെ മദനി ഇന്നു വല്ലാതെ സങ്കടപ്പെട്ടിരിക്കയാണു്. അവളുടെ പ്രിയതമൻ സൈന്യത്തിൽ ചേരാൻ വിദേശത്തേക്കു പൊയ്ക്കളഞ്ഞു."

ഞാൻ അവളുടെ നേരെ നോക്കി. അവൾ തല കൈയിൽ ചായ്ച്ചു താങ്ങിപ്പിടിച്ചുകൊണ്ടു് ഒരു മൂലയിൽ നില്ക്കുകയായിരുന്നു. കണ്ണുനീർ കൈവിരലുകളിലൂടെ ഇറ്റിററായി താഴോട്ടു വീണിരുന്നു. ആരോ അവളോടു മദ്യമാവശ്യപ്പെട്ടു. ഒരുകോപ്പ കൊണ്ടുചെന്നുകൊടുത്തു് അവൾ വീണ്ടും പൂർവ്വസ്ഥാനത്തു തിരിച്ചുചെന്നു. അവളുടെ ദുഃഖം എനിക്കും വ്യാകുലതയുണ്ടാക്കി. ഞാൻ ഉടൻ നടക്കാൻപോകുന്ന സന്ദർശനത്തെപ്പററി ചിന്തിക്കയായിരുന്നു. പക്ഷേ, എൻെറ ചിന്തകൾ മനസ്സിനു സുഖം നൽകിയില്ല. അവ ഹൃദയത്തെ ചുരണ്ടുകയായിരുന്നു. ഞാൻ സന്തോഷത്തോടെയല്ല ഈ സന്ദർശനത്തിനു പുറപ്പെട്ടതു്. പരസ്പരപ്രേമത്തിൻെറ സുഖസാഗരത്തിൽ മുങ്ങിക്കുളിക്കുവാനല്ല പോന്നതു്. ഒരു പ്രതിജ്ഞ നിറവേറ്റുവാൻ, ഒരു കഠിനമായ കർത്തവ്യം നിർവ്വഹിക്കുവാൻ മാത്രമാണു്. 'ആക്കും അവളോടു കളിക്കുവാൻ കഴികയില്ല—' ഗാഗിൻെറ ഈ വാക്കുകൾ എൻെറ ഹൃദയത്തെ ശരംപോലെ തുളയ്ക്കുവാൻ തുടങ്ങി. ഇന്നേക്കു നാലുദിവസമേ ആയിട്ടുള്ളു—അന്നു് എൻെറ തോണി ഒഴുക്കിനൊപ്പം ഒഴുകിക്കൊണ്ടിരിക്കയായിരുന്നു—ഞാൻ സുഖത്തിൻെറ ദാഹം കൊണ്ടു മരിക്കുകയായിരുന്നു. ആ സുഖം എനിക്കു ലബ്ധമായി. ഞാൻ ഇളകിമറിഞ്ഞു. അതിനെ ദൂരത്തേക്കു പിടിച്ചുതള്ളി. എനിക്കു് അതിനെ തള്ളിക്കളയേണ്ടിവന്നു. ഇതിൻെറ ആകസ്മികത്വം എന്നെ അത്ഭുതപ്പെടുത്തി.

അശയ, ആ മനോഹരിയായ വിചിത്രജീവി—എനിക്കു സമ്മതിക്കാതെ നിവൃത്തിയില്ല—അവൾ ഉഗ്രമായ പ്രകൃതിയും സ്വഭാവവും ശിക്ഷണവുംകൊണ്ടു് എന്നെ ഭയപ്പെടുത്തി. വളരെനേരം ഞാൻ എൻെറ മനോഭാവങ്ങളോടു തന്നെ മുഷ്ടിയുദ്ധം നടത്തി. നിശ്ചിതസമയം സമീപിച്ചുകൊണ്ടിരുന്നു. അവസാനം ഞാൻ നിശ്ചയിച്ചു: എനിക്കു് അവളെ വിവാഹം ചെയ്യുവാനാവില്ല. ഞാൻ സ്നേഹിക്കുന്നുവെന്നുകൂടി അവൾക്കു മനസ്സിലാക്കിക്കൊടുക്കുവാനാവില്ല.

ഞാൻ എഴുന്നേററു. ആ പാവപ്പെട്ട മദനിയുടെ കൈയിൽ കുറച്ചു പണം വെച്ചുകൊടുത്തു. (അവൾ എനിക്കു നന്ദിപോലും പറഞ്ഞില്ല.) ഫ്രാല്യയിയുടെ വീട്ടിലേക്കു പുറപ്പെട്ടു. സന്ധ്യയുടെ നിഴലുകൾ വായുവിലൂടെ അങ്ങുമിങ്ങും പരന്നിരുന്നു. അന്ധകാരം വ്യാപിച്ചുകൊണ്ടിരുന്നു. തെരുവുകളുടെ മീതെ ആകാശത്തിൻെറ നേരിയ ഭാഗങ്ങൾ അന്തിവെയിലേററു ചെമ്പനീർപൂവിൻെറ നിറം പൂണ്ടിരുന്നു. ഞാൻ സാവധാനം വാതില്ക്കൽ മുട്ടി. അതു് ഉടൻതന്നെ തുറന്നു. നടപ്പടി കടന്നപ്പോൾ ഞാൻ സ്വയം ഇരുട്ടിൽ പെട്ടിരിക്കുന്നതായി കണ്ടു.

ഒരു വൃദ്ധയുടെ സ്വരം പറഞ്ഞു: "ഈ വഴിതന്നെയാണു നിങ്ങളെ കാത്തിരിക്കുന്നതു്."

ഇരുട്ടിലൂടെ തപ്പിത്തടഞ്ഞുകൊണ്ടു ഞാൻ രണ്ടടി മുന്നോട്ടു വെച്ചു. ആരുടേയോ അസ്ഥിമാത്രമായ കരതലം എൻെറ കൈത്തലത്തെ സ്പർശിച്ചു.

ഞാൻ ചോദിച്ചു: "നിങ്ങളാണോ ഫ്രാല്യയി?"

അതേ സ്വരം മറുപടി പറഞ്ഞു: "അതെ യുവാവേ."

വൃദ്ധ എന്നെ ഒരു കോണിയിലൂടെ മൂന്നാം നിലയി

ലേക്കു കൊണ്ടുപോയി. ഒരു വാതിൽക്കൽ ചെന്നു നിന്നു. ചെറിയ ജനലിലൂടെ വന്നിരുന്ന നേരിയ പ്രകാശത്തിൽ ഞാൻ വിധവയുടെ ചുളിഞ്ഞ മുഖം കണ്ടു. അവളുടെ ചെറുചുണ്ടുകളിൽ അഹങ്കാരവും പരിഹാസവും നിറഞ്ഞ ഒരു പുഞ്ചിരി കളിയാടിയിരുന്നു. അവളുടെ മങ്ങിയ മിഴികൾ മേലോട്ടു കയറിയിരുന്നു. അവൾ ഒരു ചെറിയ വാതിലിൻെറ നേരെ ചൂണ്ടിക്കാണിച്ചു. ഞാൻ വിറയ്ക്കുന്ന കൈകളാൽ കതകു തുറന്നു. അകത്തു കടന്നു വാതിലടയ്ക്കുകയും ചെയ്തു.

# 16

ഞാൻ കടന്നുചെന്ന ചെറിയ മുറിയിൽ വെളിച്ചം കുറവായിരുന്നു. ആദ്യത്തെ നോട്ടത്തിൽ അശയയെ കാണാൻ കഴിഞ്ഞില്ല. അവൾ ഒരു മുണ്ടുപുതച്ചു ജനലിന്നരികിൽ മുഖം തിരിച്ച് ഒരു പേടിച്ച പ്രാവിനെപ്പോലെ കസേരയിൽ ഇരിക്കുകയായിരുന്നു. അവളുടെ ശ്വാസോച്ഛ്വാസം ദ്രുതഗതിയിലായിരുന്നു. ഓരോ അവയവവും വിറയ്ക്കുന്നുണ്ടായിരുന്നു. എനിക്ക് അവളുടെനേരെ, പറഞ്ഞാൽ തീരാത്ത സഹാനുഭൂതി തോന്നി. ഞാൻ അടുത്തുചെന്നു. അവൾ എന്നിൽനിന്നു ദൂരെ മാറുകയാണുണ്ടായത്.

ഞാൻ വിളിച്ചു: "ആനി നിക്കോളോ!"

അവൾ പെട്ടെന്ന് നിവന്നുനിന്ന് എൻെറ നേരെ നോക്കുവാൻ ഭാവിച്ചു. പക്ഷേ, അതിനു ധൈര്യമുണ്ടായില്ല. ഞാൻ അവളുടെ കൈ പിടിച്ചു. അത് എന്റെ കൈയിൽ തണുത്തു വിറങ്ങലിച്ചു നിർജ്ജീവമായതുപോലിരുന്നു.

അവളുടെ വിളറിയ ചുണ്ടുകൾ ആജ്ഞ പാലിക്കാതെ വീണ്ടും പുഞ്ചിരിയിടാൻ പരിശ്രമിച്ചുകൊണ്ടു പറയാൻ തുടങ്ങി: "ഞാൻ നിങ്ങളെ..." അവൾ ആവർത്തിച്ചു: "ഞാൻ നിങ്ങളെ...ഇല്ല, എനിക്കു പറയാൻ കഴികയില്ല." അവളുടെ സ്വരം നിന്നുപോയി. ഓരോ അക്ഷരം ഉച്ചരിക്കുമ്പോഴും അവളുടെ തൊണ്ടയിടറിയിരുന്നു.

"ആനീ നിക്കോളോ..." എനിക്കും ഇതിലധികം ഒന്നും ശബ്ദിക്കാൻ കഴിഞ്ഞില്ല.

ഞങ്ങളിരുവരും മിണ്ടാതിരുന്നു. ഞാൻ അവളുടെ കൈപിടിച്ച് അവളുടെ നേരെ നോക്കിക്കൊണ്ടിരുന്നു. അവൾ ആദ്യത്തെമാതിരിതന്നെ ചുരുണ്ടുകൂടിയിരുന്നു. അവളുടെ ശ്വാസം തടഞ്ഞിരുന്നു. അവൾ കീഴ്ച്ചുണ്ടു കടിച്ചമർത്തിയിരുന്നു; തിങ്ങിയുതിരുന്ന കണ്ണുനീർപ്രവാഹത്തെ തടയുവാൻവേണ്ടി. ഞാൻ അവളുടെ നേരെ നോക്കി. അവളുടെ കാതരമായ നിശ്ചലതയത്തിൽ ഒരു മർമ്മഭേദകമായ ദീനത മറഞ്ഞിരിക്കുന്നുണ്ടായിരുന്നു.

അവൾ ജീവചൈതന്യമറ്റ സമയത്തിനു മുമ്പുതന്നെ ശയ്യാവലംബിയാകുവാൻ തുനിഞ്ഞിരിക്കുന്നതുപോലെ തോന്നി. എന്റെ ഹൃദയം പൊട്ടിയടന്നുപോയി.

ഞാൻ ഇടറിയ ശബ്ദത്തിൽ വിളിച്ചു: "അശയേ!"

അവൾ സാവധാനം എന്റെനേരെ കണ്ണുമിഴിച്ചു നോക്കി. ഹാ, പ്രേമിനിയായ സ്ത്രീയുടെ ദൃഷ്ടികൾ! അവയെ ആർക്കാണു വർണ്ണിക്കുവാൻ കഴിയുക? അവയിൽ ഭക്തിയും, ജിജ്ഞാസയും, അപേക്ഷയും, ആത്മസമർപ്പണവും പ്രകടമായിരുന്നു. എനിക്ക് അവളുടെ ആകർഷണത്തെ തടയുവാൻ കഴിഞ്ഞില്ല. അവയുടെ തീപ്പൊരികൾ

ചുട്ടുപഴുത്ത കമ്പികൾപോലെ എൻെറ ദേഹത്തിലാകെ തുളച്ചുകയറി. ഞാൻ തല കുനിച്ച് ആ കൈയെടുത്തു ചുംബിച്ചു.

തകൎന്ന നിശ്വാസംപോലെ വിറകൊണ്ടിരുന്ന ഒരു ശബ്ദം ഞാൻ കേട്ടു. എൻെറ മുടികളിൽ ഇലപോലെ ചലിക്കുന്ന ഒരു കരത്തിൻെറ കോമളസ്പർശം അനുഭൂതമായി. ഞാൻ തലപൊക്കി അവളുടെ മുഖത്തു നോക്കി. അവളുടെ മുഖം എത്രവേഗം മാറിയിരിക്കുന്നു! ഭയഭാവം തികച്ചും തിരോഭവിച്ചിരിക്കുന്നു. അവളുടെ ദൃഷ്ടികൾ ദൂരെയെങ്ങോട്ടോ യാത്രപോയിരിക്കുന്നതായി തോന്നി. അവളുടെ ചുണ്ടുകൾ അല്പം പിളൎന്നു. നെററിത്തടം വെണ്ണക്കല്ലുപോലെ വെളുത്തിരിക്കുന്നു. കുറുനിരകൾ കാററിലിളകി പിന്നോട്ടു മറിഞ്ഞുകിടന്നിരുന്നു. ഞാൻ സ്വയം മറന്നുപോയി. അവളുടെ കൈകൾ എന്നോടു പിടിച്ചടുപ്പിച്ചു. അവളുടെ കൈകൾ നിശ്ശബ്ദം അനുസരിച്ചു. കൈകളോടൊപ്പം ശരീരമാകത്തന്നെയും. മൂടുപടം താഴോട്ടിഴകി വീണു. അവളുടെ ശിരസ്സ് എന്റെ മാറിടത്തിലേക്കു ചാഞ്ഞു. എൻെറ ചൂടാൎന്ന ചുണ്ടുകൾക്കു താഴെ...

"നിങ്ങളുടെ..." അവൾ അസ്പഷ്ടമായി നേരിയ സ്വരത്തിൽ പറഞ്ഞു.

എൻെറ കൈകൾ ആദ്യംതന്നെ അവളെ ആലിംഗനം ചെയ്തുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നു് ഗാഗിന്റെ ഓർമ്മ മിന്നൽപ്പിണർപോലെ എൻെറ മസ്തിഷ്കത്തിലെത്തി. ഞങ്ങൾ എന്താണീച്ചെയ്യുന്നതു്? ഞാൻ ചാടി എണീററു. "നിങ്ങളുടെ സഹോദരനു് ഇതെല്ലാമറിയാം. ഞാൻ നിങ്ങളെക്കാണാൻ വന്നിരിക്കയാണെന്നു് അയാൾക്കറിയാം."

അശയ കസേരയിൽ വീണു. ഞാൻ എഴുന്നേറ്റു മുറി

യുടെ മറ്റൊരു മൂലയിൽ ചെന്നുനിന്നു പറഞ്ഞു: "അതെ, നിങ്ങളുടെ സഹോദരനു് എല്ലാമറിയാം. ഞാൻ അയാളോടു പറയാൻ നിർബന്ധിതനായിപ്പോയി."

അവൾ അവ്യക്തസ്വരത്തിൽ പറഞ്ഞു: "നിങ്ങൾ നിർബന്ധിതനായി?" അവൾക്കു വാസ്തവത്തിൽ സ്വസ്ഥബുദ്ധിയില്ലായിരുന്നു. ഞാൻ പറഞ്ഞതു് അവൾക്കു നല്ലപോലെ മനസ്സിലായിരുന്നില്ല.

ഞാൻ ഒരുവിധം ക്രോധഭാവത്തിൽ പറഞ്ഞു: "അതെയതെ, ഇതിനു നിങ്ങൾതന്നെയാണു തികച്ചും അപരാധി. നിങ്ങൾതന്നെ. നിങ്ങൾ നിങ്ങളുടെ രഹസ്യം അയാളോടു പറഞ്ഞതെന്തിനു്? അയാൾ ഇന്നെൻെറയടുത്തു വന്നിരുന്നു. നിങ്ങൾ പറഞ്ഞതെല്ലാം എന്നോടു പറയുകയും ചെയ്തു."

ഞാൻ അവളുടെ നേക്കു നോക്കാൻ നില്ക്കാതെ കാലുകൾ നീട്ടിവെച്ചു മുറിക്കു പുറത്തു കടക്കാൻ ഭാവിച്ചു. "ഇതാ, സർവസ്വം നശിച്ചു; സകലതും തകൎന്നു."

അശയ കസേരയിൽനിന്നെഴുന്നേല്ക്കാൻ ഭാവിച്ചു.

ഞാൻ പറഞ്ഞു: "ഇരിക്കു! ദയവുചെയ്തിരിക്കു. നിങ്ങൾ ഒരു നല്ല മനുഷ്യനോടാണിടപെട്ടിരിക്കുന്നതു്, ഒരു നല്ല മനുഷ്യനോടു്. പക്ഷേ, എന്തിനാണു നിങ്ങൾ ആവേശപ്പെടുന്നതു്? എന്നിൽ വല്ല മാററവും കണ്ടുവോ? ഇന്നു രാവിലെ നിങ്ങളുടെ സഹോദരൻ എൻെറയടുത്തു വന്നപ്പോൾ എനിക്കു് അയാളെ വഞ്ചിക്കാൻ കഴിഞ്ഞില്ല." ഞാൻ സ്വയം പറഞ്ഞു: 'എന്താണു ഞാൻ പറയുന്നതു്? ഞാൻ വഞ്ചകനാണു്. ഗാഗിനു ഞങ്ങളുടെ കൂടിക്കാഴ്ചയെപ്പററിയറിയാം. സകല വത്തമാനവുമറിയാം. എല്ലാം പുറത്തായിരിക്കുന്നു.' ഈ വിചാരം എൻെറ കാതുകളിൽ പ്രതിദ്ധ്വനിക്കാൻ തുടങ്ങി.

അശയ ദീനസ്വരത്തിൽ പറഞ്ഞു: “ഞാൻ സഹോദരനെ വിളിക്കയുണ്ടായില്ല. അദ്ദേഹം എൻെറയടുത്ത്…”

ഞാൻ തുടൎന്നു: “നിങ്ങൾ എന്താണു ചെയ്യുന്നതു്? ഇപ്പോൾ നിങ്ങൾ പോകാനാഗ്രഹിക്കുന്നു…?”

അവൾ അതേപ്രകാരം പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: “അതേ. ഞാൻ തീർച്ചയായും പോകും. ഞാൻ അവസാനയാത്ര പറയുവാനാണു നിങ്ങളെ ഇങ്ങോട്ടു വിളിച്ചതു്.”

ഞാൻ ആവേശത്തിൽ ചോദിച്ചു: “നിങ്ങളെ വിട്ടു പിരിയുന്നതു് എനിക്കു് എളുപ്പമാണെന്നാണോ വിചാരം?”

അശയ വിഷമത്തിലായി. “പക്ഷേ, നിങ്ങൾ എൻെറ സഹോദരനോടു് എന്താണു പറഞ്ഞതു്?”

“ഞാൻ ആദ്യംതന്നെ നിങ്ങളോടു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്, എനിക്കങ്ങനെ ചെയ്യാതിരിക്കാൻ സാദ്ധ്യമായിരുന്നില്ലെന്നു്. നിങ്ങൾ രഹസ്യം പുറത്തുവിട്ടിരുന്നില്ലെങ്കിൽ…”

അവൾ നിഷ്കളങ്കത്വം വെളിപ്പെടുത്തി: “ഞാൻ പുറത്തുനിന്നു പൂട്ടിയിരുന്നു. പക്ഷേ, വീട്ടുടമസ്ഥയുടെ കൈയിൽ വേറെ താക്കോലുള്ളതു ഞാനറിഞ്ഞിരുന്നില്ല.”

ഇത്തരമവസരത്തിൽ ഇത്ര നിർജ്ജീവമായ ഭാവത്തിൽ അവൾ തൻെറ നില വ്യക്തമാക്കുന്നതു കണ്ടിട്ടു് എനിക്കു ദേഷ്യംവന്നു. എന്നാൽ ഇന്നു് അതേ കാൎയ്യത്തെപ്പററിയോൎത്തു ഞാൻ മൎമ്മവേദനയനുഭവിക്കയാണു്. ഹാ, പാവം! എത്ര സാധുവായ പെൺകുട്ടി! കളങ്കമെന്തെന്നറിയില്ല. ഞാൻ വീണ്ടും പറയാൻ തുടങ്ങി: “എല്ലാം കഴിഞ്ഞു, സകലതും. ഇനി നമുക്കു വിട്ടുപിരിയുകതന്നെ

വേണം.'' ഞാൻ അശയയുടെനേരെ കൺകോണുകൊണ്ടു നോക്കി. അവളുടെ മുഖം പെട്ടെന്നു രക്തപ്രസാദമേററു. അവൾ ലജ്ജിക്കയും ഭയപ്പെട്ടുകയും ചെയ്യുന്നുണ്ടെന്നെനിക്കു തോന്നി. ഞാൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു ജ്വരബാധയേററവനെപ്പോലെ സംസാരിച്ചു. "നിങ്ങൾ നിങ്ങളുടെ മനോഭാവങ്ങൾക്കു് ലവലേശം സമയം കൊടുത്തില്ല. അവ വികസിക്കുവാൻവേണ്ടി പാകപ്പെട്ടുകയാണു്. നിങ്ങൾതന്നെ നമ്മുടെ മൈത്രീബന്ധം വലിച്ചു പൊട്ടിച്ചു. നിങ്ങൾ എന്നെ വിശ്വസിച്ചില്ല. നിങ്ങൾക്കു എന്നിൽ സംശയം....''

ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അശയ സാവധാനം തല കുനിച്ചു മുന്നോട്ടു നീങ്ങുകയായിരുന്നു. അവസാനം അവൾ മുട്ടുകുത്തിനിന്നു കൈകളാൽ മുഖം പൊത്തി തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. എനിക്കു് അബലയുടെ അശ്രുക്കൾ കണ്ടിരിക്കാൻ കഴിഞ്ഞില്ല. എന്റെ ബുദ്ധി ശൂന്യമായിപ്പോയി.

ഞാൻ പലവട്ടം പറഞ്ഞു: "ആനീ, അശയേ, ഞാൻ കൈക്കൂപ്പുന്നു. നിങ്ങളുടെ കാല്ക്കൽ വീഴുന്നു. ദൈവത്തെക്കരുതി മിണ്ടാതിരിക്കൂ.'' ഞാൻ വീണ്ടും അവളുടെ കൈ പിടിച്ചു.

അവൾ പെട്ടെന്നെഴുന്നേറ്റു മിന്നൽപിണർപോലെ, വാതില്ക്കലേക്കു നീങ്ങി അന്തർദ്ധാനംചെയ്തു. ഞാൻ ആശ്ചര്യത്താൽ മിണ്ടാൻവയ്യാതെ നിന്നുപോയി.

അല്പനിമിഷങ്ങൾക്കുശേഷം ഗ്രാല്യയി അകത്തു വന്നപ്പോൾ ഞാൻ മുറിക്കകത്തു നടുവിലായി ഇടിവെട്ടേറ്റതുപോലെ നില്ക്കുന്നതു കണ്ടു. ഈ സന്ദർശനം ഇത്ര വേഗത്തിൽ ഇത്ര വികൃതമായ രൂപത്തിൽ അവസാനിച്ചതെങ്ങനെയെന്നു് എനിക്കു മനസ്സിലായില്ല. എനിക്കു പറയാ

ന്നുണ്ടായിരുന്നതു് ശതാംശംപോലും പറയുവാൻ കഴിഞ്ഞി ല്ല. അതിനുമുമ്പു് അതവസാനിച്ചു. അതെങ്ങനെയാണ വസാനിച്ചതെന്നെനിക്കു മനസ്സിലായില്ല.

ഫ്രാലൃയി ചെമ്പൻപുരികങ്ങൾ പറപ്പിച്ചുകൊണ്ടു് എന്നോടു ചോദിച്ചു: "ആനി പോയോ?"

ഞാൻ എന്തുചെയ്യണമെന്നറിയാതെ അവളുടെ നേക്കു നോക്കി അവിടംവിട്ടിറങ്ങിപ്പോയി.

# 17

ഞാൻ നഗരത്തിൽനിന്നു കാൽ നീട്ടിച്ചവിട്ടി തുറ ന്ന വയലുകളിലെത്തി. മാനസികമായ സന്താപം, ഉന്മ ത്തമായ മാനസികസന്താപം എന്റെ ഹൃദയത്തെ പിള ക്കുന്നുണ്ടായിരുന്നു. ഞാൻ എന്നെത്തന്നെ പഴിപറയാൻ തുടങ്ങി. അശയ സന്ദർശനസ്ഥലം മാററിയതിന്റെ കാര ണം എനിക്കെന്താണു മനസ്സിലാകാത്തതു്? ഈ കിഴവി യുടെയടുത്തുവരെ വരുമ്പോൾ അശയക്കെന്തു സംഭവിക്കു മെന്നു് എനിക്കു ചിന്തിക്കാൻ കഴിയാത്തതെന്തു്? ഞാൻ അവളെ തിരിച്ചുകൊണ്ടുവരാതിരുന്നതെന്തു്? ആ വെളി ച്ചംകുറഞ്ഞു വിജനമായ മുറിക്കകത്തുവെച്ചു് അവളെ പ രിത്യജിക്കുവാൻ, അവളെയവഹേളിക്കുവാൻ, എനിക്കു ത്രാണിയുണ്ടായി; ധൈര്യമുണ്ടായി. ഇപ്പോൾ അവളുടെ രൂപം എന്റെ കണ്ണുകളിൽ കളിയാടിക്കൊണ്ടിരിക്കുന്നു. ഞാൻ അവളോടു മാപ്പു ചോദിക്കുവാൻ തുടങ്ങി. അവളു ടെ വിവർണ്ണമായ മുഖമണ്ഡലത്തിന്റെയും, അശ്രു നിറഞ്ഞു ലജ്ജാനമ്രമായ നയനങ്ങളുടെയും കുനിഞ്ഞ കഴുത്തിൽ ചിതറിക്കിടക്കുന്ന കേശരാശിയുടെയും, എന്റെ മാറത്തു

ണ്ടായ കോമളമായ ശിരസ്പർശത്തിൻെറയും സ്മരണകൾ എന്നെ ദഹിപ്പിക്കുവാൻ തുടങ്ങി. അവൾ പറയുന്നത് ഞാൻ കേട്ടു: '...ഞാൻ കരുതിക്കൂട്ടി അങ്ങനെ ചെയ്തതാണ്.' ഞാൻ വീണ്ടും വീണ്ടും പറയാൻ തുടങ്ങി: 'ഇതു വാസ്തവമല്ല. ഞാൻ വാസ്തവത്തിൽ ഇത്തരമവസാനമാണോ ആഗ്രഹിച്ചിരുന്നതു്? ഞാൻ അവളെ വേറിട്ടുപോവുക സംഭവ്യമാണോ? എനിക്കവളില്ലാതെ ജീവിക്കുവാൻ സാധ്യമാണോ? ഞാൻ കോപോന്മത്തനായിപ്പറഞ്ഞു: 'ഭ്രാന്താണ്, ഭ്രാന്തു്!'

രാത്രിയായിക്കഴിഞ്ഞിരുന്നു. ഞാൻ കാൽ നീട്ടിച്ചവിട്ടി അശയയുടെ വീട്ടിലേക്കു നടന്നു.

## 18

ഗാഗിൻ പുറത്തിറങ്ങിവന്നു.

എന്നെക്കണ്ടതോടെ അയാൾ വിളിച്ചുചോദിച്ചു: "സഹോദരിയെക്കണ്ടോ?"

ഞാൻ ചോദിച്ചു: "അവൾ വീട്ടിലില്ലേ?"

"ഇല്ല."

"മടങ്ങിവന്നില്ലേ?"

"ഇല്ല."

എൻെറ കുററമാണിതു്. എനിക്കു കാത്തിരിക്കാൻ കഴിഞ്ഞില്ല. ഞാൻ നിശ്ചയത്തിനെതിരായി പള്ളിയിൽ പോയി. അവൾ അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ടു് എനിക്കു മനസ്സിലായി അവൾ വന്നിട്ടില്ലെന്നു്.

"അവൾ പള്ളിയിൽ ഉണ്ടായിരുന്നില്ല."

"നിങ്ങൾ കണ്ടില്ലേ?"

എനിക്കു കണ്ടുവെന്നു സമ്മതിക്കേണ്ടിവന്നു.

"എവിടെവെച്ച്?"

"ഫ്രാല്യയിയുടെ വീട്ടിൽ." ഞാൻ തുടൻു പറഞ്ഞു: "ഒരു മണിക്കൂറായി എന്നെപ്പിരിഞ്ഞു പോയിട്ട്. വീട്ടിൽ മടങ്ങിവന്നിട്ടുണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചതു്.

ഗാഗിൻ പറഞ്ഞു: "നോക്കാം. ഒരുപക്ഷേ, വരുന്നുണ്ടായിരിക്കും."

ഞങ്ങൾ വീട്ടിനകത്തു പോയി അടുത്തടുത്തിരുന്നു; ഇരുവരും മിണ്ടാതെ; ഇരുവരും അത്ഭുതപ്പെട്ടു. ഞങ്ങൾ വീണ്ടും വീണ്ടും വാതിൽക്കലേക്കു തലപൊക്കി നോക്കി, ചെവികൊടുത്തുകൊണ്ടിരുന്നു. അവസാനം ഗാഗിൻ എഴുന്നേററു.

ഞങ്ങൾ പുറത്തുപോയി. എങ്ങും ഇരുട്ടു തിങ്ങിനിറഞ്ഞിരുന്നു. അയാൾ തൊപ്പി വലിച്ചു താഴ്ത്തിയിട്ടുകൊണ്ടു ചോദിച്ചു: "നിങ്ങൾതമ്മിൽ എന്താണു സംസാരിച്ചതു്?"

ഞാൻ പറഞ്ഞു: "അഞ്ചു മിനിട്ടേ സന്ദർശനമുണ്ടായുള്ളു. നാം നിശ്ചയിച്ചമാതിരി അപ്രകാരംതന്നെ ഞാൻ അവളോടു പറഞ്ഞു."

"നാം വെവ്വേറെ വഴിക്കു പോകുന്നതാണു നല്ലതു്," അയാൾ പറഞ്ഞു. "അങ്ങനെയായാൽ നമുക്കവളെ വേഗം കണ്ടുപിടിക്കാം. എന്നാൽ ഒരു മണിക്കൂറിനുള്ളിൽ നിങ്ങൾ ഇവിടെ തീർച്ചയായും വരണം."

## 19

ഞാൻ അതിവേഗം തോട്ടത്തിലൂടെ താഴോട്ടിറങ്ങി നഗരത്തിലെത്തി. എല്ലാ വഴികളിലും എല്ലാ സ്ഥലങ്ങളിലും നോക്കി. ഫ്രാലൃയിയുടെ ജനാലയ്ക്കലുംകൂടി എത്തിനോക്കി. പിന്നെ റൈനിൻെറ തീരത്തെത്തി. പുഴവക്കത്തെങ്ങും ചുററിത്തിരിഞ്ഞു. ഞാൻ പല സ്ത്രീകളെയും കണ്ടു. പക്ഷേ, അശയയെമാത്രം എവിടെയും കണ്ടില്ല. ഈ സമയത്തു് സന്താപം എൻെറ ഹൃദയത്തെ പിളൎന്നിരുന്നില്ല. പക്ഷേ, ഒരാശങ്ക എന്നെ അലട്ടിയിരുന്നു. ആശങ്ക മാത്രമല്ല, പശ്ചാത്താപവും. ഹൃദയദാഹകമായ ഖേദം—പ്രേമം—അതെ, ഏററവും കോമളമായ പ്രേമം! ഞാൻ തലയ്ക്കടിച്ചുകൊണ്ടു രാത്രിയിലെ സകല നിഴലുകളിലും അശയയെ തിരഞ്ഞു വിളിക്കാൻ തുടങ്ങി; ആദ്യം പതുക്കെ ആയിരുന്നുവെങ്കിലും പിന്നീടു നല്ലവണ്ണം ഉറക്കെയായി. ഞാൻ അവളെ സ്നേഹിക്കുന്നുവെന്നു് ഒരു നൂറുതവണ വിളിച്ചുപറഞ്ഞുകാണും. ഞാൻ അവളെ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു സത്യം ചെയ്തു. അവളുടെ ശീതളകരങ്ങൾ വീണ്ടും ഒന്നു സ്പൎശിക്കുവാൻ, അവളുടെ നേരിയ സ്വരങ്ങൾ വീണ്ടും ഒന്നു ചെവിക്കൊള്ളുവാൻ, അവളുടെ സുന്ദരരൂപം വീണ്ടും ഒന്നു ദൎശിക്കുവാൻ ഞാൻ സൎവ്വസ്വം പരിത്യജിക്കുമായിരുന്നു. അവൾ അത്രമാത്രം എന്നോടടുത്തിരുന്നു. അവൾ പൂൎണ്ണനിശ്ചയത്തോടെ എൻെറ അടുത്തു വന്നിരുന്നു. ഹൃദയഭാവങ്ങളുടെ ഏകാന്തദാർഢ്യത്തോടുകൂടി എൻെറ മുമ്പിൽ അസ്പൃഷ്ടമായ യൗവനം കാഴ്ചവെച്ചിരുന്നു. എന്നിട്ടു ഞാൻ അതിനെ മാറോടണച്ചില്ല. ഞാൻ സ്വയം അവളുടെ കൊച്ചുമുഖം സ്വൎഗ്ഗീയമായ സന്തോഷത്തിൻെറയും, സംതൃപ്തിയു

ടെയും പ്രകാശത്തിൽ മിന്നിത്തിളങ്ങുന്നതു കാണുവാൻ കൂട്ടാക്കിയില്ല....ഈ വിചാരങ്ങൾ എന്നെ വിവശനാക്കി.

നിരാശയുടെയും ദൗർബല്യത്തിൻെറയും ശോകാവേശത്താൽ ഞാൻ നിലവിളിക്കാൻ തുടങ്ങി. 'അവൾ എവിടെ പോയിരിക്കും? അവൾ എന്തു ചെയ്തിരിക്കും?'

നദീതടത്തിൽ ഒരു വെളുത്ത സാധനം കണ്ടു. എനിക്കാ സ്ഥലമറിയാം. ഇന്നേയ്ക്ക് എഴപതുകൊല്ലം മുമ്പു പുഴയിൽ മുങ്ങിമരിച്ച ഒരു മനുഷ്യൻെറ ശവകുടീരം അവിടെ ഉയൎന്നുനിന്നിരുന്നു. എൻെറ ഹൃദയം സ്തംഭിച്ചുപോയി. ഞാൻ ആ ശവകുടീരത്തിൻെറ നേക്കു പാഞ്ഞു. ആ വെളുത്ത സാധനം മറഞ്ഞുപോയി. ഞാൻ വിളിച്ചു: "അശയേ!—" എൻെറ ഭയങ്കരശബ്ദംതന്നെ എന്നെ ഭയപ്പെടുത്തി. ആരും മറുപടി പറഞ്ഞില്ല.

ഞാൻ തിരിച്ചു പോയി, ഗാഗിൻ അവളെ കണ്ടുപിടിച്ചുവോ എന്നന്വേഷിക്കുവാൻ നിശ്ചയിച്ചു.

## 20

നടവഴിയിലൂടെ കുന്നിലേക്കു കയറുമ്പോൾ ഞാൻ അശയയുടെ മുറിയിൽ വെളിച്ചം കണ്ടു. ഇങ്ങനെ എനിക്കല്പം സമാധാനം ലഭിച്ചു.

ഞാൻ വീട്ടിന്നടുത്തെത്തി. വാതിലടച്ചിരുന്നു. ഞാൻ ചെന്നു മുട്ടി. താഴത്തെ ഇരുട്ടുമുറിയുടെ ജനൽ സാവധാനം തുറന്നു; ഗാഗിൻെറ തല പുറത്തു കണ്ടു.

ഞാൻ ചോദിച്ചു: "നിങ്ങളവളെക്കണ്ടോ?"

അയാൾ പിറുപിറുത്തു: "അവൾ മടങ്ങിവന്നു മുറി

ക്കെത്തു് ഉട്ടപ്പൂരിയിട്ടകയാണു്. വിശേഷിച്ചൊന്നുമില്ല.”
ഞാൻ അതിരററ സന്തോഷത്തിൽ ആറാടിക്കൊണ്ടു പറഞ്ഞു: “ദൈവം സഹായിച്ചു! ഇനിയൊക്കെ നേരെയാകും. എന്നാൽ നിങ്ങൾക്കറിയാമല്ലോ, ഞങ്ങൾക്കല്പം സംസാരിക്കുവാനുണ്ടു്.”

അയാൾ വിനയപൂർവ്വം, ഒപ്പംതന്നെ വാതിൽ അടച്ചുകൊണ്ടു പറഞ്ഞു: “പിന്നെക്കാണാം. എന്നാലിപ്പോൾ പിരിയുക.”

ഞാൻ അവ്യക്തസ്വരത്തിൽ പറഞ്ഞു: “നാളെവരേക്കു്. നാളെയെല്ലാം തീരുമാനപ്പെട്ടും.”

ഗാഗിൻ വന്ദനം പറഞ്ഞു. വാതിൽ അടഞ്ഞുകഴിഞ്ഞു.

എനിക്കു കതകിൽ മുട്ടണമെന്നുണ്ടായിരുന്നു. അതേസമയംതന്നെ അയാളോടു പറയണമെന്നുണ്ടായിരുന്നു, ഞാൻ അയാളുടെ സോദരിയെ പാണിഗ്രഹണം ചെയ്യാനാഗ്രഹിക്കുന്നുവെന്നു്. പക്ഷേ, ഈ പ്രസ്താവം, ഈ സമയത്തു്...ഞാൻ വിചാരിച്ചു: ‘നാളെവരേക്കു്...നാളെ എനിക്കു സുഖം ലഭിക്കും!’

നാളെ എനിക്കു സുഖം ലഭിക്കും! സുഖത്തിന്നു ‘നാളെ’യില്ല—അതിന്നു് ‘ഇന്നലെ’യുമില്ല. അതു ഭൂതകാലത്തെ സ്മരിക്കുന്നില്ല, ഭാവിയെ ചിന്തിക്കുന്നുമില്ല. അതിനു വത്തമാനം മാത്രമേയുള്ളൂ. അതും ഒരു ദിവസമില്ല, ഒരു നിമിഷം മാത്രം!

എനിക്കോമ്മയില്ല എങ്ങനെയാണു് സ—യിലെത്തിയതെന്നു്. എൻെറ കാലുകളല്ല എന്നെയങ്ങോട്ടു കൊണ്ടുപോയതു്. കടത്തുവഞ്ചിയല്ല എന്നെ പുഴയ്ക്കക്കരെ എത്തിച്ചതു്. ഏതോ ശക്തിയുള്ള വലിയ ചിറകുകൾ എന്നെ മുകളിലേക്കു പൊക്കിയെടുത്തുവെച്ചു. ഞാൻ ഒരു

വള്ളിക്കുടിലിനടുത്തുകൂടെപ്പോയി. അവിടെ ഒരു കുയിൽ പാട്ടുപാടുന്നുണ്ടായിരുന്നു. ഞാൻ അതു കേൾക്കുവാൻ നിന്നു. അതു് എൻെറ പ്രേമസൗഖ്യത്തിൻെറ മോഹന ഗാനമാണെന്നു തോന്നി.

# 21

അടുത്ത ദിവസം പ്രഭാതത്തിൽ ഞാൻ എനിക്കു പരിചയപ്പെട്ട ആ സ്ഥലത്തെത്തിയപ്പോൾ സംഗതി ആശ്ചര്യകരമായിരുന്നു. ജനലുകൾ എല്ലാം തുറന്നു കിടക്കുന്നു. വാതിലും തുറന്നിട്ടിട്ടുണ്ടു്. ഉമ്മറത്തു കടലാസുകഷണങ്ങൾ വിതറിക്കിടക്കുന്നു. വേലക്കാരി ചൂലു കൈയിലെടുത്തു വാതിൽക്കൽ വന്നു നില്ക്കുന്നു.

ഞാൻ അവളുടെ അടുത്തു ചെന്നു ഗാഗിൻ വീട്ടിലുണ്ടോ എന്നു ചോദിക്കുന്നതിനു മുൻപുതന്നെ അവൾ വിളിച്ചുപറഞ്ഞു: "അവർ പോയിരിക്കുന്നു."

ഞാൻ ആവർത്തിച്ചു: "പോയി? എന്താണീ പറയുന്നതു്? അവർ എങ്ങോട്ടു പോയി?"

"അവർ ഇന്നു രാവിലെ ആറുമണിക്കു പോയി. എങ്ങോട്ടു പോകുന്നു എന്നൊന്നും പറഞ്ഞില്ല. നിൽക്കു, നിങ്ങൾതന്നെയായിരിക്കും മിസ്റ്റർ ന—?"

"അതേ ഞാനാണു മിസ്റ്റർ ന—"

"നിങ്ങൾക്കൊരെഴുത്തു തന്നിട്ടുണ്ടു്." വേലക്കാരി മുകളിൽ പോയി എനിക്കു് ഒരെഴുത്തെടുത്തുകൊണ്ടുവന്നു.

"ഇതാ എടുത്തോളൂ."

ഞാൻ പറയാൻ തുടങ്ങി: "പക്ഷേ, ഇതെങ്ങനെ...?"

ദാസി കാര്യമറിയാതെ എന്റെ നേരെ നോക്കി അടിച്ചുവാരാൻ തുടങ്ങി.

ഞാൻ എഴുത്തു തുറന്നു. ഗാഗിൻ എഴുതിയതായിരുന്നു. അശയയുടേതായി ഒരു വാക്കുപോലുമില്ല. അയാൾ ആദ്യംതന്നെ ഞാൻ വിചാരിക്കാത്ത ഈ യാത്രയിൽ അസുഖം തോന്നരുതെന്നെഴുതിയിരുന്നു. ഞാൻ നല്ലപോലെ ആലോചിക്കുമ്പോൾ അയാളുടെ നിശ്ചയത്തെ അനുകൂലിക്കുമെന്നയാൾക്കുറപ്പുണ്ടായിരുന്നു. ഇനിയും മുന്നോട്ടു നീങ്ങുമ്പോൾ കൂടുതൽ കഠിനവും വിപൽക്കരവുമാകാവുന്ന പരിതഃസ്ഥിതിയിൽനിന്നു രക്ഷ നേടുവാൻ അയാൾ മറെറാരുപായവും കണ്ടില്ല. അയാൾ എഴുതിയിരുന്നു: "കഴിഞ്ഞ രാത്രി നാമിരുവരും മൗനമായി അശയയെ കാത്തിരിക്കുമ്പോൾ ഞാൻ ഉറച്ചിരുന്നു ഈ വേർപാടുകൂടാതെ കാര്യം നടക്കയില്ലെന്നു്. ഞാൻ ആരാധിക്കുന്ന ചില ദുരാഗ്രഹങ്ങളുണ്ടു്. നിങ്ങൾ അശയയെ വിവാഹംചെയ്യുകയില്ലെന്നെനിക്കറിയാം. അവൾ എന്നോടു കഥയെല്ലാം പറഞ്ഞിട്ടുണ്ടു്. അവളുടെ സമാധാനത്തിനുവേണ്ടി അവൾ വീണ്ടും വീണ്ടും ആവശ്യപ്പെട്ടതു് എനിക്കനുസരിക്കേണ്ടിവന്നു." എഴുത്തിൽ അവസാനമായി ഞങ്ങളുടെ പരിചയം ഇത്രവേഗം അവസാനിപ്പിക്കേണ്ടിവന്നതിൽ ഖേദം പ്രകടിപ്പിച്ചിരുന്നു. എനിക്കു ശുഭാശംസ ചെയ്തിരുന്നു. സൗഹാർദ്ദഭാവത്തിൽ വന്ദനം പറഞ്ഞിരുന്നു. അവരെ അന്വേഷിക്കരുതെന്നു് അപേക്ഷിക്കുകയും ചെയ്തിരുന്നു.

ഞാൻ വിളിച്ചുപറഞ്ഞു, അയാൾ എന്റെ വാക്കുകൾ കേൾക്കുന്നുണ്ടെന്ന ഭാവത്തിൽ: "എന്തു ദുരാഗ്രഹങ്ങൾ, എന്തു വിഡ്ഢിത്തം, അവളെ എന്റെയടുത്തുനിന്നു

കൊണ്ടുപോകുവാൻ ആക്കാണധികാരം?'' ഞാൻ തല താഴ്ത്തിപ്പിടിച്ചു.

വേലക്കാരി വീട്ടടമസ്ഥയെ വിളിച്ചു. അവളുടെ ഭയപ്പാട്ട് എനിക്ക് സ്വബോധമുണ്ടാക്കി. എൻെറ തലയിൽ ഒരേ ഒരു വിചാരമേയുണ്ടായിരുന്നുള്ളു. അവരെ അന്വേഷിക്കണം. ഏതു വിധവും അവരെ കണ്ടുപിടിക്കണം. ഈ ആഘാതമേൽക്കുന്നതു്, ഈ പരിണാമത്തിൽ സംതൃപ്തിയടയുന്നതു്, അസാദ്ധ്യമായിരുന്നു. അവർ ആറുമണിക്കുള്ള ബോട്ടിനാണ പോയതെന്നും റൈനിൻെറ കീഴ്‌വശത്തേക്കാണ തിരിച്ചിരിക്കുന്നതെന്നും വീട്ടടമസ്ഥ പറഞ്ഞു. ഞാൻ ബോട്ടുജെട്ടിയിൽ പോയി. അവർ കൊളോണിലേക്കാണ ടിക്കററെടുത്തിരിക്കുന്നതെന്ന് അവിടെനിന്നു മനസ്സിലായി. ഉടൻതന്നെ കെട്ടുംഭാണ്ഡവും മുറുക്കി അവരെ പിന്തുടരുവാൻ നിശ്ചയിച്ചുകൊണ്ടു ഞാൻ വീട്ടിലെത്തി. വഴിയിലായിരുന്നു ഫ്രാലൃയിയുടെ വീട്ട്. പെട്ടെന്ന് ആരോ എന്നെ വിളിക്കുന്നതു കേട്ടു ഞാൻ മേല്പോട്ടു നോക്കി. മിനിഞ്ഞാന്നു ഞാൻ അശയയെ സന്ദർശിച്ച മുറിയുടെ ജനലിലൂടെ ആ വിധവയുടെ മുഖം പുറത്തു കണ്ടു. അവൾ ഒരു വിരക്തമായ പുഞ്ചിരിയോടുകൂടി എന്നെ കൈകാട്ടി വിളിച്ചു. ഞാൻ തിരിഞ്ഞുപോകാൻ ഭാവിച്ചു. പക്ഷേ, അവൾ എനിക്ക് എന്തോ തരാനുണ്ടെന്നു വിളിച്ചുപറഞ്ഞു. ഈ വാക്കുകൾ എന്നെ പിടിച്ചു നിറുത്തി. ഞാൻ അവളുടെ വീട്ടിനകത്തു പോയി. ആ മുറിയിൽ ചെന്നപ്പോൾ എൻെറ മനസ്സിൽ ഉണ്ടായ വികാരങ്ങൾ എങ്ങനെയാണ വർണ്ണിക്കുക?

ഒരു ചെറിയ കത്തു് എന്നെ കാണിച്ചുകൊണ്ടു വൃദ്ധ പറഞ്ഞു: ''വാസ്തവത്തിൽ ഈ കത്തു് നിങ്ങൾ എൻെറ

യട്ടത്തു സ്വയം വരുമ്പോൾ മാത്രമേ തരേണ്ടിയിരുന്നുള്ളു. എന്നാൽ നിങ്ങളെയോർത്തു് ഞാൻ വിളിച്ചുതരികയാണു്.''

ഞാൻ കത്തു വാങ്ങി. ഒരു ചെറിയ ചീന്തു കടലാസിൽ പെൻസിൽകൊണ്ടു് ഇപ്രകാരം കുറിച്ചിരുന്നു: ''നമുക്കു പിരിയാം. ഇനി ഒരിക്കലും നാം തമ്മിൽ കാണുകയില്ല. ഞാൻ പിണങ്ങിപ്പോവുകയല്ല. എനിക്കിതല്ലാതെ ഒന്നും ചെയ്യുവാനില്ല. ഇന്നലെ ഞാൻ നിങ്ങളുടെ മുമ്പിൽ കരഞ്ഞപ്പോൾ നിങ്ങൾ ഒരു വാക്കു്, വെറും ഒരു വാക്കു്, പറഞ്ഞിരുന്നെങ്കിൽ ഞാൻ നില്ക്കുമായിരുന്നു. നിങ്ങൾ അതു പറഞ്ഞില്ല. അതുകൊണ്ടു് ഇതുതന്നെയാണു നല്ലതെന്നു തെളിയുന്നു. നമുക്കു പിരിയാം. എന്നെന്നേക്കുമായിപ്പിരിയാം.''

''ഒരു വാക്കു്...'' ഹാ ഞാൻ എന്തൊരു ഭ്രാന്തനാണു്. ആ ഒരു വാക്കു്. ഇന്നലെ ഞാൻ അതു് എത്രതവണ കരഞ്ഞുകരഞ്ഞാവർത്തിച്ചു! ഞാൻ അതു വായുവിൽ പറപ്പിച്ചു. ഞാൻ അതു ശൂന്യസ്ഥലങ്ങളിൽ ഉരുവിട്ടു. പക്ഷേ, അവളോടു പറഞ്ഞില്ല, ഞാൻ അവളെ സ്നേഹിക്കുന്നുവെന്നു് അവളോടു പറഞ്ഞില്ല. ആ സമയത്തു് ആ വാക്കു പറയുവാൻ എൻെറ വായ് തുറന്നില്ല. ഞാൻ ആ കൊലമുറിയിൽവെച്ചു് അവളെക്കണ്ടപ്പോൾ എനിക്കു പ്രേമത്തെപ്പററി വ്യക്തമായ വിവരമുണ്ടായിരുന്നില്ല. അതു് ആ സമയത്തു് എന്നിൽ ഉദയം ചെയ്തിരുന്നില്ല. ഞാൻ അവളുടെ സഹോദരൻെറയടുത്തു് ആ അസുഖകരമായ, വേദനനിറഞ്ഞ നിസ്തബ്ധതയിൽ ഇരിക്കുകയായിരുന്നു. ഇതു വേദന തടുക്കാൻവയ്യാത്ത ശക്തിയോടുകൂടി അല്പസമയങ്ങൾക്കുശേഷം മാത്രമാണു്, ഒരാപത്തിനെ ഭയന്നു് അവളെ അന്വേഷിച്ചു വിളിച്ചുകൊണ്ടുനടന്ന

സമയത്തു മാത്രമാണു്, എൻെറ ഹൃദയത്തിൽ ഉദയംകൊണ്ടതു്. പക്ഷേ, അപ്പോൾ സമയം കഴിഞ്ഞിരുന്നു. ആളുകൾ പറയും ഇതസാദ്ധ്യമാണെന്നു്. ഇതു സാദ്ധ്യമോ അസാദ്ധ്യമോയെന്നു് എനിക്കു പറയാനാവില്ല. എന്നാൽ ഇത്രമാത്രമറിയാം, ഇതു സത്യമാണു്. അശയയുടെ സ്വഭാവത്തിൽ കളങ്കത്തിൻെറ നിഴലെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, അവൾക്കു് അവഗണനം പററിയിട്ടില്ലായിരുന്നുവെങ്കിൽ, അവൾ ഒരിക്കലും ഇങ്ങനെ പോവുകയില്ലായിരുന്നു. മററു പെൺകുട്ടികൾ സഹിക്കുമായിരുന്നതു് അവൾക്കു സഹിക്കുവാൻ കഴിഞ്ഞില്ല. ഇതെനിക്കാദ്യം മനസ്സിലായില്ല. അവസാനമായി ആ ഇരുട്ടുമുറിയിൽവച്ചു് ഞാൻ ഗാഗിനെക്കണ്ടപ്പോഴും എൻെറ ദുർഭാഗ്യം വായിൽ തഴതിട്ടിരുന്നു. ഇങ്ങനെ ആ അവസാനനിമിഷത്തിലെങ്കിലും എനിക്കു പിടികൂടാമായിരുന്ന വൈക്കോലിഴ കൈയിൽനിന്നു വഴുതിപ്പോയി.

ഞാൻ അന്നുതന്നെ കെട്ടും ഭാണ്ഡവും മുറുക്കി തിരിച്ചുവന്നു കൊളോണിലേക്കു പുറപ്പെട്ടു. ബോട്ടു പോയ സമയം ഇപ്പോഴും എനിക്കോർമ്മയുണ്ടു്. ഞാൻ ജീവിതത്തിലൊരിക്കലും മറക്കാത്ത തെരുവുകളും പ്രദേശങ്ങളും എല്ലാം വിട്ടുപിരിയുകയായിരുന്നു. ഞാൻ മദനിയെക്കണ്ടു. അവൾ പുഴവക്കത്തു് ഒരു ബെഞ്ചിന്മേൽ ഇരിക്കയായിരുന്നു. അവളുടെ മുഖം മങ്ങിയിരുന്നു. എന്നാൽ അത്ര വിഷണ്ണമായിരുന്നില്ല. ഒരു സുന്ദരനായ ചെറുപ്പക്കാരൻ അടുത്തുനിന്നു ചിരിച്ചുകൊണ്ടു് എന്തോ സംസാരിച്ചിരുന്നു. റൈനിൻെറ മറുകരയിൽ എൻെറ കൊച്ചു മഡോണ വൃക്ഷങ്ങളുടെ തിങ്ങിയിരുണ്ട തണലിൽ അതേപ്രകാരം വിഷാദത്തോടുകൂടി എൻെറനേരെ നോക്കിക്കൊണ്ടിരുന്നു.

കൊളോണിൽ ചെന്നു ഗാഗിനെ അന്വേഷിച്ചപ്പോൾ അവർ അവിടെനിന്നു ലണ്ടനിലേക്കു പോയിരിക്കുന്നതായിട്ടറിഞ്ഞു. ഞാൻ പിന്തുടൻവെങ്കിലും ലണ്ടനിൽ ചെന്നന്വേഷിച്ചതു മുഴവൻ വെറുതെയായി. അനേകദിവസത്തേക്ക് എനിക്കു സമാധാനമുണ്ടായില്ല. വളരെയേറെ നാളുകൾ ഞാൻ അന്വേഷണം തുടൻു. പക്ഷേ, അവസാനം അവരെ കണ്ടുകിട്ടുമെന്ന ആശ തീരെ അസ്തമിച്ചു.

ഞാൻ പിന്നീടൊരിക്കലും അവരെ കണ്ടിട്ടില്ല. ഗാഗിനെസ്സംബന്ധിച്ച ചില ഊഹവാത്തകൾ കിട്ടിയിരുന്നു. എന്നാൽ അവൾ എന്നേക്കുമായി തിരോഭവിച്ചുപോയി. അവൾ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടോ എന്നുതന്നെ എനിക്കറിഞ്ഞുകൂടാ. ഒരിക്കൽ വളരെ കൊല്ലങ്ങൾക്കുശേഷം ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയിൽ വെച്ച് ഒരു സ്ത്രീയുടെ മുഖം കണ്ടു. അതു് ഒരിക്കലും മറക്കാത്ത ആ രൂപത്തെ പെട്ടെന്നോമ്മപ്പെടുത്തി. ഒരു പക്ഷേ, എനിക്കുതെറ്റു പറ്റിയതായിരിക്കാം. എന്റെ ജീവിതത്തിലെ സുഖമയമായ കാലഘട്ടത്തിൽ മനസ്സിലാക്കിയിരുന്നതുമാതിരി, അവസാനത്തെ തവണ ആ ചെറിയ മരക്കസേരയിൽ പുറംചാച്ചിരിക്കുമ്പോൾ കണ്ടതുമാതിരി, ഒരു പെൺകുട്ടിയായിട്ടുതന്നെയാണ് അശയ എപ്പോഴും എൻെറ സ്മരണയിലിരിക്കുന്നതു്.

അവളെക്കുറിച്ചു് അധികദിവസം സങ്കടപ്പെട്ടുകയുണ്ടായില്ലെന്നു ഞാൻ സമ്മതിക്കാം. അവളെ കണ്ടുകിട്ടുവാൻ സാധിക്കാത്തതു നന്നായെന്നും ഞാൻ വിചാരി

ക്കുന്നു. ഇങ്ങനത്തെ ഒരു പത്നിയെയാണു ലഭിച്ചിരുന്നതെങ്കിൽ എനിക്കു സുഖത്തോടെയിരിക്കാൻ കഴിയുമായിരുന്നില്ലെന്ന വിചാരം എൻെറ മനസ്സിൽ സന്തോഷമുളവാക്കി. ഞാൻ അക്കാലത്തു യൗവനത്തിലേക്കു കാലൂന്നുകയായിരുന്നു. ഭാവി—തുച്ഛവും ക്ഷണികവുമായ ഭാവി—എനിക്ക് അതിരററതായിത്തോന്നി! ഞാൻ ചിന്തിച്ചു: "ഇതുതന്നെ വീണ്ടും സംഭവിച്ചതു് കൂടുതൽ നന്നാവുകയില്ലേ? ഇതു് ആദ്യത്തേക്കാൾ അധികം മനോഹരവുമാവുകയില്ലേ..." ഞാൻ വേറെയും സ്ത്രീകളെ കണ്ടിട്ടുണ്ടു്. എന്നാൽ അശയ എന്നിലുയർത്തിയ മോഹനവും ഗംഭീരവുമായ സദ്ഭാവങ്ങൾ പിന്നീടൊരിക്കലും എൻെറ ഹൃദയത്തിലുദിച്ചിട്ടില്ല. ഇല്ല, അത്രമാത്രം പ്രേമപൂൎണ്ണമായ ദൃഷ്ടികളാൽ എൻെറ നേരെ നോക്കാറുള്ള ആ കണ്ണുകളുടെ സ്ഥാനം മറേറതു കണ്ണുകൾക്കും കൈക്കലാക്കുവാൻ സാദ്ധ്യമല്ല. ഇത്രമാത്രം ആനന്ദമയമായ മാധുൎയ്യത്തോടുകൂടി എൻെറ ഹൃദയതന്ത്രികൾ മറെറാരാളുടേയും സ്പൎശത്താൽ പ്രകമ്പിതമായിട്ടില്ല. വീടില്ലാത്ത ഒരു പഥികനെപ്പോലെ ഏകാന്തതയിൽ ഞാൻ വിഷാദപൂൎണ്ണമായ ദിവസങ്ങളും കൊല്ലങ്ങളും കഴിക്കുവാൻ തുടങ്ങി. എന്നാൽ അവളുടെ കൊച്ചു കത്തുകളും ജനലിലൂടെ ഒരിക്കൽ എൻെറ നേക്കെറിഞ്ഞ ആ വാടിയ പുഷ്പവും ഞാൻ ഇപ്പോഴും പരിശുദ്ധമായ സ്മാരകചിഹ്നങ്ങളാക്കി വെച്ചിരിക്കുന്നു. ആ പുഷ്പത്തിൽ ഇപ്പോഴും ഒരു മാദകഗന്ധമുണ്ടു്. എന്നാൽ അതെനിക്കു തന്ന കോമളകരങ്ങൾ, ഒരു തവണമാത്രം എൻെറ ചുണ്ടുകൾ സ്പർശിച്ചിട്ടുള്ള ആ കോമളകരങ്ങൾ, ഏതൊരു ശവകുടീരത്തിനകത്തായിരിക്കും...?

പിന്നെ ഞാൻ...എനിക്കെന്തു പററി? ആ സുഖവും വേദനയും നിറഞ്ഞ ദിവസങ്ങളുടെയും സ്വൎഗ്ഗീയാഭിലാ

ഷങ്ങളുടെയും എന്തൊന്നാണ് എന്റെയടുത്ത് അവശേഷിച്ചിരിക്കുന്നതു്? തുച്ഛമായ ഒരു ചെടിയുടെ നേരിയ മുള മനുഷ്യന്റെ സകല സുഖങ്ങളുടെയും ദുഃഖങ്ങളുടെയും സ്മരണയ്ക്കു ജീവൻ കൊടുക്കുന്നു—മനുഷ്യനുതന്നെയും ജീവൻ കൊടുക്കുന്നു.

★

UNIVERSITY LIBRARY
12 FEB 1975
MADRAS

288570
0142:3M18:15
32K2

MUL
288570

12 DEC 1960
VB
23/3/87